## അല്ലാഹുവിന്റെ വചനം

وَلِلّٰہِ الۡمَشۡرِقُ وَالۡمَغۡرِبُ ٭ فَاَیۡنَمَا تُوَلُّوۡا فَثَمَّ وَجۡہُ اللّٰہِ ؕ اِنَّ اللّٰہَ وَاسِعٌ عَلِیۡمٌ

(سورۃ البقرہ :116)

*വ ലില്ലാഹിൽ മശ്‌രിഖു വൽമഗ്‌രിബു ഫഅയ്നമാ തുവല്ലൂ ഫഥമ്മ വജ്ഹുല്ലാഹി ഇന്നല്ലാഹ വാസിഉൻ അലീം.*

കിഴക്കും പടിഞ്ഞാറും അല്ലാഹുവിന്റേതാകുന്നു. നിങ്ങൾ എവിടെ തിരിഞ്ഞാലും അവിടെ അല്ലാഹുവിന്റെ മുഖമുണ്ട്. നിശ്ചയമായും അല്ലാഹു വിശാലത നല്കുന്നവനും സർവജ്ഞനുമാകുന്നു.(2:116)

بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 3

വാർഷിക വരിസംഖ്യ 300 രൂപ

# ബദർ

വീക്കിലി ഖാദിയാൻ

The weekly BADAR Qadian Malayalam

ലക്കം 11

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2018 മാർച്ച് 15/ഹി:ശം:1397 അമാൻ 15/ഹി:ഖ:1439 ജമാദുൽആഖിർ 26


## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## എന്റെ അടയാളങ്ങൾക്ക് വെറും മുസ്‌ലിംകളല്ല സാക്ഷികൾ. മറിച്ച് ലോകത്ത് എത്രകണ്ട് ജനതതികളുണ്ടോ അവരെല്ലാം എന്റെ അടയാളങ്ങൾക്ക് സാക്ഷിയാണ്. ഫൽഹംദുലില്ലാഹി അലാ ദാലിക്

### സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

**ദൃഷ്ടാന്തം 114:** പ്ലേഗ് പടർന്നു പിടിക്കുന്നതിനെ സംബന്ധിച്ച് എനിക്ക് ഇൽഹാമുണ്ടായി: **അൽഅംറാളു തുശാഉ വന്നുഫൂസു തുളാഉ** അതായത് രോഗങ്ങൾ പടർന്നുപിടിക്കുന്നതായിരിക്കും; ജീവനുകൾ നഷ്ടപ്പെടും. ഇനി ആരുവേണമെങ്കിലും നോക്കിക്കൊള്ളുക. പ്ലേഗ് പടർന്നു പടിക്കുന്നതിനു മുമ്പേ ഞാൻ ഈ ഇൽഹാം അൽഹക്കം പത്രത്തിലും അൽബദ്റിലും പ്രസിദ്ധീകരിച്ചിരുന്നു. അതിനുശേഷം പഞ്ചാബിൽ എത്രത്തോളം ശക്തമായ നിലയിൽ പ്ലേഗുണ്ടായെന്നാൽ, ആയിരക്കണക്കിന് വീടുകൾ മരണം കൊണ്ട് ശൂന്യമായി.

**ദൃഷ്ടാന്തം 115:** സിറാജെ മുനീർ എന്ന ലഘുലേഖയിൽ പ്ലേഗ് വരുന്നതിനെ സംബന്ധിച്ച് ഇങ്ങനെയൊരു പ്രവചനമുണ്ട്. **യാ മസീഹൽ ഖൽഖ് അദ്‌വാനാ.** അതായത് സൃഷ്ടികൾക്കുവേണ്ടി അയക്കപ്പെട്ട മസീഹേ! നമ്മുടെ പ്ലേഗിന്റെ വിവരം അറിഞ്ഞുകൊള്ളുക. അതിനുശേഷം ശക്തമായ പ്ലേഗുണ്ടായി. ആയിരക്കണക്കിന് ദൈവദാസന്മാർ പ്ലേഗിനെ ഭയന്ന് എന്നിലേക്കോടി; അവരുടെ നാവിൽ യാ മസീഹൽ ഖൽഖ് അദ്‌വാന എന്ന വാക്യം ഉണ്ടായിരുന്നതുപോലെ! ഈ പ്രവചനം പുലരുന്നതിനു മുമ്പേ എന്റെ ഗ്രന്ഥമായ സിറാജെ മുനീറിൽ രേഖപ്പെടുത്തിയപ്രകാരം നൂറുക്കണക്കിന് ആളുകൾക്ക് അറിയിക്കപ്പെട്ടിരുന്നു.

**ദൃഷ്ടാന്തം 116:** ഒരു പ്രാവശ്യം സുബ്ഹിനേരത്ത് വഹ്‌യ് അഥവാ ദൈവവെളിപാട് എന്റെ നാവിൽ വരാൻ തുടങ്ങി: അബ്ദുല്ലാഹ് ഖാൻ ഡേറാ ഇസ്മായീൽ ഖാൻ! ഈ പേരിലുള്ള ഒരാൾ ഇന്ന് കുറച്ചു പണം അയക്കുമെന്ന് മനസ്സിലായി. വഹ്‌യുടെ പരമ്പര തുടർന്നുകൊണ്ടിരിക്കുന്നതിനെ നിഷേധിക്കുകയും ദീർഘകാലമായി അത് അവസാനിപ്പിച്ചിരിക്കുകയും ചെയ്യുന്ന ഹിന്ദുക്കളോട് ഈ ദൈവിക വെളിപാട് പറഞ്ഞു. ഞാൻ വിവരിച്ചു: 'ഇന്ന് ഈ രൂപ വന്നില്ലെങ്കിൽ ഞാൻ സത്യവാനല്ല.' അവരിൽ ഇപ്പോൾ ഒരിടത്ത് വില്ലേജ് രജിസ്ട്രറായ ഒരു ഹിന്ദുബ്രാഹ്മണൻ ബിഷൻദാസ്, 'താൻ ഇത് പരീക്ഷിക്കുന്നതാണെന്നും പോസ്റ്റാഫീസിൽ പോകുന്നതാണെന്നും' ശക്തമായ ഭാഷയിൽ പറഞ്ഞു. ആ ദിനങ്ങളിൽ ഖാദിയാനിൽ തപാൽ വന്നിരുന്നത് ഉച്ചകഴിഞ്ഞ് രണ്ടു മണിക്കായിരുന്നു. അയാൾ അതേസമയം പോസ്റ്റാഫീസിൽപോയി. അങ്ങേയറ്റം അത്ഭുതപ്പെട്ടുകൊണ്ട്, യഥാർഥത്തിൽ ഡേറാ ഇസ്മായീൽഖാനിൽ എക്സ്ട്രാ അസിസ്റ്റന്റായ അബ്ദുല്ലാഖാൻ എന്നു പേരുള്ള ഒരാൾ, അദ്ദേഹം കുറച്ച് പണം അയച്ചിരിക്കുന്നു എന്ന മറുപടി കൊണ്ടുവന്നു. ആ ഹിന്ദു അങ്ങേയറ്റം അത്ഭുതത്തോടും വിസ്മയത്തോടുംകൂടി ആവർത്തിച്ചാവർത്തിച്ച്, ഇക്കാര്യം താങ്കളോടു ആരാണ് പറഞ്ഞതെന്ന് എന്നോടു ചോദിച്ചുകൊണ്ടിരുന്നു. അയാളുടെ മുഖത്ത് അത്ഭുതത്തിന്റേയും അമ്പരപ്പിന്റേയും ലക്ഷണങ്ങൾ പ്രകടമായിരുന്നു. അപ്പോൾ ഞാൻ അദ്ദേഹത്തോടു പറഞ്ഞു: 'രഹസ്യങ്ങൾ അറിയുന്നവനാണ് പറഞ്ഞത്. അവൻ തന്നെയാണ് ദൈവം, അവനെയാണ് ഞങ്ങൾ ആരാധിക്കുന്നത്.' കാരണം ഹിന്ദുക്കൾ എപ്പോഴും തന്റെ ശക്തിപ്രഭാവവും ഇസ്‌ലാമിന്റെ സത്യതയുടെ മാതൃകകൾ വെളിപ്പെടുത്തുകയും ചെയ്യുന്ന അല്ലാഹുവിനെ അറിയാത്തവരാണ്. അതുകൊണ്ട് പൊതുവായ നിലയിൽ ഹിന്ദുക്കളുടെ ശീലം ഒന്നാമതായി അല്ലാഹുവിന്റെ അത്ഭുതകരമായ അടയാളങ്ങളെ നിഷേധിക്കുകയും അദൃശ്യമായ രഹസ്യകാര്യങ്ങൾ ഏതെങ്കിലും വ്യക്തിയുടെ കൈയാൽ വെളിപ്പെടുന്നത് കണ്ടാൽ അത്ഭുതത്തിന്റേയും വിസ്മയത്തിന്റേയും നദിയിൽ മുങ്ങിത്താഴുകയും ചെയ്യുന്നു. ഇപ്രകാരമാണ് ലാലശരംപത്തിന്റെ അവസ്ഥയുണ്ടായത്. ഞാൻ മുമ്പേ എഴുതിക്കഴിഞ്ഞിട്ടുള്ളതുപോലെ അയാളുടെ സഹോദരൻ ബിശംബർദാസും ഖുശ്ഹാൽ എന്നുപേരുള്ള മറ്റൊരാളും ഏതോ കുറ്റത്തിന് തടവിലായി. ശരംപത്ത് പരീക്ഷിക്കുന്നതിനുവേണ്ടി– വിശ്വാസം കൊണ്ടല്ല ഈ കേസിന്റെ അവസാനം എന്തായിരിക്കുമെന്ന് അന്വേഷിച്ചു. ദുആയ്ക്കും അപേക്ഷിച്ചു. അപ്പോൾ ഞാൻ പല ദിനങ്ങളിലും അയാൾക്കുവേണ്ടി ദുആ ചെയ്തുകൊണ്ടിരുന്നു. അവസാനം അദൃശ്യനായ അല്ലാഹു രാത്രിനേരത്ത് ഈ രഹസ്യകാര്യം എന്നിൽ തുറന്നു. ഞാനെന്റെ ജാഗ്രാവസ്ഥയിൽ കണ്ടതും അയാളുടെ പകുതി തടവ് ഞാൻ സ്വയം എന്റെ കൈകൊണ്ട് വെട്ടിക്കളഞ്ഞതും പോലെ കേസിന്റെ അവസാനം ബിശംപർദാസിന്റെ പകുതി തടവ് ഇളവു ചെയ്യപ്പെടുന്നതാണ്; എന്നാൽ, ഖുശ്ഹാൽ മുഴുവൻ തടവും അനുഭവിക്കേണ്ടിവരുമെന്ന് എന്നിൽ വെളിവാക്കപ്പെട്ടു; ഒരു ദിവസംപോലും ഇളവ് ലഭിക്കുകയില്ല. ബിശംബർദാസിന്റെ പകുതി തടവ് ഇളവ് ചെയ്യപ്പെടുന്നത് ദുആയുടെ ഫലത്താലായിരിക്കും. എന്നാൽ രണ്ടുപേരിൽ ആരും മോചിതരാകുകയില്ല. തീർച്ചയായും കേസിന്റെ പകർപ്പ് ജില്ലയിൽ തിരിച്ചുവരും; അതിന്റെ പര്യവസാനം വിവരിക്കപ്പെട്ടതുപോലെയായിരിക്കും. ഈ എല്ലാ കാര്യങ്ങളും പൂർത്തിയായപ്പോൾ ശരംപത്ത് അത്ഭുതത്തിൽ പതിച്ചതും നമ്മുടെ ദൈവത്തിന്റെ ശക്തിപ്രഭാവങ്ങൾ അയാളെ അത്ഭുതപരതന്ത്രനാക്കിയതും, ഈ എല്ലാ കാര്യങ്ങളും താങ്കളുടെ സൽപ്രകൃതി കാരണത്താലാണ് പൂർത്തിയായതെന്ന് എനിക്ക് കത്തെഴുതിയതും എനിക്കോർമയുണ്ട്. അഹോ കഷ്ടം! അയാൾ എന്നിട്ടും ഇസ്‌ലാമിന്റെ പ്രകാശത്തിൽനിന്ന് ഒരു ഫലവുമെടുത്തില്ല. ഇപ്പോൾ അയാൾ ആര്യമതക്കാരനാണ്. സന്മാർഗം ഒരു ഭാഗത്തുനില്ക്കട്ടെ, അവർ സത്യമായ സാക്ഷ്യം പറയുമെന്നുപോലും എനിക്ക് പ്രതീക്ഷയില്ല. ബാഹ്യമായി നോക്കുമ്പോൾ സത്യതയെ പിന്തുണയ്ക്കുകയാണ് വേണ്ടത്. എന്നാൽ, അതനുസരിച്ച് കർമമില്ല. അത്തരം സാക്ഷിയെക്കൊണ്ട് അതായത് ശരംപത്തിനെക്കൊണ്ട് തങ്ങളുടെ മക്കളുടെ തലയിൽ കൈവെച്ച് സത്യം ചെയ്യാൻ പറഞ്ഞാൽ തീർച്ചയായും സത്യം പറയുമെന്ന് ഞാൻ ദൃഢമായും വിശ്വസിക്കുന്നു. കാരണം കളവ് പറഞ്ഞാൽ കുട്ടികളെ ബാധിക്കുമെന്നാണ് അവർ വിശ്വസിക്കുന്നത്. എന്റെ പല പ്രവചനങ്ങളുടേയും സാക്ഷ്യങ്ങൾ അയാളുടെ പക്കലുണ്ട്. രക്ഷപ്പെടുന്നതിനുവേണ്ടി അതിന് ഓർമയില്ലെന്ന് അയാൾ പറയാൻ സാധ്യതയുണ്ട്. എന്നാൽ, സത്യം ചെയ്യിക്കുന്നതുകൊണ്ട് അത് ഓർമവരുന്നതാണ്. കളവ് പറയുകയാണെങ്കിൽ തീർച്ചയായും ഓർത്തുകൊള്ളുക. എന്റെ ദൈവം അയാളെ ശിക്ഷിക്കുന്നതാണ്. ഇങ്ങനേയും ഒരു അടയാളം വെളിപ്പെടുന്നതായിരിക്കും. പുലർന്ന 9 അടയാളങ്ങൾക്ക് അയാൾ സാക്ഷിയാണ്. ഞാൻ അല്ലാഹുവിന് നന്ദി പറയുന്നു. എന്റെ അടയാളങ്ങൾക്ക് വെറും മുസ്‌ലിംകളല്ല സാക്ഷികൾ. മറിച്ച് ലോകത്ത് എത്രകണ്ട് ജനതകളുണ്ടോ അവരെല്ലാം എന്റെ അടയാളങ്ങൾക്ക് സാക്ഷിയാണ്.

(ശേഷം പേജ് 9ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# 2017 യൂ കെ ജൽസ സാലാനയുടെ അവസരത്തിൽ സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ അയ്യദഹുല്ലായുടെ തിരക്കുകൾ

**അഹ്മദിയ്യാ ജമാഅത്ത് മനുഷ്യകുലത്തിന് ഒരു മാതൃകയാണ്.**

**ഹുദൂറിന്റെ മഹത്ത്വം കണക്കുകൂട്ടാൻ പറ്റുകയില്ല.**

**ഹുദൂറുമായി കാണുമ്പോൾ ഒരു ആത്മീയശക്തി പ്രദാനം ചെയ്യപ്പെടുന്നു.**

- "അഹ്മദീ സ്നേഹിതരുമായി ബന്ധപ്പെട്ടപ്പോൾ ഞാനാദ്യമായി ഇസ്‌ലാമിക പ്രാർഥനകൾ ചൊല്ലി. ഇസ്‌ലാമിന്റെ അടിത്തറ സ്നേഹത്തിലും ശാന്തിയിലുമാണ്. അഹ്ദികളുമായി ബന്ധമുണ്ടായതിൽ ഞങ്ങൾ സന്തോഷിക്കുന്നു. ഞങ്ങൾ അഹ്മദികളിൽ വെറും സ്നേഹവും പ്രീതിയുമാണ് കണ്ടത്. ഞങ്ങളെ ഇവിടെ പരിഗണിച്ചത് ഞങ്ങൾക്ക് പറയാൻ കഴിയുകയില്ല. ഞങ്ങൾ അമേരിക്കയിൽപോയി അഹ്മദിയ്യാ ഖിലാഫത്തിനെ കുറിച്ച് ജനങ്ങളോട് പറയുന്നതാണ്. ഞങ്ങളിൽ ചിലർ അഹ്മദി മുസ്‌ലീംകൾ ആകുമെന്നാണ് ഞങ്ങൾക്കു തോന്നുന്നത്. ഹുദൂർ തികച്ചും ഋജുവായതും ശുദ്ധമായതുമായ കാര്യം പറയുന്നു. വളരെ മൃദുലഹൃദയനും ദയാലുവുമാണ്. ഹുദൂർ അമേരിക്കയിൽ വരണമെന്നതും അവിടെ വന്ന് ഞങ്ങൾക്ക് മാർഗദർശനം നൽകണമെന്നുള്ളതും ബുദ്ധമതക്കാരെ കാണണമെന്നതും ഞങ്ങളുടെ ആഗ്രഹമാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം വർത്തമാനകാലത്തെ മഹാനായ മതനേതാവാണ്." (ബുദ്ധിസ്റ്റ് സംഘടനയായ CSSന്റെ സ്ഥാപകനേതാവും പ്രസിഡന്റും)
- "അഹ്മദിയ്യാ ജമാഅത്തിന്റെ ആതിഥ്യമര്യാദയിൽ ഞാൻ വളരെയേറെ ആകൃഷ്ടനാണ്. മനുഷ്യാവകാശങ്ങൾക്കുവേണ്ടി പ്രത്യേകിച്ചും പ്രകൃതി ദുരന്തങ്ങൾ ഉണ്ടാകുന്ന അവസരങ്ങൾ അഹ്മദിയ്യാ ജമാഅത്തിന്റെ ശ്രമങ്ങൾ ശ്ലാഘനീയമാണ്. വിജ്ഞാനരംഗത്ത് അഹ്മദിയ്യാ ജമാഅത്തിന്റെ സേവനങ്ങൾ സ്തുത്യർഹമാണ്." (സംഘത്തിലെ ഒരംഗം Naoka Nakajima)
- "എപ്രകാരം സന്നദ്ധസേവകർ ഞങ്ങൾക്ക് ചെയ്ത സേവനവും ഞങ്ങളുടെ ഓരോ ആവശ്യവും ശ്രദ്ധിച്ചതും അതിശ്രേഷ്ഠവും ആകർഷണീയവുമായിരുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമുമായുള്ള കൂടിക്കാഴ്ച എല്ലാറ്റിനുമുപരിയായിരുന്നു. ഞാൻ കണ്ടിട്ടുള്ള മതനേതാക്കൻമാരിൽവച്ച് അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം വളരെ നല്ല സ്നേഹിതനും മൃദുലഹൃദയനുമാണ്." (സംഘത്തിലെ ഒരു മെംബർ Minh Tam Nelson)
- "ഞാൻ അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന് പ്രത്യേക നന്ദി രേഖപ്പെടുത്തുന്നു. അദ്ദേഹം തന്റെ വിലപ്പെട്ട സമയം ഞങ്ങൾക്കു തന്നു. നിസ്സംശയം അഹ്മദിയ്യാ ജമാഅത്തിന്റെ ഖലീഫ മൃദുലഹൃദയനും വിനീതനും വിശുദ്ധമനുഷ്യനുമാണ്." (സംഘത്തിലെ Wen Wah chew സാഹിബ്.)

**ജൽസയിൽ പങ്കെടുത്ത അമേരിക്കയിലെ ബുദ്ധമതത്തിന്റെ ആദരണീയ അതിഥികളുടെ വിശ്വാസവർധനവിനുതകുന്ന പ്രതികരണങ്ങൾ.**

ജമൈക്കാർക്കു മാത്രമല്ല, മറിച്ച് നമ്മുടെ പദ്ധതികൾ മുഴുലോകത്തിനും വേണ്ടിയുള്ളതാണ്. ഇസ്‌ലാമിന്റെ സമാധാനനിർഭരമായ അധ്യാപനങ്ങളെ ലോകമെങ്ങും വ്യാപിപ്പിക്കുകയെന്നുള്ളതാണ് നമ്മുടെ മിഷൻ.

**കൂടിക്കാഴ്ചാവേളയിൽ അതിഥികളോട് ഹുദൂറിന്റെ മഹത്തായ അഭിപ്രായപ്രകടനം**

ലോകത്തിലെ വിവിധ രാഷ്ട്രങ്ങളിൽനിന്ന് ജൽസയിൽ പങ്കെടുക്കാനെത്തിയ സംഘങ്ങളുമായി ഹദ്റത്ത് അമീറുൽമുഅ്മിനീന്റെ കൂടിക്കാഴ്ചകൾ.

(റിപ്പോർട്ട്: അബ്ദുൽമാജിദ് ത്വാഹിർ, അഡീഷണൽ വക്കീലുത്തബ്ശീർ ലണ്ടൻ)

*(തുടർച്ച) (ഭാഗം 3).*

**2017 ജൂലായ് 31 (തിങ്കളാഴ്ച)**

ഇന്ന് പരിപാടിയനുസരിച്ച് കബാബീർ (ഫലസ്തീൻ), ഗാംബിയാ(Gambia), ഹെയ്റ്റി.(Haiti), ഫിലിപ്പീൻസ്(Philippines), ക്രൊയേഷ്യ (Croatia) സൈപ്രസ് (Cyprus), ഇന്തൊനീഷ്യ (Indonesia), നേപ്പാൾ (Nepal), അമേരിക്ക, ഹംഗറി, സൗത്ത് കൊറിയ തുടങ്ങിയ രാജ്യങ്ങളിൽനിന്നുള്ള അതിഥികളുടേയും സംഘങ്ങളുടേയും ഖലീഫത്തുൽ മസീഹുമായിട്ടുള്ള കൂടിക്കാഴ്ചയായിരുന്നു. ഈ കൂടിക്കാഴ്ചാപരിപാടി രാവിലെ 11.10ന് ആരംഭിച്ചു.

**കബാബീർ സംഘവുമായുള്ള കൂടിക്കാഴ്ച**

കബാബീർ (ഫലസ്തീൻ)ൽനിന്ന് സ്ത്രീകളും പുരുഷന്മാരും ഉൾപ്പെടെ 57 പേരടങ്ങുന്ന സംഘമാണ് ജൽസയിൽ പങ്കെടുത്തത്. ഇവർക്ക് കൂടിക്കാഴ്ചയ്ക്കുള്ള ഏർപ്പാടു ചെയ്തിരുന്നത് മഹ്മൂദ് ഹാളിലായിരുന്നു. ഹുദൂർ പ്രതിനിധികളോടു വിശേഷങ്ങൾ അന്വേഷിച്ചു. ജൽസയെ കുറിച്ചും ചോദിക്കുകയുണ്ടായി.

☆ ഒരു സ്ത്രീ പറഞ്ഞു: 'ഞാൻ രണ്ടാംതവണയാണ് ജൽസയിൽ പങ്കെടുക്കുന്നത്. ജൽസയിൽ പങ്കെടുത്ത് ഞങ്ങളെല്ലാവരും സന്തോഷത്തിലാണ്. ജൽസയുടെ ഒരുക്കങ്ങളെല്ലാം വളരെ നന്നായിരുന്നു.' അവർ പറഞ്ഞു: 'ഞങ്ങളുടെ കുടുംബത്തിൽ ഒരേയൊരു അഹ്മദിയെ ഉള്ളൂ. മറ്റുള്ളവർ ഭയപ്പെടുകയാണ്. അവർക്കും അഹ്മദിയ്യത്ത് സ്വീകരിക്കാൻ തൗഫീഖ് കിട്ടുന്നതിനുവേണ്ടി ദുആ ചെയ്യാൻ അപേക്ഷിക്കുകയാണ്.' ഹുദൂർ പറഞ്ഞു: 'അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ.'

☆ ഒരു സ്ത്രീ പറഞ്ഞു: 'ഹുദൂറിന്റെ പ്രഭാഷണങ്ങൾ ഞങ്ങൾക്കൊരു പുതുവെളിച്ചം തന്നിരിക്കുന്നു. എല്ലാ പ്രഭാഷണങ്ങളും വളരെ നന്നായിരുന്നു. ഞങ്ങൾ ഒരുപാട് പഠിക്കുകയും ഞങ്ങളുടെ അറിവിൽ വർധന ഉണ്ടാകുകയും ചെയ്തിരിക്കുന്നു.'

☆ ഒരു അംഗം പറഞ്ഞു: 'ജൽസാസാലാനയിൽ മഴയുമുണ്ടായി. അതിനെന്തെങ്കിലും പ്രത്യേക കാരണമുണ്ടാകും.' ഹുദൂർ പറഞ്ഞു: 'മഴ, അനുഗ്രഹത്തിനും കാരുണ്യത്തിനും നിമിത്തമാകുന്നു. മഴയുണ്ടായിട്ടും ജൽസയുടെ എല്ലാ പരിപാടികളും പൂർണമായി. ഒരിടത്തും മഴ തടസമായില്ല.'

☆ ഒരു അംഗം അറേബ്യൻ രാജ്യങ്ങളിലെ വർത്തമാനകാല സംഭവവികാസങ്ങളേയും പരസ്പരമുള്ള കലാപങ്ങളേയും നാശത്തേയും കുറിച്ച് പറഞ്ഞു. ഈ കലാപം എങ്ങനെയാണ് അവസാനിക്കുക എന്ന് ചോദിച്ചു. ഹുദൂർ പറഞ്ഞു: 'വാസ്തവത്തിൽ ഈ കലാപങ്ങളിൽ ഉപയോഗിക്കപ്പെടുന്ന ആയുധങ്ങൾ വിൽക്കുന്നത് ദജ്ജാലീശക്തികളാണ്. അവർക്ക് കേവലം പണമാണ് ആവശ്യം. ഇത് സംബന്ധമായി ബുദ്ധിപൂർവ്വം പ്രവർത്തിക്കാൻ മുസ്‌ലിംകൾക്ക് പറഞ്ഞു മനസ്സിലാക്കിക്കൊടുക്കുക. അവർ സ്വന്തം കൈകൾകൊണ്ട് തങ്ങളെ നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ദജ്ജാലിൽനിന്ന് രക്ഷപ്പെടണമെന്ന് നബി(സ)തിരുമേനി ഉപദേശിച്ചിരുന്നു. ഇക്കാലഘട്ടത്തിലെ ഇമാമായ മസീഹു മൗഊദിനെ വിശ്വസിക്കുകയാണെങ്കിൽ ദജ്ജാലിന്റെ ഫിത്നകളിൽനിന്ന് രക്ഷപ്പെടുന്നതാണ്. കാലത്തിന്റെ ഇമാമിനെ വിശ്വസിക്കാത്ത കാരണത്താലാണ് ദജ്ജാലിന്റെ മടിയിൽ വീണുകൊണ്ടിരിക്കുന്നത്.'

☆ ഹുദൂർ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ (കബാബീർ) ഖാഇദിനെ സംബോധന ചെയ്തുകൊണ്ട് പറഞ്ഞു: 'കബാബീറിലെ ജൽസ പരിപാടികളിലും ജോലികളിലും യുവാക്കൾ involve

(ശേഷം പേജ് 10ൽ)




"അല്ലാഹുവിന് പങ്കുകാരെ ചേർക്കൽ കൊടുംപാപമാകുന്നു." (ബുഖാരി)

**ജൽസസാലാന ഖാദിയാൻ 2018**
**എല്ലാ ജമാഅത്തംഗങ്ങൾക്കും ആശംസകളോടെ......**

**എം. അബ്ദുൽ വഹാബ് (Business)**
അങ്ങാടിക്കട ബ്രാന്റ്, ടൗൺ മസ്ജിദിനു സമീപം,
പത്തനാപുരം– 689 695. Phone: 9744653179.

# ഖുത്‌ബ ജുമുഅ

**ജമാഅത്തിന്റെ ഏതൊരു സേവകനേയും കൂറോടുകൂടി വഖ്ഫ് നിറവേറ്റുകയും ഖിലാഫത്തിനോട് അനുസരണം പുലർത്തുകയും ചെയ്ത വ്യക്തിയെ കുറിച്ചാണോ ഞാൻ പറയാനാഗ്രഹിക്കുന്നത്, അദ്ദേഹത്തിന്റെ ജനാസ ഗാഇബും ഇപ്പോൾ നമസ്കരിപ്പിക്കുന്നതാണ്. അദ്ദേഹത്തെ കുറിച്ച് ജനങ്ങൾ അയച്ച ധാരാളം അഭിപ്രായങ്ങൾത്തന്നെ വളരെ വിഷമിച്ചേ വിവരിക്കാൻ കഴിയുകയുള്ളു. അവയിൽനിന്ന് അഞ്ചിലൊന്നായിരിക്കും ഞാൻ എടുത്തിട്ടുണ്ടാകുക. എടുത്തതുതന്നെയും വിവരിക്കാൻ കഴിയുമോ എന്നറിയില്ല. ഈ സംഭവങ്ങൾ സ്വന്തമായ നിലയിൽ, തന്നെ വഖ്ഫ് ചെയ്യുകയും സേവനമനുഷ്ഠിക്കുകയും ചെയ്യുന്ന ഓരോ ആൾക്കും അതുപോലെതന്നെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കുടുംബാംഗങ്ങൾക്കും ഭാരവാഹികൾക്കും ജമാഅത്തംഗങ്ങൾക്കും പലവിധത്തിലും മാർഗദർശനം നല്കുന്നതും അനുധാവനാർഹവുമാണ്.**

**ഹദ്റത്ത് സാഹിബ് സാദ മിർസാ അസീസ് അഹ്മദ് സാഹിബ്(റ)ന്റെ മകൻ**
**സാഹിബ് സാദ മിർസാ ഗുലാം അഹ്മദ് സാഹിബിന്റെ വേർപാട്**

**മിർസാ ഗുലാം അഹ്മദ് സാഹിബ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പൗത്രനായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മൂത്ത മകൻ ഹദ്റത്ത് മിർസാ സുൽത്വാൻ അഹ്മദ് സാഹിബിന്റെ പൗത്രനായിരുന്നു. ഹദ്റത്ത് മിർസാ അസീസ് അഹ്മദ് സാഹിബ്(റ)ന്റെ മകനായിരുന്നു. ഹദ്റത്ത് മീർമുഹമ്മദ് ഇസ്ഹാഖ് സാഹിബിന്റെ ദൗഹിത്രനായിരുന്നു. എന്റെ സഹോദരീ ഭർത്താവായിരുന്നു.**

**യഥാർഥത്തിൽ ഈ ബന്ധങ്ങളെ എടുത്ത് പറയാവുന്നതാക്കുന്നത് അദ്ദേഹത്തിന്റെ സവിശേഷ ഗുണങ്ങളാണ്. അത് ഞാൻ വിവരിക്കുന്നതായിരിക്കും. സാഹിബ് സാദ മിർസാ ഗുലാം അഹ്മദ് സാഹിബിന്റെ സവിശേഷഗുണങ്ങളെ കുറിച്ചുള്ള ചർച്ചയും ജനാസ ഗാഇബും.**

**അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടി തങ്ങളുടെ ജീവിതം നയിക്കാൻ ശ്രമിക്കുന്നവർ ഭാഗ്യവാന്മാരാണ്. അല്ലാഹു അദ്ദേഹത്തിന്റെ ദർജകൾ ഉയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ നന്മകൾ ചെയ്യാനും അദ്ദേഹത്തിന്റെ മക്കൾക്ക് ആ നന്മകളിൽ നിലകൊള്ളാനും അല്ലാഹു തൗഫീഖ് നല്കുമാറാകട്ടെ. ഏതുരീതിയിലാണോ കൂറോടുകൂടി അദ്ദേഹം തന്റെ വഖ്ഫിനെ നിറവേറ്റിയത് തന്നിൽ അർപിക്കപ്പെട്ട സേവനങ്ങൾ നിറവേറ്റിയത് അതേപോലെ മറ്റു വാഖ്ഫീനെ സിന്ദഗിക്കും ഭാരവാഹികൾക്കും നിറവേറ്റാൻ തൗഫീഖ് നല്കുമാറാകട്ടെ. അല്ലാഹു ജമാഅത്തിന് ഭാവിയിലും നല്ലവരും സാത്വികരും കൂറോടുകൂടി സേവനം ചെയ്യുന്നവരുമായ ഉദ്യോഗസ്ഥരെ ലഭ്യമാക്കുമാറാകട്ടെ.**

**ദേപാനൗ ഫർഖ് ഹൂദ് സാഹിബയുടെ വഫാത്തും പരേതയെ കുറിച്ചുള്ള അനുസ്മരണവും ജനാസ ഗാഇബും**

**ഖുത്‌ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**ഖുത്‌ബ ജുമുഅ 2018 ഫെബ്രുവരി 9/ 1397 തബ്‌ലീഗ് 9**
**മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ, ലണ്ടൻ**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ-
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ- الرَّحْمٰنِ الرَّحِيْمِ- مٰلِكِ يَوْمِ الدِّيْنِ- إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ-
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ- صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-

ഹദ്റത്ത് ആയിശാ(റ)യിൽനിന്ന് നിവേദനം: 'ഏതു മയ്യിത്തിന്റെ ജനാസയാണോ നൂറു മുസ്‌ലിം നമസ്കരിക്കുകയും എല്ലാവരും അയാൾക്കു പൊറുത്തുകൊടുക്കുന്നതിൽ ശിപാർശ ചെയ്യുകയും ചെയ്യുന്നത് അവരുടെ ശിപാർശ സ്വീകരിക്കപ്പെടുന്നതാണ്.'(സ്വഹീഹ് മുസ്‌ലിം, കിതാബുൽ ജനാഇസ് ബാബ് മൻ സ്വല്ല അലയ്ഹി ഹദീഥ് 2198)

മറ്റൊരു നിവേദനവുമുണ്ട്; ഒരു ജനാസ കൊണ്ടുപോകുമ്പോൾ ആളുകൾ അയാളെ സ്തുതിച്ചു പറയാൻ തുടങ്ങി. അപ്പോൾ നബി(സ) തിരുമേനി പറഞ്ഞു: 'അയാൾക്ക് ജന്നത്ത് നിർബന്ധമായിരിക്കുന്നു.'(സ്വഹീഹുൽ ബുഖാരി കിതാബുൽ ജനാഇസ് ബാബ് ഥനാ അലൽ മയ്യിത്തി ഹദീഥ് 1367)

ഇന്ന് രണ്ടു ജനാസ നമസ്കരിപ്പിക്കേണ്ടതുണ്ടെന്നും അതുകൊണ്ട് ജനാസകളേയും മയ്യിത്ത് സംസ്കരണ വസ്തുക്കൾ ഒരുക്കുന്നതിനേയും മറയടക്കുന്നതിനേയും സംബന്ധിച്ച് മറ്റു ചില ഹദീഥുകളും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉദ്ധരണികളും കർമ ശാസ്ത്രപരമായ കാര്യങ്ങളും പറയണമെന്നുമാണ് ഞാൻ വിചാരിച്ചിരുന്നത്; തുടർന്ന് പരേതാത്മാക്കളെ കുറിച്ച് പ്രതിപാദിക്കുകയും ചെയ്യാമെന്നും കരുതി. എന്നാൽ, ഇന്ന് അതനുസരിച്ച് ഹദീഥുകളും ഈ വിഷയമനുസരിച്ചുള്ള ഹദീഥുകളും ഉദ്ധരണികളും വിവരിക്കുക എന്നത് സംഭാവ്യമല്ല. കാരണം ജമാഅത്തിന്റെ ഏതൊരു സേവകനേയും കൂറോടുകൂടി വഖ്ഫ് നിറവേറ്റുകയും ഖിലാഫത്തിനോട് അനുസരണം പുലർത്തുകയും ചെയ്ത വ്യക്തിയെ കുറിച്ചാണോ ഞാൻ പറയാനാഗ്രഹിക്കുന്നത്, അദ്ദേഹത്തിന്റെ ജനാസ ഗാഇബും ഇപ്പോൾ നമസ്കരിപ്പിക്കുന്നതാണ്. അദ്ദേഹത്തെ കുറിച്ച് ജനങ്ങൾ അയച്ച ധാരാളം അഭിപ്രായങ്ങൾത്തന്നെ വളരെ വിഷമിച്ചേ വിവരിക്കാൻ കഴുയുകയുള്ളു. അവയിൽനിന്ന് അഞ്ചിലൊന്നായിരിക്കും ഞാൻ എടുത്തിട്ടുണ്ടാകുക. എടുത്തതുതന്നെയും വിവരിക്കാൻ കഴിയുമോ എന്നറിയില്ല. ഈ സംഭവങ്ങൾ സ്വന്തമായ നിലയിൽത്തന്നെ വഖ്ഫ് ചെയ്യുകയും സേവനമനുഷ്ഠിക്കുകയും ചെയ്യുന്ന ഓരോ ആൾക്കും അതുപോലെതന്നെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കുടുംബാംഗങ്ങൾക്കും ഭാരവാഹികൾക്കും ജമാഅത്തംഗങ്ങൾക്കും പലവിധത്തിലും മാർഗദർശനം നല്കുന്നതും അനുധാവനാർഹവുമാണ്.

നിങ്ങൾ അറിയുന്നതുപോലെ കഴിഞ്ഞ ദിവസം ഹദ്റത്ത് സാഹിബ് സാദ മിർസാ അസീസ് അഹ്മദ് സാഹിബ്(റ)ന്റെ മകൻ സാഹിബ് സാദാ മിർസാ ഗുലാം അഹ്മദ് സാഹിബ് വഫാത്തായി. 78 വയസ്സായിരുന്നു. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. പെട്ടെന്നുണ്ടായ ഹൃദയസ്തംഭനം മൂലമാണ് അദ്ദേഹത്തിന്റെ വിയോഗമുണ്ടായത്. കുറേ കാലമായി അദ്ദേഹത്തിന് ഹൃദയസംബന്ധമായ ബുദ്ധിമുട്ടുണ്ടായിരുന്നു. പക്ഷേ, ഹൃദയാഘാതമുണ്ടായി. ഇക്കാരണത്താൽ വീട്ടിൽത്തന്നെ ക്ഷണത്തിൽ മരണം സംഭവിച്ചു.

മിർസാ ഗുലാം അഹ്മദ് സാഹിബ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രപൗത്രനായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മൂത്ത മകൻ ഹദ്റത്ത് മിർസാ സുൽത്വാൻ അഹ്മദ് സാഹിബിന്റെ പൗത്രനായിരുന്നു. ഹദ്റത്ത് മിർസാ അസീസ് അഹ്മദ് സാഹിബ്(റ)ന്റെ മകനായിരുന്നു. ഹദ്റത്ത് മീർ മുഹമ്മദ് ഇസ്ഹാഖ് സാഹിബിന്റെ(റ) ദൗഹിത്രനായിരുന്നു. എന്റെ സഹോദരീ ഭർത്താവായിരുന്നു. അദ്ദേഹത്തിന്റെ മാതാവ് സാഹിബ് സാദി നസ്വീറ ബീഗം സാഹിബ ഹദ്റത്ത് മീർ മുഹമ്മദ് ഇസ്ഹാഖ് സാഹിബിന്റെ മൂത്ത മകളായിരുന്നു. ഈ ബന്ധങ്ങളൊന്നും അത്രമാത്രം എടുത്ത് പറയേണ്ടുന്നതല്ല. യഥാർഥത്തിൽ ഈ ബന്ധങ്ങളെ എടുത്ത് പറയാവുന്നതാക്കുന്നത് അദ്ദേഹത്തിന്റെ സവിശേഷഗുണങ്ങളാണ്. അത് ഞാൻ വിവരിക്കുന്നതായിരിക്കും.

ദീനീ സേവകനായിരുന്നു. വഖ്ഫെ സിന്ദഗി(അല്ലാഹുവിന്റെ വഴിയിൽ ജീവിതം അർപിച്ച വ്യക്തി)യായിരുന്നു. ഈ ദിനങ്ങളിൽ ക്ഷീണമുണ്ടായിട്ടും രോഗമുണ്ടായിട്ടും അദ്ദേഹത്തിന്റെ മൂത്ത സഹോദരൻ വഫാത്തായിരുന്നിട്ടും അത് അദ്ദേഹത്തെ ബാധിച്ചിരുന്നിട്ടും ഞാൻ അദ്ദേഹത്തെ "നാളിർ അഅ്‌ലാ" ആയി നിയമിച്ചപ്പോൾ എല്ലാ നിർബന്ധ കടമകളും വളരെ സന്തോഷത്തോടെ നിർവഹിച്ചു. ഓഫീസിൽ വന്നിരുന്നു. ഇപ്രകാരംതന്നെ പരിപാടികളിൽ പങ്കെടുത്തിരുന്നു. ഒരു ദിവസംമുമ്പേ മദ്റസത്തുൽഹിഫ്ളിന്റെ ഫംഗ്ഷനുണ്ടായിരുന്നു. വിജയികളായ ഹാഫിളുമാർക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്യേണ്ടതുണ്ടായിരുന്നു. അവിടേയും പങ്കെടുത്തു. വൈകുന്നേരം ഖുദ്ദാമുൽ അഹ്മദിയ്യായുടെ പരിപാടിയിലും പങ്കെടുത്തു. വഫാത്താകുന്ന ദിവസവും രാവിലെ പല ആളുകളുടേയും വീട്ടിൽപോയി. രോഗികളെ സന്ദർശിച്ചു. ഇപ്രകാരംതന്നെ അഞ്ചുനേരവും മസ്ജിദ് മുബാറക്കിൽവന്ന് നമസ്കരിച്ചു. വഖ്ഫെ സിന്ദഗി എന്ന നിലയിൽ 1962–ലാണ് അദ്ദേഹത്തിന്റെ ജീവിതത്തിന്റെ തുടക്കം. അദ്ദേഹം എം.എ.പൊളിറ്റിക്കൽ സയൻസ് ചെയ്തത് ഗവൺമെന്റു കോളേജ് ലാഹോറിൽ നിന്നാണ്. പിന്നീട് അദ്ദേഹം പബ്ലിക് സർവീസ് കമ്മീഷന്റെ CCSന്റെ പരീക്ഷകൊടുത്തു. അതിൽ വിജയിച്ചു. ഉയർന്ന നിലയിൽ പാസായി എന്നു മാത്രമല്ല "താൻ പരീക്ഷ എഴുതിയത്, ഇതു വലിയ പ്രയാസമുള്ള പരീക്ഷയാണെന്നും വിജയിക്കാൻ വളരെ ബുദ്ധിമുട്ടാണെന്നും ആളുകൾ പറയുന്നു. ഇങ്ങനെയുള്ള പരീക്ഷ പാസായതിനുശേഷം വഖ്ഫ് ചെയ്താൽ പണിയൊന്നും കിട്ടാത്തതുകൊണ്ടാണ് വഖ്ഫ് ചെയ്ത് ഇവിടെവന്നതെന്ന് ആളുകൾ പറയുകയില്ലല്ലോ" എന്ന് എന്നോടു

അദ്ദേഹം പറഞ്ഞിട്ടുണ്ട്. ഇങ്ങനെ വിജയിച്ചിട്ടും സർക്കാർ ഉദ്യോഗം ചെയ്തില്ല. പബ്ലിക് സർവീസ് കമ്മീഷനിൽ പോയതുമില്ല. ജീവിതം വഖ്ഫ് ചെയ്തു. ഞാൻ പറഞ്ഞതുപോലെ 1962ൽ അദ്ദേഹം ജീവിതം വഖ്ഫ് ചെയ്തു. തുടർന്ന് അദ്ദേഹത്തെ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനീ(റ) റിവ്യൂ ഓഫ് റിലീജ്യൺ റബ്വയുടെ മാനേജിംഗ് എഡിറ്ററായി സേവനം ഏല്പിച്ചു. അതിനോടൊപ്പം നീ കരസ്ഥമാക്കിയ ഭൗതിക വിദ്യാഭ്യാസത്തോടൊപ്പം മതപരമായ വിദ്യാഭ്യാസവും കരസ്ഥമാക്കുകയെന്ന് ഖലീഫത്തുൽ മസീഹ് ഥാനീ(റ) പറഞ്ഞു. അങ്ങനെ ഹദ്റത്ത് സയ്യിദ് മീർ ദാവൂദ് അഹ്മദ് സാഹിബിൽനിന്ന് ഹദീഥും ദീനീപരമായ അറിവുകളും കരസ്ഥമാക്കി. മീർ ദാവൂദ് അഹ്മദ് സാഹിബ് റിവ്യൂ ഓഫ് റിലീജ്യണിന്റെ എഡിറ്ററായിരുന്നു. ബന്ധത്തിൽ അദ്ദേഹത്തിന്റെ മാതുലനുമായിരുന്നു. അദ്ദേഹത്തിന്റെ ആദ്യത്തെ പേര് മിർസാ സഈദ് അഹ്മദ് എന്നായിരുന്നു. പിന്നീട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) അദ്ദേഹത്തിന്റെ പേര് മിർസാ അഹ്മദ് എന്നുവച്ചു. അദ്ദേഹത്തിന്റെ മാതാവ് പറഞ്ഞതനുസരിച്ച് അവർ സീറത്തുൽ മഹ്ദിയിൽ എന്തോ സംഭവം വായിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പേര് മിർസാ സഈദ് അഹ്മദ് വെക്കരുതെന്ന് അവർ വിചാരിച്ചിരുന്നു. മിർസാ സഈദ് അഹ്മദ് അദ്ദേഹത്തിന്റെ ആദ്യ മാതാവിൽനിന്നുള്ള അദ്ദേഹത്തിന്റെ സഹോദരനായിരുന്നു. അദ്ദേഹം യുവത്വത്തിൽ വഫാത്തായി. ഇവിടെ യു.കെ.യിൽവന്നും പഠിച്ചുകൊണ്ടിരുന്നു. മിർസാ മുദഫ്ഫർ അഹ്മദ് തുടങ്ങിയവരുടെ ക്ലാസ്ഫെല്ലോ ആയിരുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)നോടു അവർ ഇങ്ങനേയും പറഞ്ഞു: പേരുമാറ്റിയാൽ ഹദ്റത്ത് മിർസാ അസീസ് അഹ്മദ് സാഹിബിന് വിഷമമുണ്ടാകും. അദ്ദേഗത്തിനും തൃപ്തി വരണം. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറഞ്ഞു. അദ്ദേഹത്തിന്റെ പിതാവിനും വിഷമമുണ്ടാകാത്ത തരത്തിലുള്ള പേര് നാം ഇടുന്നതാണ്. ഇക്കാരണത്താൽ അവിടന്ന് മിർസാ ഗുലാം അഹ്മദ് എന്ന് പേരിട്ടു. അതിനോടൊപ്പം ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറഞ്ഞു: നാം അവനെ അഹ്മദ് എന്നായിരിക്കും വിളിക്കുക. കാരണം ഹദ്റത്ത് മസീഹ് മൗഊദ്(അ)വഫാത്തായിട്ട് അധിക കാലമായിട്ടില്ല. ആ സ്ഥിതിയ്ക്ക് ഗുലാം അഹ്മദ് എന്ന് വിളിക്കുന്നത് എനിക്ക് വളരെ പ്രയാസമായിരിക്കും.1964–ൽ എന്റെ സഹോദരിയുമായി അദ്ദേഹത്തിന്റെ നിക്കാഹ് നടന്നു. മൗലാനാ ജലാലുദ്ദീൻ സാഹിബ് ശംസായിരുന്നു നിക്കാഹ് ഖുത്ബ നിർവഹിച്ചത്. ആ ദിനങ്ങളിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനിയ്ക്ക് സുഖമില്ലായിരുന്നു. അദ്ദേഹത്തിന് മൂന്നു ആൺമക്കളും രണ്ടു പെൺമക്കളുമുണ്ട്. രണ്ടു ആൺമക്കൾ വഖ്ഫെ സിന്ദഗിയാണ്. മിർസാ ഫള്ൽ അഹ്മദ് നാളിർ തഅ്‌ലീമാണ് റബ്വയിൽ. മിർസാ നാസിർ ഇനാം ഇവിടെ യു.കെ യിലെ ജാമിഅ പ്രിൻസിപ്പാളാണ്. മിർസാ ഇഹ്സാൻ അഹ്മദ് അമേരിക്കയിലാണ്. ഭൗതിക ജോലിയാണെങ്കിലും അവിടെ ജമാഅത്തിൽ സേവനം ചെയ്തുവരുന്നു. നാഷണൽ മജ്‌ലിസെ ആമിലായിൽ സെക്രട്ടറിമാലാണ്. ഇപ്രകാരംതന്നെ അഫ്സർ ജൽസാ ഗാഹുമാണ്. അദ്ദേഹത്തിന്റെ ഒരുമകൾ അമത്തുൽവലി സുബ്ദയാണ്. രണ്ടാമത്തേത് അമത്തുൽ അലി സുഹ്റയാണ്. ഇവർ മീർ മസ്ഊദ് അഹ്മദ് സാഹിബിന്റെ മകൻ മീർ മഹ്മൂദ് അഹ്മദ് സാഹിബിന്റെ ഭാര്യയാണ്. അദ്ദേഹവും വഖ്ഫെ സിന്ദഗിയാണ്. ഇപ്പോൾ നാളിർ സിഹ്ഹത്താണ്.

മിർസാ ഗുലാം അഹ്മദ് സാഹിബിന്റെ സേവനങ്ങളെകുറിച്ചു പറയുമ്പോൾ, അദ്ദേഹം നാളിർ തഅ്‌ലീം എന്ന നിലയിൽ ജോലിചെയ്തു. അഡീഷണൽ നാളിർ ഇസ്‌ലാഹ് വ ഇൻശാദ് എന്ന നിലയിൽ വർഷങ്ങളോളം ജോലിചെയ്തു. നാളിർ ദീവാൻ എന്ന നിലയിൽ ജോലിചെയ്തു. നാളിർ അഅ്‌ലാ ആകുന്നതുവരെ നാളിർ ദീവാൻ എന്ന നിലയിൽ പ്രവൃത്തിച്ചു. ഇത് 1996 മുതൽ 2018 വരെയായിരുന്നു. പിന്നീട് 2012 മുതൽ 2018–വരെ സ്വദ്ർ മജ്‌ലിസ് കാർപർദാസായിരുന്നു. പിന്നീട് മിർസാ ഖുർശീദ് അഹ്മദ് സാഹിബ് വഫാത്തായതിനുശേഷം അദ്ദേഹത്തെ ഞാൻ നാളിർ അഅ്‌ലായും അമീർ മഖാമിയും അഞ്ചുമൻ അഹ്മദിയ്യായുടെ സ്വദ്റുമാക്കി. ഇതിനുമുമ്പേ ഖിലാഫത്തെ റാബിആയിലും പല പ്രാവശ്യവും അദ്ദേഹത്തിന് ഖാഇം മഖാം നാളിർ അഅ്‌ലായും ഖാഇം മഖാം അമീർ മഖാമിയും ആകാൻ തൗഫീഖ് കിട്ടിയിട്ടുണ്ട്. ഇപ്രകാരം തന്നെ മജ്‌ലിസ് വഖ്ഫെ ജദീദിന്റെ അംഗമായിരുന്നു. 2016 മുതൽ 2018–വരെ മജ്‌ലിസ് വഖ്ഫെ ജദീദിന്റെ സ്വദ്റുമായിരുന്നു. അൻസ്വാറുല്ലായിൽ ആമിലായിലുമുണ്ടായിരുന്നു. വിവിധ കമ്മിറ്റികൾ അദ്ദേഹത്തിന്റെ ചുമതലയിലായിരുന്നു. നാഇബ് സ്വദ്ർ സഫ്ഫെ ദോമും ആയിട്ടുണ്ട്. പിന്നീട് നാഇബ് സ്വദ്റായി. തുടർന്ന് 2004 മുതൽ 2009വരെ സ്വദ്ർ അൻസ്വാറുല്ലാ പാക്കിസ്താൻ എന്ന നിലയിൽ പ്രവൃത്തിക്കാൻ സൗഭാഗ്യംകിട്ടി. ഖുദ്ദാമുൽ അഹമദിയ്യായിൽ മുഹത്തമിം എന്ന നിലയിൽ ജോലിചെയ്തു. വിവിധ വർഷങ്ങളിൽ വീണ്ടും നാഇബ് സ്വദ്ർ ഖുദ്ദാമുൽ അഹ്മദിയ്യാ മർക്കസിയ ആയിരുന്നു. അതിനുശേഷം സ്വദ്ർ ഖുദ്ദാമുൽ അഹ്മദിയ്യാ മർക്കസിയ്യായുമായിരുന്നു; 75 മുതൽ 79 വരെ. മീർ ദാവൂദ് അഹ്മദ് സാഹിബിനുശേഷം റിവ്യൂ ഓഫ് റിലീജ്യൻസിന്റെ പത്രാധിപരുമായിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥിന്റെ പ്രൈവറ്റ് സെക്രട്ടറി എന്ന നിലയിലും സേവനം ചെയ്തു. ഖിലാഫത്ത് ലൈബ്രറി കമ്മിറ്റിയുടെ സ്വദ്ർ ആയിരുന്നു. റബ്വ ബൈയൂത്തുൽ ഹംദ് സൊസൈറ്റിയുടെ സ്വദ്ർ ആയിരുന്നു. ഫള്ലെ ഉമർ ഫൗണ്ടേഷന്റെ ഡയറക്ടർ ആയിരുന്നു. ഇതുപോലെതന്നെ ജൽസ സാലാനയിൽ അദ്ദേഹത്തിന് നിരവധി വർഷം സേവനം ചെയ്യാൻ തൗഫീഖ് കിട്ടി. ഡ്യൂട്ടികൾ ചെയ്തുകൊണ്ടിരുന്നു. റബ്വയിൽ ജൽസ ഉണ്ടായിരുന്നപ്പോഴെല്ലാം നാഇബ് അഫ്സർ ജൽസാസാലാന എന്ന നിലയിലും നാളിം മഹ്നത്ത് എന്ന നിലയിലും പ്രവർത്തിച്ചു. നാളിം മഹ്നത്തിന്റെ ജോലി വളരെ പ്രയാസമുള്ളതായിരുന്നു. അനഹ്മദികളായ തൊഴിലാളികളുമായും ബന്ധപ്പെടേണ്ടിവന്നിരുന്നു. എന്തെങ്കിലും ചിലപ്പോൾ പറഞ്ഞാൽ റൊട്ടിയുണ്ടാക്കുന്നവർ അനുസരിക്കുമായിരുന്നില്ല. അവരെ ശരിയായ നിലയിൽ നിയന്ത്രിച്ച് ജോലി എടുപ്പിക്കുക എന്നത് ദുഷ്കരമായിരുന്നു. അല്ലാഹുവിന്റെ കൃപയാൽ അദ്ദേഹത്തിന് ഈ സേവനം വളരെ നല്ലനിലയിൽ ചെയ്യാൻ തൗഫീഖ് കിട്ടി. തബറുക്കാത്ത് കമ്മിറ്റിയുടെ സ്വദ്ർ ആയിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബാക്കളുടെ രിവായാത്ത് രജിസ്റ്റർ കമ്മറ്റിയുടെ അംഗമായിരുന്നു. മജ്‌ലിസ് ഇഫ്തായിലെ അംഗമായിരുന്നു. താരീഖെ അഹ്മദിയ്യത്ത് കമ്മിറ്റിയിലെ അംഗമായിരുന്നു. ഖിലാഫത്ത് കമ്മിറ്റി സെക്രട്ടറിയായിരുന്നു. അശ്ശിർക്കത്തുൽ ഇസ്‌ലാമിയ്യായുടെ നിഗ്രാൻ മാനേജിംഗ് ഡയറക്ടറുമായിരുന്നു. നാളിറത്തിന്റെ ധാരാളം ജോലികളോടൊപ്പം ഈ കമ്മിറ്റികളും അദ്ദേഹത്തിന്റെ ചുമതലയിലായിരുന്നു. 1989ൽ ഇദ്ദേഹത്തിനും മിർസാ ഖുർശീദ് അഹ്മദ് സാഹിബിനും അഞ്ചുമന്റെ രണ്ടു ഉദ്യോഗസ്ഥന്മാർക്കും 298ഇ അനുസരിച്ച് അല്ലാഹുവിന്റെ വഴിയിൽ തടവിൽ കഴിയാനും ഭാഗ്യം കിട്ടി.

2010 മെയ് 28–ന് ലാഹോറിൽ ധാരാളം ശഹാദത്തുകൾ ഉണ്ടായപ്പോൾ ലാഹോർ ജമാഅത്തിനെ സമാധാനിപ്പിക്കുന്നതിനും ശുഹദാക്കളേയും അവരുടെ കുടുംബങ്ങളേയും രോഗികളേയും കാണുന്നതിനും നാളിർ അഅ്‌ലാ സാഹിബ് അയച്ച സംഘത്തിന്റെ അമീർ മിർസാ ഗുലാം അഹ്മദ് സാഹിബ് ആയിരുന്നു. ശുഹദാക്കളെ ആശുപത്രിയിലേക്ക് കൊണ്ടുപോയിക്കൊണ്ടിരിക്കുമ്പോൾ ഇവർ ലാഹോറിലെത്തി. ഏകദേശം അടുത്ത രണ്ടാഴ്ച്ച അദ്ദേഹം ലാഹോറിൽത്തന്നെ താമസിച്ചു. ലാഹോറിലെ എല്ലാ പ്രവർത്തനങ്ങൾക്കും അദ്ദേഹം നേരിട്ട് മേൽനോട്ടം വഹിച്ചു. ദാറുദിക്റിൽ ഈ സംഘംപോയി. വലിയ വിവേകത്തോടും കഠിനാധ്വാനത്തോടുംകൂടി അദ്ദേഹം എല്ലാ ജോലിയും ചെയ്തു. പരിക്കേറ്റവരെ ചികിത്സിക്കുന്നതിനും മേൽനോട്ടം വഹിച്ചു. ശുഹദാക്കളുടെ കുടുംബക്കാരുടെ വീടുകളിലും പോയി. ദാറുദിക്റിൽ അന്നേദിവസംതന്നെ ആമില മീറ്റിംഗ് വിളിച്ചു. അവിടെ പുതിയ അമീറിനെ പ്രഖ്യാപിക്കുകയും മഗ്‌രിബ് ഇശാ നമസ്കാരം അദ്ദേഹം നമസ്കരിപ്പിക്കുകയും ചെയ്തു. സംഭവത്തിനുശേഷം മസ്ജിദ് ശൂന്യമായി കിടക്കാൻ പാടില്ല, ജനങ്ങൾക്ക് ധൈര്യമുണ്ടാകുന്നതിനും രോഗികളുടെ വിവരങ്ങൾ അറിയുന്നതിനുംവേണ്ടി ഇദ്ദേഹം ആശുപത്രിയിൽ പോയപ്പോൾ, ഗവർണർ സൽമാൻ തഅ്ഥീർ സാഹിബ് അവിടെ വന്നിരുന്നു. അദ്ദേഹം അനുശോചനം അറിയിച്ചു. മിർസാ ഗുലാം അഹ്മദ് സാഹിബ് അദ്ദേഹത്തിന്റെ ശ്രദ്ധ മാറ്റിക്കൊണ്ടുപറഞ്ഞു: ഈ ആക്രമണമുണ്ടായത് അഹ്മദിയ്യ ജമാഅത്തിന്നെതിരിൽ പ്രകോപനപരമായ കാര്യങ്ങൾ പരസ്യപ്പെടുത്തിക്കൊണ്ടിരുന്നതാണ്. ഗവർണർ എന്ന നിലയിൽ താങ്കളുടെ നിർബന്ധ കടമയാണ് ഇത് ശ്രദ്ധിക്കുക എന്നത്. ഇപ്രകാരംതന്നെ ന്യൂനപക്ഷകാര്യവകുപ്പുമന്ത്രി ജാവേദ് മൈക്കിൾ സാഹിബും അനുശോചനമറിയിക്കാൻ വന്നിരുന്നു. ഇവിടേയും അദ്ദേഹം വലിയ ധൈര്യത്തോടെ മന്ത്രിയോട് പറഞ്ഞു: "താങ്കൾ അനുശോചനമറിയിക്കാൻ വന്നതാണ്. അതിൽ ഞങ്ങൾ നന്ദി അറിയിക്കുന്നു. പക്ഷേ, ഒരു കാര്യം താങ്കൾ മനസ്സിലാക്കേണ്ടതുണ്ട്. ഞങ്ങൾ ഞങ്ങളെ സ്വയം ന്യൂനപക്ഷമായി അംഗീകരിക്കുന്നില്ല. ഞങ്ങൾ മുസ്‌ലിംകളാണ്." അപ്പോൾ മന്ത്രി പറഞ്ഞു: "യഥാർഥത്തിൽ ഞാൻ മനുഷ്യാവകാശ വകുപ്പ് മന്ത്രിയാണ്. ഇതിന്റെ അടിസ്ഥാനത്തിലുമാണ് ഞാൻ വന്നത്." അഹ്മദ് സാഹിബ് അദ്ദേഹത്തോടു പറഞ്ഞു: "ക്യാബിനറ്റിൽ താങ്കൾ ശബ്ദമുയർത്തണം. ജമാഅത്തിന്നെതിരിലുള്ള നടപടികൾ സർക്കാർ അവിടെ നടപ്പിലാക്കേണ്ടതാണ്." എന്തായാലും അദ്ദേഹത്തിന്റെ നിർബന്ധ കാര്യത്തിലേക്ക് ശ്രദ്ധ കൊണ്ടുവന്നുവെന്നേയുള്ളൂ. യഥാർഥത്തിൽ നമ്മുടെ ദൃഷ്ടി എപ്പോഴും അല്ലാഹുവിൽതന്നെയാണ്. അവൻതന്നെയാണ്

## ഇർശാദെ നബവി(സ):-

**"നമസ്കാരം അതിന്റെ നിശ്ചിതസമയത്ത് നിർവഹിക്കലാകുന്നു അല്ലാഹുവിന് ഏറ്റവും ഇഷ്ടപ്പെട്ട കർമം."**
**(ബുഖാരി, മുസ്‌ലിം)**

### ത്വാലിബെ ദുആ:
**മുഹമ്മദ് സ്വഫ്‌വാനും കുടുംബവും, എറണാകുളം ജില്ലാ ഖായിദ് (കേരള)**

## ഇർശാദെ നബവി(സ):-

**"നിന്റെ ഏറ്റവും നല്ല സഹവാസത്തിന് കടമപ്പെട്ടത് നിന്റെ മാതാവാകുന്നു; അതുകഴിഞ്ഞാൽ നിന്റെ പിതാവ്"**
**(ബുഖാരി, മുസ്‌ലിം)**

### ത്വാലിബെ ദുആ:
**ഖാഇദ് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ആലപ്പുഴ(കേരള)**

ഈ അവസ്ഥകൾ ശരിയാക്കിത്തരേണ്ടത്. ഇൻശാ അല്ലാഹ് മെയ് 29നും 30നും ഇവിടെ പത്രസമ്മേളനവും അദ്ദേഹം നടത്തി. ജൂൺ 2-ലെ എക്സ്പ്രസ് ന്യൂസിന്റെ തൽസമയപരിപാടിയായ 'പോയന്റ് ബ്ലാക്കിൽ' രാത്രി 11 മണി മുതൽ 12 മണിവരെ അദ്ദേഹം പങ്കെടുത്തു. വോയിസ് നാഷണൽ ടി.വിയും ബി.ബി.സിയും മറ്റു സർവീസായ വോയിസ് ഓഫ് അമേരിക്കയ്ക്കും സഹാറ ടി.വി ചാനൽ 5നും ദുൻയാ ടിവി തുടങ്ങിയവയ്ക്കും ഇന്റർവ്യൂ നല്കി. ഈ സംഘം ജൂൺ 12-വരെ അവിടെ താമസിച്ചു. പിന്നീട് തിരിച്ചുവന്നു. അതിൽ വളരെ വ്യക്തമായും അദ്ദേഹം അവരോടു പറഞ്ഞു: 'ഞങ്ങൾ മുസ്ലിംകളാണ്. ഞങ്ങൾ മുസ്ലിംകളാണെന്നത് ഞങ്ങളിൽനിന്ന് തട്ടിപ്പറിച്ചെടുക്കാൻ ആർക്കും സാധ്യമല്ല.'

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് തന്റെ ഖുത്ബയിൽ താൻ കണ്ട ഒരു സ്വപ്നം കേൾപിച്ചിരുന്നു. അതിൽ ഖലീഫത്തുൽ മസീഹ് റാബിഅ് പറഞ്ഞു: 'എന്റെ തിരക്കുകൾ വർധിപ്പിക്കുന്നതിനെ കുറിച്ച് ഞാൻ ചിന്തിക്കുകയായിരുന്നു. രാത്രിയിൽ മിയാൻ അഹ്മദിനെ സ്വപ്നത്തിൽ കണ്ടു. അതായത് മിർസാ ഗുലാം അഹ്മദ് സാഹിബിനെ! അദ്ദേഹം വളരെ നല്ല അഭിപ്രായങ്ങൾ പറയുമായിരുന്നു.' ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) പറയുന്നു: 'വിശുദ്ധ ഖുർആനിനെ സംബന്ധിച്ചും അദ്ദേഹത്തിന്റെ അഭിപ്രായം, തഫ്സീറേ സ്വഗീറിന്റെ പിന്നിൽ നോട്ടുകൾ എഴുതുന്നതിനു പകരം സ്വന്തം പുതിയ തർജമ എഴുതുക എന്നായിരുന്നു.' ഖലീഫത്തുൽ മസീഹ് റാബിഅ് പറയുന്നു: 'അൽഹംദുലില്ലാഹ്! അല്ലാഹു ഈ തർജമ ചെയ്യാൻ ഭാഗ്യം നല്കി. ഒരുപാടു പ്രശ്നങ്ങൾ അതിൽ പരിഹരിക്കപ്പെട്ടു.' സുദീർഘമായ സ്വപ്നമായിരുന്നു അത്. വിവാഹങ്ങളെ സംബന്ധിച്ചും യുവാക്കളുടെ തൊഴിലുകളെ സംബന്ധിച്ചും മിയാൻ അഹ്മദ് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്നോടു പറഞ്ഞു; അതിലെല്ലാം സഹായിക്കുമെന്നും പറഞ്ഞു. (ഖുത്ബ ജുമുഅ 15-12-2000)

ഒരു കത്തിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് അദ്ദേഹത്തിന്നെഴുതി; 'അസീസം അഹ്മദ് സല്ലമഹുല്ലാഹ് അസ്സലാമു അലയ്ക്കും! താങ്കളുടെ പ്രയാസങ്ങൾ അറിയിച്ചുകൊണ്ടുള്ള കത്തുകിട്ടി. ഞാൻ താങ്കൾക്കുവേണ്ടി വിനയത്തോടെ ദുആ ചെയ്യുന്നു. താങ്കളുടെ പ്രകൃതിയിൽ അല്ലാഹു സത്യസന്ധതയും സൗഭാഗ്യവും വെച്ചിരിക്കുന്നു. ഈ രണ്ടു സവിശേഷ ഗുണങ്ങളുള്ള മനുഷ്യനെ അല്ലാഹു ഒരിക്കലും നഷ്ടപ്പെടുത്തിക്കളയുകയില്ല. അല്ലാഹു താങ്കൾക്ക് തുടരെത്തുടരെ ആത്മീയാഭിവൃദ്ധികൾ നല്കുമാറാകട്ടെ. മനഃശ്ശാന്തിയുടെ സ്വർഗം നല്കുമാറാകട്ടെ.'

ഇപ്രകാരംതന്നെ മറ്റൊരുകത്തിൽ അവിടന്ന് പറഞ്ഞു: 'എന്റെ ദുആയിൽ ഞാൻ ഓർക്കുന്നു. നിങ്ങളെല്ലാവരുടേയും അവകാശവുമാണത്. ദീനീ സേവനത്തിലും എന്റെ സുൽത്വാനുന്നസീറാണ്. അല്ലാഹു എപ്പോഴും അവന്റെ അഭയത്തിൽ വെക്കുമാറാകട്ടെ. ആരോഗ്യത്തോടും സമാധാനത്തോടും വെക്കുമാറാകട്ടെ. ഒരിക്കലും ഒരു വിധത്തിലുള്ള ഏനക്കേടുകളും പ്രയാസങ്ങളും ഉണ്ടാകാതിരിക്കട്ടെ.' പിന്നീടെഴുതി: 'എന്നേയും ദുആകളിൽ ഓർക്കുക. ജനങ്ങൾ എത്രയും വേഗം അഹ്മദിയ്യത്ത് സ്വീകരിക്കണമെന്നത് എന്റെ അതിയായ അഭിലാഷമാണ്.' വീണ്ടും പറഞ്ഞു: 'എം.ടി.എയുടെ ആയുധവും മുഴുലോകത്തും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. എന്റെ ആഗ്രഹങ്ങൾക്ക് കർമപരമായ നിറം നല്കിക്കൊണ്ടിരിക്കുന്നു. പ്രകാശത്തിനുമേൽ പ്രകാശം ഉണ്ടായിരിക്കുന്നതിനുവേണ്ടി നല്ലനല്ല പരിപാടികൾ അയക്കുക. ത്വാഗൂത്തും ശയ്ത്വാനും റമളാനിൽ പൂർണമായും ചങ്ങലയിൽ ഇടപ്പെടുമാറാകട്ടെ.'

അദ്ദേഹത്തിന്റെ ഭാര്യ അമത്തുൽ ഖുദ്ദൂസ് സാഹിബ പറയുന്നു: 'ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനീ(റ) രോഗിയായിരുന്നപ്പോൾ നിത്യവും രാത്രിയിൽ അവിടെപ്പോയി ഡ്യൂട്ടിചെയ്യുമായിരുന്നു. ഇതു വിഭജനത്തിനുമുമ്പേയുള്ള കാര്യമാണ്. ഇതുപോലെതന്നെ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് (റഹ്)യുടെ കാലഘട്ടത്തിലും ഖിലാഫത്തുമായി ആഭേദ്യബന്ധമായിരുന്നു. ഹുദൂർ അദ്ദേഹത്തെ വളരെയധികം വിശ്വസിച്ചിരുന്നു. 1974-ൽ ഒരുപാടു ദിവസം, വളരെയധികം കാലം രാപകൽ അവിടെ താമസിച്ചു. ഇദ്ദേഹത്തിനും മിർസാ ഖുർശിദ് അഹ്മദ് സാഹിബിനും വീട്ടിൽ വരാൻ അനുവാദമുണ്ടായിരുന്നില്ല.'

1973-74ൽ പ്രത്യേക നിലയിലും പിന്നീട് ഖുദ്ദാമുൽ അഹ്മദിയ്യാ സ്വദർ ആയിരുന്നപ്പോഴും ഇദ്ദേഹം ഹുദൂറിനോടൊപ്പം ജോലിചെയ്തിരുന്നു. ദീർഘകാലംവരെ വീട്ടിൽത്തന്നെ വരുമായിരുന്നില്ല. മുമ്പേയും രാവിലെ പോകുകയും രാത്രി പത്തുമണിയോടടുത്ത് വീട്ടിൽ വരികയുമായിരുന്നു പതിവ്. ഒരിക്കൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ്(റഹ്) ഒരു ഇജ്തിമാഇന്റെ അവസരത്തിൽ ഒരു ബഹുമതി നല്കുകയുണ്ടായി. അദ്ദേഹം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥിനോടു പ്രതിജ്ഞ ചൊല്ലികൊടുക്കാൻ അപേക്ഷിച്ചു. ഹുദൂർ പറഞ്ഞു: 'താങ്കൾ ചൊല്ലിക്കൊടുക്കുക.' അതായത് സ്വദർ മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായോടു പറഞ്ഞു പ്രതിജ്ഞ ചൊല്ലിക്കൊടുക്കുക! കല്പന നല്കി അദ്ദേഹത്തെക്കൊണ്ട് ചൊല്ലിപ്പിച്ചു. ഹുദൂർ മറ്റു ഖുദ്ദാമിനെപോലെനിന്ന് പ്രതിജ്ഞ ഏറ്റുപറഞ്ഞു. മിർസാ ഖുർശിദ് അഹ്മദ് സാഹിബ് വഫാത്തായപ്പോൾ ഞാൻ ഇതു പറഞ്ഞിരുന്നതാണ്; അഹ്മദും ഖുർശീദും ഇരുവരും വലിയ കൂറുപുലർത്തുന്നവരാണെന്ന് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) പറഞ്ഞിരുന്നു. എന്റെയും എല്ലാ ഖിലാഫത്തിനോടും കൂറുപുലർത്തുന്നവരാണ്. അദ്ദേഹം എനിക്കെഴുതിയിരുന്നു. ആ നേരത്ത് എന്നോടും നേരിലും പറഞ്ഞു കഴിഞ്ഞിരുന്നതാണ്. അദ്ദേഹത്തിന് മടിയുണ്ടായിരുന്നു. അതുകൊണ്ട് തന്റെ പേരെഴുതിയിരുന്നില്ല. അതുകൊണ്ടു ഞാനും ജുമുആയിൽ അതു പറഞ്ഞിരുന്നില്ല. ഖുർശിദ് അഹ്മദ് സാഹിബിന്റെ പേരുമാത്രമാണ് പറഞ്ഞത്. യഥാർഥത്തിൽ മിർസാ ഗുലാം അഹ്മദ് സാഹിബിനേയും മിർസാ ഖുർശീദ് അഹ്മദ് സാഹിബിനേയും കുറിച്ചാണ് 'ഇവർ എല്ലാ ഖിലാഫത്തിനോടും കൂറുപുലർത്തുന്നവരാണെന്ന്' ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) പറഞ്ഞിരുന്നത്. എന്നോടും കൂറു പുലർത്തിയിരുന്നവരാണ്. ഹുദൂറിന്റെ മോതിരം കളഞ്ഞുപോയപ്പോൾ അത് തിരയാൻ വിളിച്ചത് ഇദ്ദേഹത്തെ ആയിരുന്നു. ആദ്യം ഇദ്ദേഹം പറയാറുണ്ടായിരുന്നു, ഹദ്റത്ത ഖലീഫത്തുൽ മസീഹ് റാബിഅ് ആദ്യം എന്റെ പേരാണ് പറഞ്ഞത്. അഹ്മദ് പിന്നീട് ഖുർശീദ്. ഇവർ രണ്ടുപേരും എന്നോടു കൂറു പുലർത്തുന്നവരിൽപ്പെട്ടവരാണ്. ഓരോ ഖിലാഫത്തിനോടും കൂറുപുലർത്തുന്നവരിൽപ്പെട്ടവരാണ്.

അദ്ദേഹത്തിന്റെ ഭാര്യ പറയുന്നു: 'രാത്രിയിലെ നഫ്ലുകളിൽ വീടുമുഴുവൻ കേൾക്കുംവിധം വിലപിച്ചു ദുആ ചെയ്യുമായിരുന്നു. അതിൽ നബി(സ) തിരുമേനിയ്ക്കു വേണ്ടിയും ഹദ്റത്ത് മസീഹു മൗഊദു(അ)നു വേണ്ടിയും കാലത്തിന്റെ ഖലീഫയ്ക്കുവേണ്ടിയും ജമാഅത്തിനുവേണ്ടിയും മാതാപിതാക്കൾക്കുവേണ്ടിയും സഹോദരീ സഹോദരന്മാർക്കുവേണ്ടിയും ഭാര്യാമക്കൾക്കുവേണ്ടിയും ബന്ധുക്കൾക്കുവേണ്ടിയും ദുആ ചെയ്യുമായിരുന്നു. നഫ്ലുകളിൽ സൂറ ഫാതിഹായിലെ ചില വചനങ്ങൾ ആവർത്തിച്ച് ഓതുമായിരുന്നു.' പറയുന്നു: 'തന്റെ മാതാപിതാക്കളോടും സഹോദരീ സഹോദരന്മാരോടും വളരെയധികം ബന്ധമുണ്ടായിരുന്നു. അനീതി ഉണ്ടായിരുന്നില്ല. തന്റെ വീട്ടുകാരെകൊണ്ട് ഭാര്യയെ ആദരിപ്പിച്ചു. ഭാര്യയുടെ ബന്ധം വീട്ടുകാരുമായി ഉണ്ടാക്കി. അതായത് രണ്ടു ബന്ധങ്ങളിലും ഒരു സമാനത നലനിറുത്തി. ആരെങ്കിലും ചെറുതിൽ ചെറുതായ ഒരു ഉപഹാരമാണ് അദ്ദേഹത്തിന് നല്കിയതെങ്കിലും അതിൽ നന്ദി പ്രകടിപ്പിക്കുമായിരുന്നു. അല്ലെങ്കിൽ അത് ഉപഹാരമെന്ന നിലയിൽ തിരിച്ചുകൊടുക്കുമായിരുന്നു. അല്ലെങ്കിൽ വീട്ടിൽപോയി നന്ദി പറയുമായിരുന്നു. അല്ലെങ്കിൽ കത്തെഴുതി നന്ദി പ്രകടിപ്പിക്കുമായിരുന്നു. ഏതു ജോലി ഏല്പിച്ചാലും അതുചെയ്തു തീർക്കാതെ സ്വസ്ഥതയോടെ ഇരിക്കുകയില്ലെന്നതായിരുന്നു മറ്റൊരു ഗുണം. നല്ല അറിവുമുണ്ടായിരുന്നു. നല്ല ഓർമശക്തിയുമുണ്ടായിരുന്നു. പഴയകാലബന്ധത്തെകുറിച്ച് ഏതെങ്കിലും നിവേദനം ചോദിച്ചാൽ, അത് അദ്ദേഹത്തിന് ഓർമയുണ്ടാകും.'

പറയുന്നു: 'വിനോദയാത്ര എനിക്കു വളരെ ഇഷ്ടമായിരുന്നു. സാമ്പത്തികാവസ്ഥ നല്ലതാണെങ്കിലും വേണ്ടില്ല അല്ലെങ്കിലും വേണ്ടില്ല, ആരോഗ്യം നല്ലതാണെങ്കിലും വേണ്ടില്ല അല്ലെങ്കിലും വേണ്ടില്ല ഭാര്യയോടുള്ള കടമ നിറവേറ്റുന്നതിനു വേണ്ടി വിനോദയാത്രയ്ക്ക് തീർച്ചയായും കൊണ്ടുപോകുമായിരുന്നു.' അദ്ദേഹത്തിന്റെ ഭാര്യ എന്റെ സഹോദരി എഴുതി: 'അബ്ദുർറഹ്മാൻ അൻവർ സാഹിബിന്റെ ഭാര്യ പറയുന്നു: അവർ സ്വപ്നത്തിൽ കണ്ടു; അബ്ദുറഹ്മാൻ അൻവർ സാഹിബ്, അദ്ദേഹത്തിന്റെ മാതാവിന്റെ വീടിന്റെ വാതിൽക്കൽ വളരെ മനോഹരമായ റോസാപ്പൂവിന്റെ രണ്ടുവള്ളികൾ പടർത്തിക്കൊണ്ടിരിക്കുന്നു. അവയിൽ ധാരാളം മനോഹരമായ പുഷ്പങ്ങൾ പിടിച്ചിട്ടുണ്ട്.' അല്ലാഹുവിന്റെ കൃപയാൽ ഈ സ്വപ്നം സത്യമായി പുലർന്നു. അദ്ദേഹത്തിന്റെ ഭാര്യ പറഞ്ഞു: 'എന്തു വരുമാനമുണ്ടായാലും ആദ്യം ചന്ദ കൊടുക്കുമായിരുന്നു. അതിനുശേഷമാണ് അതിൽനിന്ന് ചെലവഴിക്കുക. അദ്ദേഹത്തിനും അദ്ദേഹത്തിന്റെ ഭാര്യയ്ക്കും ഞങ്ങളുടെ മാതാവിൽ നിന്നുള്ള സ്വത്തുകിട്ടിയപ്പോഴും അല്ലെങ്കിൽ പിതാവിൽനിന്നുള്ളത് കിട്ടിയപ്പോൾ ആദ്യം ഹിസ്സ ജാഇദാദ് നല്കുകയുണ്ടായി. എന്തു വരുമാനമുണ്ടായാലും ആദ്യം ഹിസ്സ ജാഇദാദ് നല്കുമായിരുന്നു. താൻ ചന്ദ നല്കിയിട്ടാണ് വരുന്നതെന്ന് പിന്നീട് എന്നോടു പറയുമായിരുന്നു. ഇപ്രകാരം അദ്ദേഹം എന്റെ എല്ലാ സ്വത്തിന്റേയും ഹിസ്സ ജാഇദാദ് കൊടുത്തുകഴിഞ്ഞിരിക്കുന്നു. എനിക്ക് ഒരു ഭാരവും ഉണ്ടായിട്ടുമില്ല. കുട്ടികൾക്കും ആൺമക്കൾക്കും പെൺമക്കൾക്കും വീടുണ്ടാക്കി നല്കി. അദ്ദേഹത്തിന്റെ വസിയ്യത്തും സ്വയംതന്നെ നിറവേറ്റി.'

## ഇർശാദെ നബ്‌വി(സ):-

**"ഉപജീവനത്തിൽ ഐശ്വര്യമുണ്ടാകാനും ദീർഘായുസ്സ് ലഭിക്കാനും വല്ലവനും ആഗ്രഹിക്കുന്നെങ്കിൽ അവൻ തന്റെ കുടുംബബന്ധം പുലർത്തിക്കൊള്ളട്ടെ.'**

**(ബുഖാരി, മുസ്ലിം)**

**ത്വാലിബെ ദുആ:**

**സുനിൽ അഹ്മദ്,അഹ്മദിയ്യാ ജമാഅത്ത്, മാത്ര. (കേരള)**

## ഇർശാദെ നബ്‌വി(സ):-

**"പ്രത്യുപകാരം ചെയ്യുന്നവൻ കുടുംബബന്ധം പുലർത്തുന്നവനല്ല. പക്ഷേ, കുടുംബബന്ധം മുറിക്കപ്പെടുമ്പോൾ അതിനെ നിലനിറുത്തുന്നവനാണ് കുടുംബബന്ധം ചേർക്കുന്നവൻ."**

**(ബുഖാരി)**

**ത്വാലിബെ ദുആ:**

**അഹ്മദിയ്യാ ജമാഅത്തംഗങ്ങൾ, പള്ളൂരുത്തി (കേരള)**

എപ്പോഴും ഈ സഹോദരങ്ങൾ– ഒരുപാടാളുകൾ എനിക്കെഴുതിയിട്ടുണ്ട്. ഞാനും കണ്ടുകൊണ്ടിരുന്നിട്ടുണ്ട് ഒന്നിച്ചുചേരുമായിരുന്നു. ഞങ്ങളുടെ സഹോദരിയും ഇതുതന്നെയാണ് എഴുതുന്നത്. മിർസാ ദാവൂദ് അഹ്മദ് സാഹിബിന്റെ ഭാര്യ പറയാറുണ്ടായിരുന്നു, ‘അഹ്മദും ഖുർശീദും ഒരുമിച്ച് എവിടെയെങ്കിലും പോകുന്നതു കണ്ടാൽ ജമാഅത്തുപരമായ എന്തോ പ്രശ്നമുണ്ടെന്ന് എനിക്കു തോന്നിയിരുന്നു.’ ഓരോ പ്രതിസന്ധികളിലും വലിയ ഉന്മേഷത്തോടും ധൈര്യത്തോടും ഉള്ളറിവോടും വിവേകത്തോടുംകൂടി ജോലി ചെയ്തിരുന്നു. ഖിലാഫത്തിനോടു പൂർണ അനുസരണമായിരുന്നു. ഇവിടെ ജൽസയിൽ വന്നിരുന്നു. നല്ല ക്ഷീണം അദ്ദേഹത്തിനുണ്ടായിരുന്നു. ഞാൻ ഊന്നുവടി ഉപയോഗിക്കാൻ പറഞ്ഞു. ഉടനെതന്നെ ഊന്നുവടി ഉപയോഗിക്കാൻ തുടങ്ങി. ഇപ്പോൾ കല്പന കിട്ടിയിരിക്കുന്നു ഇനി എന്തായാലും ഉപയോഗിക്കേണ്ടിവരുമെന്ന് പറഞ്ഞു. കുറച്ചുവർഷം മുമ്പേ നാളിറുമാർ ജമാഅത്തുകളിൽ പോകാനും ഓരോ വീട്ടിലുംപോയി എന്റെ സലാം എത്തിക്കാനും ഞാൻ പറഞ്ഞിരുന്നു. അദ്ദേഹത്തിനു കിട്ടിയത് സിസ്ഡ് ആയിരുന്നു. അദ്ദേഹത്തിന്റെ ഭാര്യ പറയുന്നു: ‘തിരിച്ചു വന്നപ്പോൾ ഞൊണ്ടി നടക്കുന്നതുകണ്ടു. ഞാൻ ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: ഒരു വീട്ടിലെ ഗോവണിയിൽനിന്ന് വീണു. ഫള്ലെ ഉമർ ആശുപത്രിയിൽ കാണിച്ചപ്പോൾ കാലിലെ ചെറുവിരലിന്റെ എല്ലിൽ പൊട്ടലുണ്ടെന്ന് അറിഞ്ഞു. രണ്ടാമത്തെ കാലിന്റെ ഞെരിയാണിയിലും നിസാരമായ ക്രാക്കും നിസാരമായ പൊട്ടലുമുണ്ടായി.’ പറയുന്നു: ‘നിങ്ങൾക്ക് വേദന ഉണ്ടായിരുന്നില്ലേ എന്ന് ഞാൻ ചോദിച്ചു. പറഞ്ഞു: ‘വേദന തോന്നിയിരുന്നു. കാലത്തിന്റെ ഖലീഫയുടെ സന്ദേശം ഓരോ വീട്ടിലുമെത്തിക്കണമായിരുന്നു. അതുകൊണ്ട് 11 ദിവസവും ഈ ബുദ്ധിമുട്ട് തോന്നിയില്ല. എന്റെ ജോലി ചെയ്തു തീർത്തിട്ടുവന്നു.’ അദ്ദേഹത്തിന്റെ മൂത്ത മകൻ എഴുതുന്നു. ‘ഹദ്റത്ത് ഖലീഫത്തുൽ മസീഹിന്റെ ഹിജ്റത്തിനുശേഷം ഹുദൂറിന്റെ ഖുത്ബയുടെ കാസറ്റ് ഏറ്റവുമാദ്യം വന്നിരുന്നത് അദ്ദേഹത്തിനായിരുന്നു. എല്ലാവരേയും വളരെ ചിട്ടയോടെ അവിടന്ന് സംഘടിപ്പിക്കുകയും ഹുദൂറിന്റെ ഖുത്ബ കേൾപ്പിക്കുകയും ചെയ്യുമായിരുന്നു. പിന്നീട് എം.ടി.എ വന്നതിനു ശേഷവും ഖുത്ബ കേൾക്കുന്നതിനുള്ള പ്രത്യേക സംവിധാനം ഒരുക്കിയിരുന്നു. എല്ലാ വീട്ടുകാരും ഖുത്ബ കേൾക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുമായിരുന്നു. വീട്ടിൽ വേലചെയ്യുന്ന ആളുകൾക്കും അല്ലെങ്കിൽ പുറത്തുള്ള തൊഴിലാളികൾക്കും ഖുത്ബ കേൾക്കാനുള്ള പ്രത്യേക ഏർപാടും ചെയ്തിരുന്നു. ലൗഡ്സ്പീക്കർ ഘടിപ്പിച്ചിരുന്നു. അല്ലെങ്കിൽ ടി.വി.വെച്ചുകൊടുക്കുമായിരുന്നു.’ അദ്ദേഹം ലാഹോറിൽ പോയപ്പോഴുണ്ടായ ഒരു സംഭവം മകൻ എഴുതുന്നു. ‘രാത്രി മിയോ ആശുപത്രിയിൽ പോയപ്പോൾ അവിടെ വൻതിരക്കായിരുന്നു. ആംബുലൻസുകാർ തോന്നുന്നതുപോലെ പൈസ ചോദിച്ചിരുന്നു. അവിടെ അദ്ദേഹം ഉച്ചത്തിൽ വിളംബരം ചെയ്തു! എല്ലാ ഏർപാടുകളും സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യാ ചെയ്യുന്നതായിരിക്കും. എല്ലാവരേയും റബ്വയിൽ അടക്കുന്നതായിരിക്കും. ജനാസയെല്ലാം അവിടെ കൊണ്ടുപോകുന്നതാണ്. ഇൻശാഅല്ലാഹ്! ആരെങ്കിലും ജന്മനാട്ടിൽ കൊണ്ടുപോകാനാഗ്രഹിക്കുന്നെങ്കിൽ അനുവാദമുണ്ട്.’ എന്തായാലും അതുമുഖേന ജനങ്ങൾക്കു ഒരളവോളം സമാധാനം കിട്ടി. മുറിവേറ്റ ഓരോരുത്തരുടേയും വീട്ടിൽപോയി. ശുഹദാക്കളുടെ വീടുകളിൽ പോയി ഭക്ഷണത്തിനുള്ള ഏർപാടു ചെയ്തു. ചില ഏജൻസികൾ അദ്ദേഹത്തിന്റെ പിന്നാലെ കൂടിയിട്ടുണ്ടെന്നും ചിലയാളുകൾ അദ്ദേഹത്തെ പിന്തുടരുന്നുണ്ടെന്നും അദ്ദേഹത്തിന്റെ ജീവന് ഭീഷണിയുണ്ടെന്നുമുള്ള അറിയിപ്പ് കിട്ടിയതിനെ തുടർന്ന് അദ്ദേഹത്തെ തിരിച്ചുവിളിച്ചു. പക്ഷേ, അടുത്ത ജുമുഅ മെയ് 28 വരെ അദ്ദേഹം അവിടെനിന്നു. ജമാഅത്തിലെ ആളുകൾക്ക് ധൈര്യമുണ്ടാകുന്നതിന് അവിടെ ദാറുദ്ദിക്റിൽപോയി നേരിട്ട് ഖുത്ബ നിർവ്വഹിച്ചു. ദരിദ്രരെ വളരെയധികം നോക്കിയിരുന്നു. പഴയ സ്നേഹിതന്മാരെ പ്രത്യേകം ഗൗനിച്ചിരുന്നു. പഠനം പൂർത്തിയാക്കാൻ കഴിയാത്ത ക്ലാസ്ഫെല്ലോകൾ അദ്ദേഹത്തിനുണ്ടായിരുന്നു. അവർക്കുവേണ്ടി അദ്ദേഹം വീടുകളിൽ പെയ്ന്റടിക്കുന്ന ജോലി ആരംഭിച്ചു. അവരെ പ്രത്യേകം ശ്രദ്ധിച്ചു. അവർ മരിച്ചാൽ അവരുടെ കുട്ടികളുടെ കാര്യം ശ്രദ്ധിച്ചു. 1989–ൽ ഇദ്ദേഹം അറസ്റ്റിലാകാനുള്ള കാരണം ഇതായിരുന്നു. ഖുദ്ദാമുൽ അഹ്മദിയ്യായുടെ ഇജ്തിമാ നടക്കുകയായിരുന്നു. മിർസാ ഖുർശീദ് അഹ്മദ് സാഹിബ് നാളിർ ഉമൂറെ ആമ ആയിരുന്നു. അപ്പോൾ അദ്ദേഹം റബ്വയ്ക്ക് വെളിയിലായിരുന്നു ഉണ്ടായിരുന്നത്. ഇദ്ദേഹമായിരുന്നു ആ സ്ഥാനം വഹിച്ചിരുന്നത്. മജിസ്ട്രേറ്റ് ഇദ്ദേഹത്തെ വിളിച്ചു. ഇജ്തിമാ നിറുത്തിവെക്കാൻ കല്പിച്ചു. ഇദ്ദേഹം പറഞ്ഞു. ‘നിങ്ങൾ രേഖാമൂലമാണ് ഞങ്ങൾക്കു അനുവാദം തന്നിട്ടുള്ളത്. ഇജ്തിമാ നിറുത്തിവെക്കാനുള്ള നിർദേശവും രേഖാമൂലം നല്കുക. ഞങ്ങൾ നിറുത്തിവെച്ചുകൊള്ളാം.’ മജിസ്ട്രേട്ട് പറഞ്ഞു: ‘വാക്കാലുള്ള കല്പനയാണ്; നിറുത്തിവെക്കുക!’ അദ്ദേഹം പറഞ്ഞു: ‘വാക്കാലാണെങ്കിൽ ഞങ്ങൾ നിറുത്തിവെക്കുകയില്ല.’ വൈകുന്നേരം മിർസാ ഖുർശിദ് അഹ്മദ് സാഹിബും വന്നു. അദ്ദേഹത്തേയും വിളിപ്പിച്ചു. അദ്ദേഹവും ഇതേ മറുപടിതന്നെ നല്കി. ഇതിന്റെ ഫലമായി ഞാൻ പറഞ്ഞതുപോലെ തടവിൽ കുറച്ചുദിവസം ഇദ്ദേഹം കിടന്നു. ഇദ്ദേഹത്തെ അറസ്റ്റുചെയ്ത് ജയിലിലടച്ചു. ഇദ്ദേഹത്തിന്റെ മകൾ പറയുന്നു: ‘ഖിലാഫത്തിനോടു കൂറുപുലർത്തുന്നവനാകാൻ ഞങ്ങളുടെ അബ്ബാ പൂർണമായും ശ്രമിച്ചു. ഞങ്ങളേയും ഇത് ഉപദേശിച്ചിരുന്നു.’ പറയുന്നു: ‘ഒരിക്കൽ അബ്ബാ എന്നോടു വിലപിച്ച് ദുആ ചെയ്യാൻ പറഞ്ഞു. എന്നല്ല പല ദിവസവും പറഞ്ഞുകൊണ്ടിരുന്നു. എന്താണ് കാര്യമെന്ന് എനിക്കറിയില്ലായിരുന്നു. പക്ഷേ, ഖലീഫത്തുൽ മസീഹിൽനിന്ന് എന്തോ ചെറിയ അനിഷ്ടകരമായ കാര്യം വന്നിട്ടുണ്ടെന്ന് തോന്നി. ഇക്കാരണത്താൽ അബ്ബായുടെ നമസ്കാരങ്ങളിൽ എത്രമാത്രം പിടച്ചിൽ അനുഭവപ്പെട്ടുവെന്നാൽ, അതിന്റെ സ്വാധീനം എന്റെ മനസ്സിലുമുണ്ടായി. എന്റെ അവസ്ഥയും അതുപോലെയായിത്തീർന്നു.’

പിന്നീട് ഖലീഫത്തുൽ മസീഹ് റാബിഅ്ന്റെ ഹിജ്റത്തുണ്ടായപ്പോൾ ഇദ്ദേഹത്തിന്റെ മാതാവ് സാഹിബ് സാദി സയ്യിദ നസ്വീറബീഗം സാഹിബയ്ക്ക് തീരെ സുഖമുണ്ടായിരുന്നില്ല. അവസ്ഥ വളരെ മോശമായിരുന്നു. ഏതൊരു രാത്രിയാണോ ഹിജറത്തുണ്ടായത് അന്ന് രാത്രി ഇദ്ദേഹത്തിന്റെ മാതാവിന്റെ വേർപാടായിരിക്കുമെന്ന് തോന്നിയിരുന്നു. പക്ഷേ, ഇദ്ദേഹം അവിടെ ജമാഅത്തു കാര്യങ്ങളിൽ വ്യാപൃതനായിരുന്നു. ഹിജ്റത്തിന്റെ കാര്യങ്ങളിൽ വ്യാപൃതനായിരുന്നു. അതുകൊണ്ട് മാതാവ് കിടക്കുന്ന മുറിവരെ പോലും പോയില്ല, ജമാഅത്തുപരമായ ജോലികളിൽ മുഴുകി.

ഇപ്രകാരം ഖിലാഫത്തെ ഖാമിസായിലും അതായത് ഞാനുമായും എപ്പോഴും അനുസരണത്തിന്റേയും കൂറിന്റേയും ബന്ധം നിലനിന്നു എന്നല്ല തന്റെ മകൻ ചോദിച്ചപ്പോൾ പറഞ്ഞു: ഖിലാഫത്തിന്റെ സത്യസാക്ഷ്യം അതായത് അഞ്ചാമത്തെ ഖിലാഫത്തിനെ അല്ലാഹു എങ്ങനെയാണ് സഹായിക്കുന്നതെന്ന് നീ കാണുന്നില്ലേ? ഇദ്ദേഹത്തിന്റെ ഒരു മകൻ എഴുതുന്നു: ‘ഞങ്ങളെ നമസ്കാരത്തിന് ഉണർത്താറുണ്ടായിരുന്നു, പൊതുവെ അല്പം കാർക്കശ്യമുണ്ടായിരുന്നു. പക്ഷേ, അവസാന നാളുകളിൽ എത്രമാത്രം വേദനയോടെയാണ് ഉണർത്തിയിരുന്നതെന്നാൽ അതിൽനിന്ന് വാത്സല്യം പ്രകടമായിരുന്നു. തനിക്കും തന്റെ ഭാര്യക്കും വരുന്ന മാതാവിന്റെയും ഖലീഫമാരുടെയും കത്തുകളുടെ കോപ്പികളെടുത്ത് ഫൈലാക്കി ഞങ്ങൾ എല്ലാ മക്കളേയും ഇതു ഞങ്ങളുടെ ആയുസിന്റെ സമ്പത്താണെന്നും ഈ കത്തുകൾ നിങ്ങളുടെ കൈയിൽ വെക്കണമെന്നും പറഞ്ഞ് ഏല്പിച്ചിരുന്നു.’

മിർസാ അനസ് അഹ്മദ് സാഹിബ് പറ യുന്നു: ‘ഇദ്ദേഹത്തിന്റെ മരണം സംഭവിച്ചപ്പോൾ, സഹോദരൻ ഖുർശീദും മിയാൻ അഹ്മദും അല്ലാഹുവിന്റെ അടുത്തു പോകുകയും നബി(സ) തിരുമേനിയുമായും ഹദ്റത്ത് മസീഹ് മൗഊദു(അ)മായും കൂടിക്കാഴ്ച നടത്തുന്നതായും ഞാൻ സ്വപ്നത്തിൽ കാണുകയായിരുന്നു. ആ നേരത്ത് സ്വപ്നത്തിൽത്തന്നെ എന്റെ മനസ്സിലും എന്റെ കൂടിക്കാഴ്ചയും ഇതുപോലെ നടക്കേണമേ എന്ന ആഗ്രഹമുണ്ടായി. അങ്ങനെ ഞാൻ അപേക്ഷിച്ചു. അല്ലാഹുവേ! എന്നേയും നിന്റെയടുത്തേക്ക് വിളിച്ചാലും! അപ്പോൾ അല്ലാഹു പറഞ്ഞു, തും ആഗേ ആജാവോ.’പറയുന്നു: ‘മിയാൻ അഹ്മദുമായി എന്റേത് പഴയ ബന്ധമായിരുന്നു. ഏകദേശം സമപ്രായക്കാരായിരുന്നു. ഇദ്ദേഹത്തിന്റെ നന്മകൾ കാണുമ്പോൾ അല്ലാഹു എനിക്കും അത്തരം അവസരം നല്കട്ടെ എന്നോർത്ത് ഞാൻ ലജ്ജിച്ചുപോകുമായിരുന്നു.’ പറയുന്നു: ‘എപ്പോഴെങ്കിലും എന്നോടു ഏതെങ്കിലും കാര്യത്തിൽ വെറുപ്പുണ്ടായാൽ എപ്പോഴും മാപ്പുചോദിക്കുന്നതിൽ ഇദ്ദേഹം മുൻകടക്കുമായിരുന്നു. ഇപ്രകാരംതന്നെ ഇദ്ദേഹത്തിന്റെ നമസ്കാരാവസ്ഥയെ കുറിച്ചും ഇദ്ദേഹം എഴുതുന്നുണ്ട്. ഇദ്ദേഹം അങ്ങേയറ്റം വ്യസനത്തോടുകൂടി നമസ്കരിക്കുന്നത് കാണുമ്പോൾ എനിക്ക് അസൂയ ഉണ്ടാകുമായിരുന്നു. അങ്ങേയറ്റം ഉത്തരവാദിത്വബോധമുള്ള ആളായിരുന്നു. അഞ്ചുനേര നമസ്കാരത്തിന് മസ്ജിദിൽ പോകുക, ദരിദ്രരെ സഹായിക്കുക, അവർക്ക് പ്രയോജനപ്പെടുക. തന്റെ കഴിവുകളെ അല്ലാഹുവിന്റെ വഴിയിൽ ചെലവഴിക്കാനുള്ള ഭാഗ്യവും ഇദ്ദേഹത്തിന് ലഭിച്ചു.’

ചൗദരീ ഹമീദുല്ലാഹ് സാഹിബ് പറഞ്ഞതും ഇതുതന്നെയാണ്. വലിയ കൈകാര്യ കർത്താവും നല്ല അഭിപ്രായങ്ങൾ നല്കുന്ന വ്യക്തിയുമായിരുന്നു. കൂടിയാലോചന സഭയിൽ അദ്ദേഹത്തിന്റെ തീരുമാനം വിധിനിർണായകമായിരുന്നു. ജമാഅത്തിന്റെ ഗ്രന്ഥങ്ങളിലും ചരിത്രങ്ങളിലും അഗാധമായ അറിവുണ്ടായിരുന്നു. ജമാഅത്തിന് സേവനം ചെയ്യാൻ അവസരം കിട്ടുമ്പോഴെല്ലാം മുൻപന്തിയിലുണ്ടാകുമായിരുന്നു. 1974ലെ കലാപങ്ങളിൽ മാസങ്ങളോളം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥിനെ പൂർണമായും സഹായിച്ചു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥിന്റെ വിദേശപര്യടനത്തിൽ ഒപ്പമുണ്ടായിരുന്നു. ഒരിക്കൽ മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ മർക്കസിയ്യാ പ്രതിനിധി എന്ന നിലയിൽ ഹുദൂറിന്റെ യാത്രാ സംഘത്തിൽ പങ്കെടുത്തു.

ഖാദിയാനിലെ ഉദ്യോഗസ്ഥൻ അക്റം സാഹിബ് എഴുതുന്നു: ‘ഞാൻ അദ്ദേഹത്തെ മിർസാ ഖുർശീദ് അഹ്മദ് സാഹിബ് മരിച്ചപ്പോൾ അനുശോചനമറിയിച്ചു. അപ്പോൾ വളരെ വേദനയോടെ അദ്ദേഹം എന്നോടു പറഞ്ഞു: എനിക്കുവേണ്ടി ഖാദിയാനിൽ ദുആ ചെയ്യുകയും മറ്റു മഹാത്മാക്കളോടു ദുആ ചെയ്യാൻ പറയുകയും ചെയ്യുക. കാരണം മിയാൻ ഖുർശീദിന്റെ വേർപാടിനെ തുടർന്ന് ഞാൻ എന്നെ ഒറ്റപ്പെട്ടതായി മനസ്സിലാക്കുന്നു. അല്ലാഹു എനിക്ക് പുതിയ ചുമതലകൾ സുതാര്യമായ നിലയിൽ നിറവേറ്റാൻ തൗഫീഖ് നല്കുമാറാകട്ടെ. ഇപ്രകാരം അദ്ദേഹം ദുആയ്ക്കുവേണ്ടി പറഞ്ഞുകൊണ്ടിരുന്നു. ഖാദിയാനിൽ വരുമ്പോൾ ദർവേശുകളുടെ വീടുകളിൽ പോകുമായിരുന്നു. അതുപോലെതന്നെ അവിടത്തെ ദർവേശുകളുടെ വിധവകളേയും യത്തീംകളേയും സേവിക്കാൻ ശ്രമിക്കുമായിരുന്നു. പരിശുദ്ധ സ്ഥലങ്ങളെ സംബന്ധിച്ച് അദ്ദേഹത്തിന് നല്ല അറിവായിരുന്നു.’ അക്റം സാഹിബ് പറയുന്നു: ‘ഇദ്ദേഹം ഖാദിയാനിലെത്തിയാൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ദുആ ചെയ്യാറുണ്ടായിരുന്ന സ്ഥലങ്ങളി

ലെല്ലാം നഫ്ൽ നമസ്കരിക്കാറുണ്ടായിരുന്നു. എന്നേയും ഉപദേശിക്കാറുണ്ടായിരുന്നു. ഈ പരിശുദ്ധ സ്ഥലങ്ങളിൽ വസിക്കുന്ന നിങ്ങൾ ഭാഗ്യവാന്മാരാണ്. അതുകൊണ്ട് ഇവിടെ ധാരാളം ദുആ ചെയ്യുക! ഖുദ്ദാമുൽ അഹ്മദിയ്യായുടെ സ്വദ്ർ എന്ന നിലയിൽ അദ്ദേഹത്തിന്റെ സേവനം വളരെ വലുതാണ്. എല്ലായിടത്തും ഖുദ്ദാംവരെയെത്തിയിരുന്നു.' (മുബശ്ശിർ)ഗോന്ദൽ സാഹിബ് എഴുതി: 'ഒരിക്കൽ അദ്ദേഹത്തിന്റെ സിന്ധിൽ പര്യടനമായിരുന്നു. ചിലയിടങ്ങളിൽ വാഹനം പോകുമായിരുന്നില്ല. കാറും പോകുമായിരുന്നില്ല. അപ്പോൾ വനത്തിലൂടെ നടന്ന് ഖുദ്ദാമിന്റെ അടുത്തെത്തി. ഇത് ഖാദിംകളിൽ വലിയ സ്വാധീനമുണ്ടാക്കി. ഇപ്പോഴും അത് അവർ ഓർക്കുന്നു.'

ചരിത്ര വിഭാഗത്തിന്റെ ഇൻചാർജ് ഇസ്ഫന്ദർയാർ മുനീബ് സാഹിബ് എഴുതുന്നു: 'അഹ്മദിയ്യാ ചരിത്രത്തിനും പ്രത്യേക ഫലദായക അസ്തിത്വമായിരുന്നു. മുശാവറത്തി പാനലിന്റെ അംഗമായിരുന്നു. വളരെ സൂക്ഷ്മതയോടുകൂടി ചരിത്രത്തിന്റെ കൈയെഴുത്തുപ്രതി പരിശോധിക്കുമായിരുന്നു. വിലപിടിച്ചതും ശക്തിമത്തായതുമായ പദ്ധതികളിലേക്ക് മാർഗനിർദേശം നല്കുമായിരുന്നു. ജമാഅത്തുപരമായ ചരിത്ര സംഭവങ്ങളുടെ പശ്ചാത്തലം അല്ലെങ്കിൽ മനഃശാസ്ത്രപരമായ കാര്യങ്ങളെ സംബന്ധിച്ച് നല്ലവണ്ണം അറിയാമായിരുന്നു.' പറയുന്നു: 'നാളിർ അഅ്‌ലാ ആയി ഇദ്ദേഹം നിയമിതനായപ്പോൾ ഞാൻ അദ്ദേഹത്തിന്റെ മുറിയിൽപോയി. നിളാറത്തെ ഉൽയായിലെ കസേരയിൽ ഇരിക്കുകയായിരുന്നു. അങ്ങേയറ്റം വിഷമാവസ്ഥയിലായിരുന്നു.' അഡീഷണൽ നാളിർ ഇസ്‌ലാഹ് വ ഇർശാദ് മുഹമ്മദ് ദീൻനാസ് സാഹിബ് പറയുന്നു: 'കണ്ണുകൾ കണ്ണീർകൊണ്ട് നിറഞ്ഞിരുന്നു. ദുആകളുടെ വികാരത്താൽ അതിജയിച്ച മുഖമായിരുന്നു. വിലയത്തിൽ മുങ്ങിത്താണിരുന്നു. വലിയ വിനയത്തോടെ അദ്ദേഹം എന്നോടും ദുആയ്ക്കുവേണ്ടി പറഞ്ഞു.'

സാഹിദ് ഖുറയ്ശി സാഹിബ് പറയുന്നു: 'മിയാൻ അഹ്മദ് സാഹിബ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ സ്വദ്റായിരുന്നു. ലാഹോർ ഖുദ്ദാമുൽ അഹ്മദിയ്യായുടെ ഖാഇദ് എന്നെ എന്തോ ജോലിക്കായി അദ്ദേഹത്തിന്റെ അടുക്കൽ അയച്ചു. ഞാൻ അയ്‌വാനെ മഹ്മൂദിലെ ഓഫീസിൽ കാണുന്നതിനുവേണ്ടി പോയി. പേപ്പർ അദ്ദേഹത്തിനുകൊടുത്തു. ചൂടുകാലമായിരുന്നു. നട്ടുച്ച സമയമായിരുന്നു. പേപ്പറുകൾ വാങ്ങിയതിനുശേഷം അദ്ദേഹം ഭക്ഷണം കഴിച്ചുവോ? എന്ന് ചോദിച്ചു. ജോലി കഴിഞ്ഞുപോയി ദാറുളിയാഫത്തിൽനിന്ന് കഴിച്ചുകൊള്ളാമെന്ന് ഞാൻ പറഞ്ഞു. അദ്ദേഹം പറഞ്ഞു: വേണ്ട എന്നോടൊപ്പം വരിക. അല്പസമയം ഇരിക്കുക. ഇപ്പോൾ ഏർപാടുചെയ്യാം. അദ്ദേഹം പറയുന്നു: ഇവിടെ അയ്‌വാനെ മഹ്മൂദിൽ ഏർപാടാക്കുമെന്നാണ് ഞാൻ കരുതിയത്. അല്പസമയത്തിനുശേഷം വെളിയിൽവന്നു. സൈക്കിൾ പുറത്തെടുത്തു. തന്റെ പിന്നിൽ ഇരിക്കാൻ പറഞ്ഞു. അങ്ങനെ മുന്നോട്ടുനീങ്ങി. ഞാൻ പറഞ്ഞു: വഴിയിലാണല്ലോ ദാറുളിയാഫത്ത്! അദ്ദേഹം പറഞ്ഞു, വേണ്ട, പിന്നിലിരുന്നുകൊള്ളുക. നല്ലവെയിലത്ത് തന്റെ വീട്ടിൽകൊണ്ടുപോയി ഭക്ഷണം കഴിപ്പിച്ചു. പിന്നീട് എന്നെ യാത്രയാക്കി. ഓരോ ഖാദിമുമായും വ്യക്തപരമായ ബന്ധമായിരുന്നു അദ്ദേഹത്തിന്.'

സ്വദ്ർ ഖുദ്ദാമുൽ അഹ്മദിയ്യ ആയിരുന്നപ്പോൾ തങ്ങൾ ധാരാളം ജോലികൾ ചെയ്യേണ്ടവിധം അദ്ദേഹത്തിൽനിന്നു പഠിച്ചുവെന്ന് നിരവധിയാളുകൾ എഴുതീട്ടുണ്ട്. ഡോക്ടർ സുൽത്വാൻ മുബശ്ശിറും എഴുതുന്നു: ധാരാളം ജോലികൾ ചോയ്യേണ്ടവിധം അദ്ദേഹത്തിൽനിന്നാണ് പഠിച്ചത്. വളരെ ആഴത്തിൽചെന്ന് ജോലിചെയ്യുന്ന ശീലമായിരുന്നു അദ്ദേഹത്തിന്റേത്. ഡോക്ടർ സുൽത്വാൻ മുബശ്ശിർ സാഹിബ് പറയുന്നു: '1984ലെ ഓർഡിനൻസിനു ശേഷം ശരീഅത്തു കോടതിയിൽ അപീൽ നല്കപ്പെട്ടു. അതിനുവേണ്ടുന്ന ഏർപ്പാടുകൾ ചെയ്യാനുള്ള ചുമതല മിയാൻ അഹ്മദ് സാഹിബിനായിരുന്നു. പറയുന്നു. എനിക്കോർമയുണ്ട്. ഞാൻ ബാറ്റ്മെന്റൺ കളിക്കുന്ന അയ്‌വാനെ മഹ്മൂദിലേക്ക് മിയാൻ സാഹിബ് വേഗംവന്നു. പറഞ്ഞു: ലാഹോർ കോടതിയിൽ ഗ്രന്ഥങ്ങൾ ആവശ്യമുണ്ട്. അത് ഇവിടെ ലൈബ്രറിയിൽനിന്ന് കൊണ്ടുപോകേണ്ടതാണ്. അത് അവിടെ കൊണ്ടുപോകുക എന്നത് താങ്കളുടെ ഉത്തരവാദിത്വമാണ്. ആവശ്യമുള്ള ഗ്രന്ഥങ്ങൾ ലാഹോറിൽനിന്ന് ഫോൺ ചെയ്ത് റബ്‌വയിൽനിന്ന് എടുപ്പിക്കണമായിരുന്നു. ഇദ്ദേഹം സ്വയം ലൈബ്രറിയിലെ ജോലിക്കാരോടൊപ്പം അധ്വാനിക്കുകയും ശ്രമിക്കുകയും ചെയ്ത് ഗ്രന്ഥങ്ങൾ എടുപ്പിച്ചിരുന്നു. പറഞ്ഞു ഏല്പിച്ചു പോയി എന്നതല്ല. മറിച്ച്, അവിടെ ഇരുന്ന് സ്വയം ജോലിചെയ്യുന്ന ശീലമായിരുന്നു അദ്ദേഹത്തിന്.' അഗതികളേയും വിധവകളേയും നല്ലവണ്ണം നോക്കിയിരുന്നു. ഡോക്ടർ സാഹിബ് പറയുന്നു: 'ഇന്ന് എന്റെയടുക്കൽ ഔട്ട്ഡോറിൽ ഒരു സ്ത്രീ ബുശ്റാ സാഹിബ റബ്‌വ വാസിവന്നു. പ്രമേഹത്തിന്റേയും പ്രഷറിന്റേയും രോഗിയായിരുന്നു. അവരുടെ റിസൽറ്റ്കണ്ട് ഞാൻ അവരോടു പറഞ്ഞു: അല്ലാഹുവിന്റെ കൃപയാൽ ഇപ്പോൾ നിങ്ങളുടെ ഫലം നോർമലായിട്ടുണ്ട്. ഇതുകേട്ട് അവർ കരയാൻ തുടങ്ങി. ഞാൻ അത്ഭുതത്തോടെ അവരെ നോക്കി. അവർ ഏങ്ങലടിച്ചുകൊണ്ട് പറഞ്ഞു: ഡോക്ടർ സാഹിബേ! എന്റെ ശുഗർ നോർമലായി. എന്നാൽ, എന്നെ സൗജന്യമായി ചികിത്സിപ്പിച്ചിരുന്ന രണ്ടുപേരും, ഹദ്റത്ത് മിർസാ ഖുർശീദ് അഹ്മദ് സാഹിബും മിർസാ ഗുലാം അഹ്മദ് സാഹിബും ഈ ലോകത്തുനിന്ന് പോയി. അദ്ദേഹം പറയുന്നു: ഞാൻ അവരെ സമാധാനിപ്പിച്ചു. അല്ലാഹുവിന്റെ കൃപയിൽ ജമാഅത്തിന്റെ വ്യവസ്ഥിതിയനുസരിച്ച് നിങ്ങളുടെ ചികിത്സ തുടർന്നുകൊണ്ടിരിക്കുമെന്ന് പറഞ്ഞു. എന്നാൽ, അവർ ഒരുപാട് സ്മരിച്ചുകൊണ്ടിരുന്നു. കരഞ്ഞുകൊണ്ടിരുന്നു.'

ഇമാം മസ്ജിദ് ഫള്ൽ ലണ്ടൻ അത്വാഉൽ മുജീബ് റാശിദ് സാഹിബ് പറയുന്നു: 73ന്റെ അവസാനം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ്(റഹ്) മജ്‌ലിസെ ശൂറാ അതായത് ഖുദ്ദാമുൽ അഹ്മദിയ്യായുടെ കൂടിയാലോചനയ്ക്കുശേഷം എന്നെ സ്വദ്ർ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ആയി നിയമിച്ചു. മിർസാ ഗുലാം അഹ്മദ് സാഹിബ് അപ്പോൾ നാഇബ് സ്വദ്റായിരുന്നു. ഞാനും അദ്ദേഹത്തെ എന്റെ മജ്‌ലിസെ ആമിലായിൽ അദ്ദേഹത്തിന്റെ വിശാലമായ പരിചയ സമ്പത്തുകൊണ്ട് നാഇബ് സ്വദ്റാക്കി. മിർസാ ഗുലാം അഹ്മദ് സാഹിബ് തന്റെ അറിവിന്റേയും പരിചയത്തിന്റേയും പ്രായത്തിന്റേയും സ്ഥാനത്തിന്റേയും അടിസ്ഥാനത്തിൽ എന്നെക്കാൾ വളരെ സീനിയറായിരുന്നു. പക്ഷേ അദ്ദേഹത്തെ നാഇബ് സ്വദ്റായി നിയമിച്ചപ്പോൾ, അത്വാഉൽ മുജീബ് സാഹിബ് പറയുന്നു: അദ്ദേഹം അങ്ങേയറ്റം വിനയത്തോടെ എല്ലാ പ്രവർത്തനത്തിലും പൂർണമായും സഹായിച്ചു. ഒരു ഘട്ടത്തിലും അല്പം പോലും താൻ എന്നെക്കാൾ വളരെ സീനിയറാണെന്ന് പ്രകടിപ്പിച്ചില്ല.

ശാഹിദ് അബ്ബാസ് സാഹിബ് മലേഷ്യയിൽ നിന്നെഴുതുന്നു: '2005–ൽ ഞാൻ ബയ്അത്തു ചെയ്തു. മർക്കസ് സന്ദർശനത്തിനായിപോയി. ഓഫീസുകളിൽ മിർസാ ഗുലാം അഹ്മദ് സാഹിബ് വരികയായിരുന്നു. എന്റെ കൂട്ടുകാരൻ മുഅല്ലിം ദാനിയാൽ സാഹിബ് എന്നോടു പറഞ്ഞു: ഇദ്ദേഹം കാലത്തിന്റെ ഖലീഫയുടെ വളരെ അടുത്ത ബന്ധുവാണ്. അദ്ദേഹത്തോടു ദുആയ്ക്ക് പറയുക. പറയുന്നു: ഞാൻ അദ്ദേഹത്തിന്റെ അടുത്തുപോയി പറഞ്ഞു: ഞാൻ ശിയാ കക്ഷിയിൽനിന്ന് അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിച്ചയാളാണ്. എനിക്കുവേണ്ടി ദുആചെയ്യുക. അദ്ദേഹം എന്നെ ആശ്ലേഷിച്ചു. എന്റെ കൈ ശക്തമായി പിടിച്ചു. വളരെ ആവേശത്തോടെ പറഞ്ഞു: ഞാൻ സ്വയം ദുആയ്ക്കുവേണ്ടി അപേക്ഷിച്ചുകൊണ്ടിരിക്കുന്ന വലിയൊരു ഒരാളെകുറിച്ച് ഞാൻ നിങ്ങൾക്കു പറഞ്ഞുതരട്ടെയോ! ഞാൻ ചോദിച്ചു അതാരാണ്? അദ്ദേഹം പറഞ്ഞു: കാലത്തിന്റെ ഖലീഫ. പറഞ്ഞു. കാലത്തിന്റെ ഖലീഫക്ക് ദുആയ്ക്ക് വേണ്ടി എഴുതുക. ഈ പുതുവിശ്വാസി പറയുന്നു: ഞാൻ അദ്ദേഹത്തിന്റെ കണ്ണുകളിൽ കാലത്തിന്റെ ഖലീഫയോടുള്ള സ്നേഹവും ആവേശവും കണ്ടത് കാണേണ്ടത് തന്നെയായിരുന്നു. ആ നിമിഷങ്ങൾ ഈ സാധുവിന്റെ കണ്ണുകളിൽ കല്ലിൽകൊത്തിവച്ചതുപോലെ പതിഞ്ഞു.'

ഇവിടെത്തെ അറബി ഡസ്കിന്റെ മുറബ്ബി അഞ്ചൂം പ്രവേസ് സാഹിബ് എഴുതുന്നു:'ഒരു നാൾ ചൗദ്ദരി മുഹമ്മദ് അലി സാഹിബ് പറഞ്ഞു, ഒരു ദിവസം ഉച്ചക്ക് പൊരിവെയിലിൽ മിയാ അഹ്മദ് സൈക്കിളിൽ ആരെയോ അന്വേഷിക്കുകയായിരുന്നു. അയാൾ പെയിന്റ് പണിക്കാരനായിരുന്നു. ഈ വെയിലത്ത് ആരെയാണ് തിരയുന്നതെന്ന് ഇദ്ദേഹം ചോദിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു: 'അയാൾക്ക് ഞാൻ കൊടുത്ത ഹോമിയോ മരുന്ന് മാറിപ്പോയി. ഇപ്പോൾ ഈ മരുന്ന് അയാൾക്ക് എത്തിക്കണം. അത് നല്കാൻ ഞാൻ അയാളെ തിരഞ്ഞിറങ്ങിയതാണ്. അയാളെ കാണുന്നില്ല.'

ഒരുപാട് സ്ഥലങ്ങളിൽ അത്യാവശ്യമായ പല ജോലികളും അദ്ദേഹത്തിന്റെ ചുമതലയിൽ ഉണ്ടായിരുന്നു, അതെല്ലാം ശരിയായനിലയിൽ അദ്ദേഹം നിറവേറ്റിക്കൊണ്ടിരുന്നു. ധാരാളം സംഭവങ്ങൾ അദ്ദേഹത്തെക്കുറിച്ച് ആളുകൾ എഴുതിയറിയിച്ചിട്ടുണ്ട്. അദ്ദേഹത്തോടൊപ്പം ഓഫീസിൽ ജോലി ചെയ്തിട്ടുള്ളവരും പറയുന്നത് അങ്ങേയറ്റം മൃദുലഭാവത്തോടും സ്നേഹത്തോടും പ്രീതിയോടുംകൂടി ജോലി ചെയ്യിച്ചിരുന്നു എന്നാണ്. ദുഃഖത്തിലും ബുദ്ധിമുട്ടിലും അകപ്പെട്ട ആളുകളോടും ആവശ്യക്കാരോടും സാധിക്കുന്നിടത്തോളം സഹതാപം കാണിക്കുന്നയാളും അവരുടെ ബുദ്ധിമുട്ടുകൾ അകറ്റുന്നയാളും വലിയ ബുദ്ധിയോടുകൂടി പെരുമാറുന്ന വ്യക്തിയുമായിരുന്നു. ദൈവദത്തമായ കഴിവുകളാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. കാര്യങ്ങളുടെ ആഴംവരെ ഇറങ്ങിച്ചെല്ലുമായിരുന്നു. ഞാൻ ആദ്യം പറഞ്ഞതുപോലെ നടപടി എത്രയും വേഗം സ്വീകരിക്കുന്നത് അദ്ദേഹത്തിന്റെ ശീലമായിരുന്നു.

ഒരിക്കൽ കുറേ കുട്ടികൾ ഓഫീസിൽ വന്നു. മരിക്കുന്നതിന് കുറച്ചു ദിവസം മുമ്പേ നടന്ന സംഭവമാണ്. മർക്കസിലെ കാവൽക്കാർ അവരോട് അതിക്രമം കാണിച്ചു. അവരെ അടിച്ചു. ആ പരാതിയുമായാണ് അവർ വന്നത്. ചിലർക്ക് പരിക്കും ഏറ്റിരുന്നു. ആശുപത്രിയിൽ പോയി കാണിച്ചോ എന്ന് അവരോട് മിയാ അഹ്മദ് സാഹിബ് ചോദിച്ചു. ഇല്ല എന്ന് അവർ പറഞ്ഞു. എന്നാൽ, ആദ്യം പോയി ചികിത്സിക്കാൻ അദ്ദേഹം നിർദ്ദേശിച്ചു. ഇന്ന് ഓഫീസ് അവധിയാണ്. ഓഫീസ് തുറക്കുമ്പോൾ ഇൻശാഅല്ലാഹ് എല്ലാ നടപടികളും ഞാൻ സ്വീകരിക്കുന്നതാണ്. കുറ്റവാളികൾ ആരായിരുന്നാലും ഭാരവാഹിയായാൽത്തന്നെയും അവർക്ക് ശിക്ഷ നല്കുന്നതാണ്. ഉടനെതന്നെ അദ്ദേഹം നടപടി കൈക്കൊള്ളുകയും ചെയ്തു.

ദീവാനിലെ ഇക്ബാൽ ബശീർ സാഹിബ് പറയുന്നു: 'മിയാ അഹ്മദ് സാഹിബിനെ നാളിർ ദീവാനാക്കിയപ്പോൾ ഓഫീസിൽ ജോലിക്കാർ കുറവായിരുന്നു. രണ്ട് ക്ലർക്കേ ഉണ്ടായിരുന്നുള്ളൂ. ഒരാൾ സഹായിയായിരുന്നു. ജോലി കൂടുമ്പോൾ മിക്കപ്പോഴും മിയാ അഹ്മദ് സാഹിബ് ഞങ്ങളോടൊപ്പം വന്നിരിക്കുമായിരുന്നു. വരുന്നതും പോകുന്നതുമായ എഴുത്തുകുത്ത് ജോലി ഞങ്ങളോടൊപ്പം ചെയ്യാറുണ്ടായിരുന്നു.' റിട്ടയേർഡ് മുറബ്ബി റിയാസ് മഹ്മൂദ് പറയുന്നു: 'ഒരു ദിവസം ഞാൻ ഓഫീസിൽ ഇരിക്കുകയായിരുന്നു. സംസാരിക്കു

ന്നതിനിടെ മിയാ സാഹിബിന്റെ സംസാരശൈലിയിൽ അല്പം ദ്വേഷം പ്രകടമായി. അങ്ങനെ സാധാരണ ആർക്കും ഉണ്ടാകാറുള്ളതാണ്. എനിക്കതിൽ ഒരുവിധ നിരാശയോ അത്ഭുതമോ തോന്നിയില്ല. വൈകുന്നേരമായപ്പോൾ വാതിലിൽ മുട്ടി വിളിക്കുന്നത് കേട്ടു. ഞാൻ വാതിൽ തുറന്നപ്പോൾ മിയാ സാഹിബ് നില്ക്കുന്നതാണ് കണ്ടത്. അദ്ദേഹത്തെ കണ്ടപ്പോൾ ഞാൻ അത്ഭുതപ്പെട്ടു. അദ്ദേഹം പറഞ്ഞു: 'ഇന്ന് താങ്കളോട് ഓഫീസിൽവെച്ച് സംസാരിച്ചത് ശരിയായില്ല. അതിന് മാപ്പ് ചോദിക്കാൻ വന്നതാണ്.' പറയുന്നു: 'അദ്ദേഹം ഇങ്ങനെ പെരുമാറുമെന്ന് എനിക്ക് സങ്കല്പിക്കാൻപോലും കഴിഞ്ഞിരുന്നില്ല. ആ സമയം മുതൽ ഞാൻ അദ്ദേഹത്തെ സമ്മതിക്കുന്നയാളാണ്.' ഇപ്രകാരംതന്നെ തങ്ങളെ ആദ്യം വഴക്കുപറഞ്ഞുവെന്നും പിന്നീട് മാപ്പ് ചോദിച്ചുവെന്നും ഒരു സഹായിയായ ഉദ്യോഗസ്ഥനും ഒരു സാധാരണ ഉദ്യോഗസ്ഥനും എഴുതിയിട്ടുണ്ട്. ഇതുപോലെതന്നെ മറ്റൊരു സംഭവം ആരോ എഴുതി: 'ഓഫീസിൽ എന്നോട് ദ്വേഷപ്പെടുകയും മുന്നറിയിപ്പ് നല്കുകയും ചെയ്തു. ഞാൻ വീട്ടിലിരുന്ന് ഇസ്തിഗ്ഫാർ ചെയ്തുകൊണ്ടിരിക്കുമ്പോൾ വാതിലിൽ ആരോ മുട്ടിവിളിച്ചു. ഞാൻ വെളിയിൽ വന്നുനോക്കിയപ്പോൾ മിയാ അഹ്മദ് സാഹിബ് നില്ക്കുന്നതാണ് കണ്ടത്. 'ഇന്ന് ഞാൻ താങ്കളോട് കഠിനമായ വാക്കുകളിൽ സംസാരിച്ചു. അതിന് ഞാൻ മാപ്പ്ചോദിക്കുന്നുവെന്ന് പറഞ്ഞ് തിരിച്ച് കാറിൽ കയറി മടങ്ങിപ്പോയി.'

മുബശ്ശിർ അയാസ് സാഹിബ് പറയുന്നു: 'ഞാൻ ഖാലിദ് മാസികയുടെ പത്രാധിപരായിരുന്നു. പരേതനായ മഹ്മൂദ് ബംഗാളി സാഹിബ് ആസ്ട്രേലിയായിൽനിന്ന് വന്നിരുന്നു. അദ്ദേഹത്തിന്റെ ഇന്റർവ്യൂ ഉണ്ടായിരുന്നു. അദ്ദേഹം ഒരു സംഭവം പറഞ്ഞു: മിയാ അഹ്മദ് സാഹിബ് സ്വദ്റായിരുന്നപ്പോൾ അദ്ദേഹം തർബിയ്യത്തീ ക്ലാസിന്റെ നാളിം അഅ്ലാ ആയിരുന്നു. ആ നേരത്ത് തർബിയ്യത്ത് ക്ലാസ് കഴിഞ്ഞപ്പോൾ അദ്ദേഹം ബഡ്ജറ്റ് അവതരിപ്പിച്ചു. അതിൽ കുറച്ച് അണ ബജറ്റിനേക്കാൾ കൂടുതൽ ചെലവായിരുന്നു. അതായത് കുറച്ച് പൈസ! സ്വദ്ർ സാഹിബ് ബില്ല് തള്ളി. ഇത് പാസാകുകയില്ലെന്ന് പറഞ്ഞു. പറയുന്നു: ഞാൻ നേരിട്ട് അദ്ദേഹത്തിന്റെ അടുക്കൽപോയി. കുറച്ച് പൈസ അധികമായെങ്കിൽ അത് വലിയ കാര്യമൊന്നുമല്ലല്ലോ. ഇതാണെങ്കിൽ അത്ര വലിയ തുകയൊന്നുമല്ല. താങ്കൾ തന്നില്ലെങ്കിൽ ഞാൻ എന്റെ പോക്കറ്റിൽനിന്ന് എടുത്തുകൊള്ളാമെന്ന് ഞാൻ പറഞ്ഞു. അപ്പോൾ അദ്ദേഹം പറഞ്ഞു: 'പോക്കറ്റിൽനിന്ന് ചെലവഴിക്കുന്നതല്ല പ്രശ്നം. യാഥാർഥ്യമെന്താണെന്നാൽ ജമാഅത്തിന്റെ ധനം ചെലവഴിക്കുമ്പോൾ സൂക്ഷ്മത പാലിക്കണമെന്ന് നിങ്ങൾക്ക് മനസ്സിലാക്കിത്തരാനാണ് ഞാൻ ആഗ്രഹിക്കുന്നത്. ജമാഅത്തുപരമായ നിയമങ്ങൾ പിന്തുടരേണ്ടതാണ്; അതായത് നിലവിലുള്ള വ്യവസ്ഥിതി. ആവശ്യം കൂടുതലാണെങ്കിൽ ആദ്യമേ അനുവാദം വാങ്ങി ചെലവഴിക്കണമായിരുന്നു.' ബംഗാളി സാഹിബ് പറയുന്നു: അദ്ദേഹത്തിന്റെ ഈ പിടിത്തം ബാക്കി ജീവിതത്തിൽ എനിക്ക് നല്ലവണ്ണം പ്രയോജനപ്പെട്ടു. പറയുന്നു: ഖിലാഫത്തിനോടും അദ്ദേഹത്തിന് വലിയ ബന്ധമായിരുന്നു. ഒരിക്കൽ ഒരു ഇഫ്താ കമ്മിറ്റിയിൽ സക്കാത്തിന്റെ കാര്യത്തിൽ സംസാരം നടക്കുകയായിരുന്നു. ഇഫ്താ ഒരു റിപ്പോർട്ട് തയ്യാറാക്കിയിരുന്നു. കുതിരകളുടെ മേൽ സക്കാത്ത് ഇല്ല എന്നതിനെ കുറിച്ചുള്ള ചർച്ചയായിരുന്നു എന്നാണ് ഞാൻ കരുതുന്നത്. അത് ഞാൻ റദ്ദാക്കി എന്നാണ് എന്റെ ഓർമ. അതു വീണ്ടും പരിശോധിക്കാൻ ഞാൻ പറഞ്ഞു. പലകമ്മിറ്റികളും കൂടി. ഉലമാഇന്റെ ദീർഘമായ ചർച്ചകൾ നടന്നുകൊണ്ടിരുന്നു. തീരുമാനം എടുക്കാൻ കഴിഞ്ഞിരുന്നില്ല. അവസാനം സ്വദ്ർ സാഹിബ് ഇദ്ദേഹത്തെ കമ്മിറ്റിയുടെ സ്വദ്റാക്കി. അവിടേയും ഉലമാ വലിയ തയ്യാറെടുപ്പോടെ വന്നിരുന്നു;ഞാൻ പറഞ്ഞതിന് വിപരീതം പറയാൻ. കുറച്ചു സമയം അദ്ദേഹം അവരുടെ സംസാരം കേട്ടിരുന്നു. മുബശ്ശിർ അയാസ് സാഹിബ് പറയുന്നു: പിന്നീട് അദ്ദേഹം വളരെ പ്രോജ്വലമായ രീതിയിൽ പറഞ്ഞു:കാലത്തിന്റെ ഖലീഫ വിധി പറഞ്ഞിട്ടുള്ളപ്പോൾ അതിന് വിരുദ്ധമുണ്ടാകുമെന്ന് കരുതി പിന്നെന്തിനാണ് നമ്മൾ ഇങ്ങനെ ചിന്തിക്കുന്നത്. എല്ലാ തെളിവുകളും ഖണ്ഡിച്ചു. ആരാണ് വലിയ ആലിം എന്നൊന്നും നോക്കിയില്ല. ആരെന്തു പറയുന്നുവെന്നും നോക്കിയില്ല. പറയുന്നു: അഹ്മദിയ്യാ ചരിത്രത്തിന്റേയും ജമാഅത്തുപരമായ സംഭവങ്ങളുടേയും നിവേദനങ്ങളുടേയും എൻസൈക്ലോപീഡിയ ആയിരുന്നു. പറയുന്നു: ഈയിടെയായി ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജീവചരിത്രം എഴുതിക്കൊണ്ടിരിക്കുകയാണ്. എനിക്ക് എന്തെങ്കിലും ആവശ്യം വരുമ്പോൾ ഞാൻ അദ്ദേഹത്തിലേക്കാണ് തിരിയുന്നത്. വലിയ ശക്തവും ഉറപ്പുള്ളതുമായ അറിവായിരുന്നു അദ്ദേഹത്തിന്. ഇതുപോലെതന്നെ ഖാദിയാനിലെ പരിശുദ്ധസ്ഥലത്തെക്കുറിച്ചും നല്ല വിവരമുണ്ടായിരുന്നു. ഖാദിയാനിലെ പരിശുദ്ധസ്ഥലങ്ങൾ തങ്ങളെ കാണിച്ചുതരാൻ ആരെങ്കിലും പറഞ്ഞാൽ വളരെ സന്തോഷത്തോടെ അവർക്ക് പരിചയപ്പെടുത്തിക്കൊടുക്കുമായിരുന്നു. ഒരിക്കൽ അദ്ദേഹം രോഗിയായിരുന്നു. കാലിൽ നീര് വന്നു വിങ്ങിയിരുന്നു. പക്ഷേ, എന്നിട്ടും അതേക്കുറിച്ച് ആരോടും പറഞ്ഞില്ല. അവരെ കൊണ്ടുപോയി ചുറ്റിക്കറങ്ങി എല്ലാം കാണിച്ചു. ഗോവണി കയറാൻ തുടങ്ങുമ്പോൾ അയാസ് സാഹിബ് പറയുന്നു, അപ്പോഴാണ് ഞങ്ങൾ അതറിഞ്ഞത്. തനിക്ക് ബുദ്ധിമുട്ടുണ്ടെന്ന് അപ്പോൾ അദ്ദേഹം പറഞ്ഞു. അദ്ദേഹത്തിന് ബുദ്ധിമുട്ടുണ്ടാക്കിയതിൽ ഞങ്ങൾ ലജ്ജിതരായി.

ഇപ്രകാരം മറ്റു പല കാര്യങ്ങളുമുണ്ട്. ജമാഅത്തിന്റെ സേവനത്തിനുവേണ്ടി എവിടെയെങ്കിലും അയക്കുകയാണെങ്കിൽ വഴിയിലുണ്ടാകുന്ന ബുദ്ധിമുട്ട് എന്താണെന്ന് അദ്ദേഹം നോക്കാറില്ല. ഒരിക്കൽ ഏതോ ജമാഅത്തുപരമായ കാര്യത്തിൽ ഇരുകക്ഷികൾ തമ്മിൽ വഴക്കുണ്ടായി. അവരെ രഞ്ജിപ്പിലാക്കുന്നതിന് അദ്ദേഹത്തെ അയച്ചു. വഴി മോശമായിരുന്നു. കാറ് മുന്നോട്ടുപോകുമായിരുന്നില്ല. ട്രാക്ടർട്രാലിയിൽ മിർസാ ഖുർശീദ് അഹ്മദ് സാഹിബും മിയാ ഗുലാം അഹ്മദ് സാഹിബും ഇരുന്നു. മുറബ്ബിമാരെ കുടെയിരുത്തി മുന്നോട്ടുപോയി. കുറേ ചെന്നപ്പോൾ ട്രാലി അതിലൂടെ കടന്നുപോകുന്നത് വലിയ അപകടമായിതോന്നി. അങ്ങനെ അവിടെയിറങ്ങി. പിന്നീട് നടന്നുപോയി. അവസാനം ആ ഗ്രാമത്തിലെത്തി. അവിടെ എത്തി മസ്ജിദിൽ വിളിപ്പിച്ച് തീരുമാനമെടുത്തു. അദ്ദേഹം ദുആയും ചെയ്തു. ഇത്ര ദൂരത്തുനിന്ന് കഠിനമായ യാത്ര ചെയ്ത് വന്നത് വർഷങ്ങളായി നടന്നുവന്ന തങ്ങളുടെ വഴക്ക് തീർക്കാൻ മാത്രമാണെന്ന് ആളുകൾക്ക് ബോധ്യവുമായിട്ടുണ്ടാകും. അല്ലാഹുവിന്റെ കൃപകൊണ്ടും അദ്ദേഹത്തിന്റെ ത്യാഗം കൊണ്ടും ദുആ കൊണ്ടും പ്രശ്നം പരിഹരിക്കപ്പെട്ടു. സാദൃശ്യമുള്ളതും കുറച്ച് പുതിയതുമായ ഒരുപാട് സംഭവങ്ങളുണ്ട്. പക്ഷേ, അതെല്ലാം വിവരിക്കാൻ ഇപ്പോൾ സമയമില്ല. കീഴുദ്യോഗസ്ഥന്മാരോട് വളരെ നല്ല നിലയിൽ അദ്ദേഹം പെരുമാറിയിരുന്നുവെന്ന് എല്ലാവരും എഴുതിയിട്ടുണ്ട്. അവരുടെ ചെറിയ ചെറിയ കാര്യങ്ങൾ ശ്രദ്ധിച്ചിരുന്നു. പിന്നീട് അദ്ദേഹം എഴുതുന്നു: ഇദ്ദേഹം നാഇബ് നാളിർ തഅ്ലീം ആയിരുന്നപ്പോൾ എപ്പോഴെങ്കിലും ഏതെങ്കിലും വിദ്യാർഥിയുടെ സ്റ്റൈഫന്റ് ഏതെങ്കിലും അവസ്ഥകൾ കാരണത്താൽ ഖലീഫത്തുൽ മസീഹ് അനുവദിക്കാതെ വന്നാൽ ഇദ്ദേഹം പറയുമായിരുന്നു, സ്റ്റൈഫണ്ടിന്റെ അനുവാദമോ അല്ലെങ്കിൽ മറ്റേതെങ്കിലും സന്തോഷവാർത്തയോ ആണെങ്കിൽ കാലത്തിന്റെ ഖലീഫയ്ക്കുവേണ്ടി നല്കുക. വെറുപ്പോ അനുവാദമില്ലാത്തതോ ആണെങ്കിൽ നമ്മൾ നമ്മുടെ ഭാഗത്തുനിന്ന് നല്കേണ്ടതാണ്.

സഫ്ർ അഹ്മദ് സഫ്ർ സാഹിബ് മുറബ്ബിയാണ്. അദ്ദേഹവും കാലിൽ പൊട്ടുണ്ടായ സംഭവം വിവരിച്ചുകൊണ്ട് എഴുതുന്നു: 'ഞങ്ങളും അന്ന് കൂടെയുണ്ടായിരുന്നു. കാല് നീര് വന്ന് വീർത്തിരുന്നു. പക്ഷേ, അദ്ദേഹം അത് വകവെച്ചില്ല.' സലിം സാഹിബ് എഴുതുന്നു: 'അദ്ദേഹം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥിന്റെ പ്രൈവറ്റ് സെക്രട്ടറിയായിരുന്നപ്പോൾ പോസ്റ്റുകൾ കുന്നുകൂടുന്ന സമയത്ത് അവരവരുടെതായ എല്ലാ കത്തുകളും ഒരിടത്ത് ഒരുമിച്ച് വെക്കാനും പിന്നീട് വിതരണം ചെയ്യാനും സ്റ്റാഫുകളോട് പറയുമായിരുന്നു. വിതരണത്തിന്റെ ഉത്തരവാദിത്വം സ്വയം ഏറ്റെടുക്കുമായിരുന്നു.' പറയുന്നു: 'ക്ലാർക്കുമാരായ ഞങ്ങളെക്കാൾ കൂടുതൽ പോസ്റ്റ് ഇദ്ദേഹം സ്വയം പ്രൈവറ്റ് സെക്രട്ടറി എന്ന നിലയിൽ ഏറ്റെടുക്കുമായിരുന്നു. മറുപടി എഴുതിക്കൊണ്ട് ഞങ്ങളേക്കാൾ മുമ്പേ ജോലി ചെയ്ത് തീർക്കുമായിരുന്നു. കത്ത് എഴുതുന്നതിലും ഡ്രാഫ്റ്റു ചെയ്യുന്നതിലും വളരെ നല്ല വൈദഗ്ധ്യമുണ്ടായിരുന്നു. കൈയക്ഷരവും വളരെ ശുദ്ധമായിരുന്നു. ഡ്രാഫ്റ്റിംഗ് ഞാൻ പറഞ്ഞതുപോലെ വളരെ നല്ലതായിരുന്നു. അക്ഷരങ്ങൾ വ്യക്തമായിരുന്നു. വക്കാലത്തെ മാൽ ഥാനിയിലെ ഒരു ഉദ്യോഗസ്ഥൻ എഴുതുന്നു: 'തഹ്രീക്കെ ജദീദിന്റെ ചരിത്രം ഞങ്ങൾ എഴുതുകയായിരുന്നു. 'സാമ്പത്തികത്യാഗം ഒരു പരിചയപ്പെടുത്തൽ' എന്നതിനെ കുറിച്ച് ഞങ്ങൾ എഴുതുകയായിരുന്നു. ഒരുപാട് തെറ്റുകൾ വന്നു. അവസാനം വക്കീലുൽമാൽ ഫൈനൽ പകർപ്പെടുത്ത് ഇത് മിയാ അഹ്മദിന് കൊടുത്തുവരിക എന്നു പറഞ്ഞു; എന്തെങ്കിലും തെറ്റുണ്ടോയെന്ന് അദ്ദേഹം വായിച്ചുനോക്കട്ടെ! ഞാൻ പറഞ്ഞു ശരി. മിയാ അഹ്മദിന് കൊടുക്കാം. 150–200 പേജുകളുണ്ടായിരുന്നു. ഞങ്ങൾ വിചാരിച്ച് അഞ്ചാറ് ദിവസം ഞങ്ങൾക്ക് സമാധാനം കിട്ടിയെന്ന്. പക്ഷേ, അദ്ദേഹം പറയുന്നു: രാവിലെ ഞാൻ ഓഫീസിൽ വന്നപ്പോൾ ഒരു കവർ കണ്ടു. അതിൽ തെറ്റുകൾ തിരുത്തിയിട്ടുണ്ടായിരുന്നു. അടയാളങ്ങളും ഇട്ടിട്ടുണ്ടായിരുന്നു. രാത്രി മുഴുവനും ഇരുന്ന് വായിച്ച് അദ്ദേഹം രാവിലെ എത്തിച്ചതായിരുന്നു. ഇതായിരുന്നു അദ്ദേഹത്തിന്റെ ജോലിയുടെ നിഷ്കർഷത. ഇത് എല്ലാ ഉദ്യോഗസ്ഥർക്കുമുള്ള ഒരു മാതൃകയാണ്.

അദ്ദേഹം സ്വദ്ർ മജ്‌ലിസ് കാർപർദാസുമായിരുന്നു. അവിടെയും വലിയ ആഴത്തിൽ പരിശോധന നടത്തുമായിരുന്നു. അദ്ദേഹം നാളിർ ഇസ്ലാഹോ ഇർശാദുമായിരുന്നു. സമീയുല്ലാഹ് സാഹിദ് സാഹിബ് എഴുതുന്നു: ഇവിടെ താമസിക്കുന്ന മുറബ്ബിമാരുടെ കുടുംബങ്ങളുടെ ലിസ്റ്റ് തയ്യാറാക്കാൻ ഒരു ദിവസം അദ്ദേഹം എന്നോട് പറഞ്ഞു. അങ്ങനെ ഞാൻ അദ്ദേഹത്തിന് ലിസ്റ്റ് കൊടുത്തു. അപ്പോൾ തന്റെ ഭാര്യയോടൊപ്പം എല്ലാ കുടുംബങ്ങളിലും അദ്ദേഹം പോയി. അവരോട് പറഞ്ഞു, 'നിങ്ങളുടെ ഭർത്താവ് കർമരംഗത്താണ്. അതുകൊണ്ട് നിങ്ങൾക്കെന്തെങ്കിലും ബുദ്ധിമുട്ടുണ്ടെങ്കിൽ വിഷമിക്കേണ്ട. എന്നോടു വന്നുപറയുക.'

ഫരീദുർ റഹ്മാൻ സാഹിബ് ഇവിടെ തഅ്മീൽ വ തൻഫീദ് വക്കാലത്തിലെ ഉദ്യോഗസ്ഥനാണ്. ഇദ്ദേഹം പറയുന്നു: ചൗദ്ദരി മുഹമ്മദലി സാഹിബിന്റെ ഗ്രന്ഥത്തിന്റെ കമ്പോസിംഗ് ഞാനാണ് ചെയ്തത്. ഫൈനൽ മാറ്റർ കാണിക്കുന്നതിനുവേണ്ടി ചൗദ്ദരി സാഹിബ് എന്നെ അദ്ദേഹത്തിന്റെ അടുക്കലേക്കയച്ചു. ഞാൻ അദ്ദേഹത്തിന് കൊടുത്തു. അല്പസമയം അവിടെനിന്നു. അപ്പോൾ അദ്ദേഹം ചോദിച്ചു. എന്തെങ്കിലും കാര്യമുണ്ടോ? ഞാൻ പേടിച്ച് പേടിച്ച് പറഞ്ഞു. എന്റെ ഉമ്മയുടെ ഓപ്പറേഷനാണ്. പറയുന്നു: ഞാൻ ഇത്രമാത്രമേ പറഞ്ഞുള്ളൂ അദ്ദേഹം ചോദിച്ചു, എത്ര പണം വേണം. തന്റെ മേശയിൽനിന്ന് ചെക്ക് ബുക്ക് എടു

ത്ത് മേശയുടെമേൽ വെച്ചു. ഏഴായിരം രൂപ വേണമെന്ന് ഞാൻ പറഞ്ഞു. എന്റെ ബില്ല് വരുമ്പോൾ അതിൽനിന്ന് പിടിച്ചുകൊള്ളാനും പറഞ്ഞു. പക്ഷേ, അദ്ദേഹം തന്റെ വ്യക്തിപരമായ അക്കൗണ്ടിൽനിന്ന് എനിക്ക് ചെക്ക് നല്കി. ദുആ ചെയ്യാമെന്നും പറഞ്ഞു. ബിൽ വരട്ടെ, പിടിക്കുകയോ പിടിക്കാതിരിക്കുകയോ ചെയ്യട്ടെ. അതൊന്നും താങ്കളുമായി ബന്ധപ്പെട്ട കാര്യമല്ല. താങ്കൾ ഈ പൈസ കൊണ്ടുപോകുക. ഇനി എന്താവശ്യമുണ്ടെങ്കിലും എന്റെയടുത്ത് വരിക. ഭയപ്പെടേണ്ട. ഇപ്രകാരംതന്നെ ഹാഫിള് സാഹിബും എഴുതിയിട്ടുണ്ട്. ഖിലാഫത്തിനോട് അദ്ദേഹത്തിന് പ്രത്യേക ബന്ധമായിരുന്നു. അത് എല്ലാ അവസരത്തിലും പ്രകടമായിരുന്നു. അദ്ദേഹത്തെ നാളിർ അഅ്‌ലാ ആക്കിയപ്പോൾ അഞ്ചു മന്റെ മീറ്റിംഗിൽ നാളിർമാരുടെ മുമ്പിൽ അദ്ദേഹം പറഞ്ഞ ആദ്യത്തെ കാര്യം 'എന്നെ സഹായിക്കാൻ പറയേണ്ട ആവശ്യം എനിക്കില്ല. കാരണം അത് ജമാഅത്തിന്റെ ഖുദ്ദാം എന്തായാലും ചെയ്യും. കാരണം ഖലീഫത്തുൽ മസീഹാണ് എന്നെ നിശ്ചയിച്ചിട്ടുള്ളത്. പക്ഷേ, എനിക്ക് നിങ്ങളുടെ ദുആയുടെ ആവശ്യമുണ്ട്. കാരണം ചിലയാളുകളുടെ കാലടികളിൽ ഇടം പിടിച്ചുപറ്റുക എന്നത് വളരെ ദുഷ്കരമാണ്.'

നളാറത്തെ ദീവാനിൽനിന്ന് മാറുകയും നാളിർ അഅ്‌ലാ ആക്കുകയും ചെയ്തപ്പോൾ അദ്ദേഹത്തിന്റെ ഒരു ഉദ്യോഗസ്ഥനെഴുതുന്നു:'ഓഫീസിൽ പോകുന്നതിനുമുമ്പേ ഞങ്ങളെ കാണാൻ ഓഫീസിൽ വന്നു. പറഞ്ഞു, നിങ്ങളിൽനിന്ന് അവധിയെടുക്കാൻ വന്നതാണ്. ഈ വാക്കുകൾ കേട്ട് ഞങ്ങളുടെ മനസ്സ് വികാരഭരിതമായി. ഞങ്ങൾ പറഞ്ഞു, മിയാൻ സാഹിബ് താങ്കൾ ഇവിടെ ഇരിക്കുക, അല്ലെങ്കിൽ ഞങ്ങളേയും കൂടെക്കൊണ്ടുപോകുക. അപ്പോൾ അദ്ദേഹം പുഞ്ചിരിച്ചുകൊണ്ടു പറഞ്ഞു: 'ഞാൻ തന്നെയും ഖലീഫത്തുൽ മസീഹിന്റെ കല്പനയാലാണ് പോകുന്നത്.' പിന്നീടു കുറച്ചു ദിവസങ്ങൾക്കുശേഷം തന്റെ റബ്ബിന്റെ അടുക്കലേക്ക് പോകുകയും ചെയ്തു. എല്ലാ ഓരോരുത്തരും തങ്ങളുടെ ഊഴമനുസരിച്ച് പോകേണ്ട സ്ഥലത്താണ് ഇദ്ദേഹം പോയത്. പക്ഷേ, അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടി തങ്ങളുടെ ജീവിതം നയിക്കാൻ ശ്രമിക്കുന്നവർ ഭാഗ്യവാന്മാരാണ്. അല്ലാഹു അദ്ദേഹത്തിന്റെ ദർജകൾ ഉയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ നന്മകൾ ചെയ്യാനും അദ്ദേഹത്തിന്റെ മക്കൾക്ക് ആ നന്മകളിൽ നിലകൊള്ളാനും അല്ലാഹു തൗഫീഖ് നല്കുമാറാകട്ടെ. ഏതുരീതിയിലാണോ കൂറോടുകൂടി അദ്ദേഹം തന്റെ വഖ്ഫിനെ നിറവേറ്റിയത് തന്നിൽ അർപിക്കപ്പെട്ട സേവനങ്ങൾ നിറവേറ്റിയത് അതേപോലെ മറ്റു വാഖ്ഫീനെ സിന്ദഗിക്കും ഭാരവാഹികൾക്കും നിറവേറ്റാൻ തൗഫീഖ് നല്കുമാറാകട്ടെ. അല്ലാഹു ജമാഅത്തിന് ഭാവിയിലും നല്ലവരും സാത്വികരും കൂറോടുകൂടി സേവനം ചെയ്യുന്നവരുമായ ഉദ്യോഗസ്ഥരെ ലഭ്യമാക്കുമാറാകട്ടെ.

ഞാൻ നമസ്കരിക്കാൻ പോകുന്ന രണ്ടാമത്തെ ജനാസ ഗാഇബ് ദേപാനൗ ഫർഖ് ഹൂദ് സാഹിബയുടേതാണ്. ജനുവരി 26 ന് 47–ാം വയസിൽ അവർ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. അമിതരക്ത സമ്മർദ്ദവും കുടലുകളിലുണ്ടായ ഇൻഫക്ഷനുമായിരുന്നു മരണ കാരണം.

ഓപ്റേഷൻ നടന്നു. പക്ഷേ, ഒരാഴ്ചയ്ക്കു ശേഷം ഇഹലോകവാസം വെടിഞ്ഞു. ദീർഘമായ രോഗം അവർ അനുഭവിച്ചു. 15–ാം വയസ്സിൽ അവരുടെ രണ്ടു വൃക്കകളും പ്രവർത്തന രഹിതമായിരുന്നു. പക്ഷേ, എന്നിട്ടും അഹ്മദിയായ കാലംമുതൽ അവർ നമസ്കാരം കൃത്യസമയത്ത് നമസ്കരിക്കുമായിരുന്നു. തഹജ്ജുദും ശ്രദ്ധിച്ചിരുന്നു. വിശുദ്ധ ഖുർആൻ പാരായണവും ചെയ്യാറുണ്ടായിരുന്നു. അവർ ക്രൈസ്തവമതത്തിൽനിന്നാണ് അഹ്മദിയായത്. 2004–ൽ അവർ ഇസ്‌ലാം സ്വീകരിച്ചു. അതിനുശേഷം മുടങ്ങാതെ നമസ്കരിക്കുകയും ഖുർആൻ പാരായണം ചെയ്യുകയും തഹജ്ജുദ് നമസ്കരിക്കുകയും ചെയ്തു. മുസ്‌ലീംകളുടെ അവസ്ഥയിൽ ഇക്കാലത്ത് എന്തോ മോശമായ കാര്യമുണ്ടെന്ന ബോധം അവർക്കുണ്ടായിരുന്നു. അവർ അഹ്മദിയ്യത്തിനെക്കാൾ മുമ്പേ ഇസ്‌ലാം സ്വീകരിച്ചിരുന്നു. പിന്നീടാണ് അഹ്മദി മുസൽമാനായത്. അവസാന കാലത്തെ സംബന്ധിച്ചുള്ള നബി(സ)തിരുമേനിയുടെ പ്രവചനങ്ങളുടെ യാഥാർഥ്യത്തെ സംബന്ധിച്ച് അന്വേഷണം നടത്താൻ തുടങ്ങി. ഇക്കാരണത്താലാണ് പിന്നീട് അഹ്മദിയ്യത്ത് സ്വീകരിച്ചത്. ഇവർ പറയുന്നു, മെല്ലെ മെല്ലെ മരണത്തിലേക്ക് പോകുകയാണെന്ന് അവർക്ക് തോന്നിയിരുന്നു. അങ്ങനെ ഇസ്‌ലാം സ്വീകരിച്ചപ്പോൾ മരണത്തിന്റെ ഏകദേശം മടിത്തട്ടിലായിരുന്നു. ഇവർ അല്ലാഹുവിനെ കണ്ടുമുട്ടിയതു മുതൽ ഇവരുടെ ഹൃദയം പുതിയ ശ്വാസം വലിക്കുകയായിരുന്നുവെന്ന് അമുസ്‌ലിമായ അവരുടെ ഡോക്ടർ പറയാറുണ്ടായിരുന്നു. ഇസ്‌ലാം അഹ്മദിയ്യത്ത് സ്വീകരിക്കുന്നതിനു മുമ്പേ ഇവർക്ക് hepatitis(ഹെപറ്റൈറ്റിസ്)എന്ന രോഗമുണ്ടായിരുന്നു. എന്നാൽ, ബയ്അത്തു ചെയ്തതിനുശേഷം ഇവർക്ക് അല്ലാഹു അത്ഭുതകരമായ ശിഫാ പ്രദാനം ചെയ്തിരുന്നു. അത്ഭുതകരമായ ഈ ശിഫായെ കുറിച്ച് തന്റെ കുടുംബക്കാരോടു മിക്കപ്പോഴും പറയാറുണ്ടായിരുന്നു. രണ്ടു പ്രാവശ്യം ഇവർ ഞാനുമായി കണ്ടിട്ടുണ്ട്. എപ്പോഴും വലിയ ആത്മാർഥതയും കൂറും പ്രകടിപ്പിച്ചിരുന്നു.

അമീർ സാഹിബ് പറയുന്നു: ഞാൻ കുറച്ചു ദിവസം മുമ്പേ അവരെ കാണാൻ പോയിരുന്നു. ഭക്ഷണം തയ്യാറാക്കിയിട്ടുണ്ടായിരുന്നു. ഇതിന്റെ ആവശ്യമെന്തായിരുന്നുവെന്ന് ഞാൻ ചോദിച്ചു. അപ്പോൾ അവർ പറഞ്ഞു: 'താങ്കൾ ആദ്യമായാണ് എന്റെ വീട്ടിൽ വരുന്നത്. കാലത്തിന്റെ ഖലീഫയുടെ പ്രതിനിധി എന്ന നിലയിലാണ് വന്നിട്ടുള്ളത്.' എപ്പോഴും അവരുടെ വീട്ടിൽ എം.ടി.എ വെച്ചിട്ടുണ്ടാകും.

അല്ലാഹു ഇവരുടെ ദർജകൾ ഉയർത്തുമാറാകട്ടെ. മഗ്ഫിറത്തോടും കരുണയോടുംകൂടി പെരുമാറട്ടെ. ഇവരുടെ കുടുംബവും അഹ്മദിയാകണമെന്നത് ഇവരുടെ ആഗ്രഹമായിരുന്നു. അല്ലാഹു ഇവരുടെ ആഗ്രഹം പൂർത്തിയാക്കുമാറാകട്ടെ.

**(പേജ് 1ൽനിന്ന്)**

*ഫൽഹംദുലില്ലാഹി അലാ ദാലിക്*

**ദൃഷ്ടാന്തം 117:** ഒരിക്കൽ ഒരു ആര്യസമാജക്കാരനായ മലാവാമൽ ക്ഷയരോഗത്തിലകപ്പെട്ടു. ജീവിക്കുമെന്നുള്ള പ്രതീക്ഷയ്ക്ക് മങ്ങലേൽക്കാൻ തുടങ്ങി. വിഷമുള്ള ഒരു പാമ്പ് കടിച്ചതായി അയാൾ സ്വപ്നം കണ്ടു. ഒരു ദിവസം അയാൾ തന്റെ ജീവിതത്തിൽ നിരാശനായി എന്റെ അടുത്തുവന്ന് കരഞ്ഞു. ഞാൻ അയാൾക്കുവേണ്ടി ദുആ ചെയ്തു. **ഖുൽനായാ നാറു കൂനീ ബർദൻ വ്വ സലാമാ** എന്ന് മറുപടി കിട്ടി. അതായത് നാം പനിയുടെ ചൂടിനോടു പറഞ്ഞു: 'തണുക്കുകയും സമാധാനിയാകുകയും ചെയ്യുവിൻ.' അങ്ങനെ ഒരാഴ്ചയ്ക്കു ശേഷം അയാൾ പൂർണ ആരോഗ്യവാനായി. ഇപ്പോഴും അയാൾ ജീവിച്ചിരിക്കുന്നു. നോക്കൂ. ബറാഹീനെ അഹ്മദിയ്യാ പേജ് 227. എന്നാൽ, അയാളുടെ സാക്ഷ്യത്തിന് സത്യം ചെയ്യിക്കേണ്ട ആവശ്യം വേണ്ടിവരും.

**ദൃഷ്ടാന്തം 118:** ഒരിക്കൽ ഒരു ക്രിമിനൽ കേസ്(അത് കറംദീൻ ജഹ്‌ലമി എനിക്കെതിരെ കൊടുത്തതാണ്) കാരണത്താൽ ഗുരുദാസ്പൂരിൽ ഉണ്ടായിരുന്നപ്പോൾ എനിക്ക് ഇൽഹാമുണ്ടായി. **യസ്അലൂനക്ക അനിശാനിക്ക ഖുലില്ലാഹു ഥുമ്മ ദർഹും ഫീ ഖൗളിഹിം യൽഅബൂൻ.** അതായത് നിന്റെ തേജോവിലാസമെന്താണെന്നും നിന്റെ സ്ഥാനമെന്താണെന്നും ചോദിക്കുന്നതാണ്. പറയു: അവൻ ദൈവമാകുന്നു; അവനാണ് എനിക്ക് ഈ സ്ഥാനം നല്കിയത്. പിന്നീട് അവരെ അവരുടെ കളിതമാശകളിൽ വിടുക. അങ്ങനെ ഞാൻ ഈ ഇൽഹാം എന്നോടൊപ്പം ഗുരുദാസ്പൂരിലുണ്ടായിരുന്ന സംഘത്തെ–അവർ 40–ൽ കുറവായിരുന്നില്ല– കേൾപ്പിച്ചു. അവരിൽ മൗലവി മുഹമ്മദ് അലി സാഹിബ് എം.എ, ഖ്വാജ കമാലുദ്ദീൻ സാഹിബ് ബി.എ പ്ലീഡറും ഉണ്ടായിരുന്നു. അതിനുശേഷം നാം കച്ചേരിയിൽ പോയപ്പോൾ എതിർകക്ഷിയുടെ വക്കീൽ എന്നോടു ചോദിച്ചു. താങ്കളുടെ തേജോവിലാസവും താങ്കളുടെ സ്ഥാനവും താങ്കൾ തിര്യാഖുൽഖുലൂബ് എന്ന ഗ്രന്ഥത്തിൽ എഴുതിയിട്ടുള്ളതുപോലെയാണോ? അതേ! ദൈവകൃപയാൽ ഇതേ സ്ഥാനമാണെന്ന് ഞാൻ പറഞ്ഞു. അവൻ തന്നെയാണ് ഈ സ്ഥാനം എനിക്ക് പ്രദാനം ചെയ്തിരിക്കുന്നതെന്ന്. അപ്പോൾ അല്ലാഹുവിൽനിന്ന് സുബ്ഹി നേരത്തുണ്ടായ ആ ഇൽഹാം ഏകദേശം അസ്റിന്റെ നേരത്ത് പുലർന്നു. അത് നമ്മുടെ ജമാഅത്തിന്റെ ഈമാൻ വർധിക്കാൻ നിമിത്തമായി.

**(ഹഖീഖത്തുൽ വഹ്‌യ്, റൂഹാനീ ഖസായീൻ, വാല്യം 22, പേജ് 275)**


## നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ. വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.


## ഇർശാദെ നബ്‌വി(സ):–

**"രക്തബന്ധം അർശിൽ ബന്ധിക്കപ്പെട്ടിരിക്കുന്നു. എന്നോടു ബന്ധം ചേർക്കുന്നവനെ അല്ലാഹു ബന്ധപ്പെടുത്തട്ടെ."**

**(ബുഖാരി, മുസ്‌ലിം)**

**ത്വാലിബെ ദുആ:**

**റഹ്മാൻ ശക്കീറും കുടുബവും അഹ്മദിയ്യാ ജമാഅത്ത്, കരുളായി (കേരള)**

## ഇർശാദെ നബ്‌വി(സ):–

**"ഒരു വ്യക്തി തന്റെ പിതാവിന്റെ സ്നേഹിതന്മാരോടു നല്ല നിലയിൽ വർത്തിക്കലാണ് നന്മയിൽ വെച്ചേറ്റവും വലുത്."**

**(മുസ്‌ലിം)**

**ത്വാലിബെ ദുആ:**

**പരേതനായ അബ്ദുർറഹ്മാൻ തങ്ങൾ സാഹിബിന്റെ കുടുംബം അഹ്മദിയ്യാ ജമാഅത്ത് ചാവക്കാട് (കേരള)**

(പേജ് 2ൽനിന്ന്)

ആകുന്നില്ല. സ്വദർ ഖുദ്ദാമുൽ അഹ്മദിയ്യാ എന്ന നിലയിൽ ചെറുപ്പക്കാരെ ജൽസയുടെ ജോലികളിൽ ചേർക്കേണ്ടത് താങ്കളുടെ ജോലിയാണ്. ജൽസയുടെ ഡ്യൂട്ടികളിൽ അവരെ പങ്കെടുപ്പിക്കുക. കബാബീർ അമീർ സാഹിബുമായി സംസാരിക്കുക; യുവജനവിഭാഗത്തെ എങ്ങനെ ജൽസാ ജോലികളിൽ പങ്കെടുക്കാൻ കഴിയുമെന്നതിനെ കുറിച്ച് ചർച്ച ചെയ്യുക.'

ഹുദൂർ പറഞ്ഞു: 'മസ്ജിദിൽവന്ന് മുടങ്ങാതെ നമസ്കരിക്കുംവിധം യുവാക്കൾക്ക് തർബിയ്യത്ത് കൊടുക്കുക; മുടങ്ങാതെ എം.ടി.എ ചാനൽ കാണുന്നവരാക്കുക. എന്റെ ജുമുഅ ഖുത്ബകളും പ്രഭാഷണങ്ങളും കേൾക്കുക.'

കബാബീർ സംഘവുമായുള്ള ഹുദൂറിന്റെ ഈ കൂടിക്കാഴ്ച 11.50വരെ തുടർന്നു. കൂടിക്കാഴ്ചയുടെ അവസാനം എല്ലാ അംഗങ്ങളും ഹുദൂറുമായി കുടുംബാംഗങ്ങളോടൊത്ത് ഫോട്ടോ എടുത്തു.

ഹുദൂർ വിദ്യാർഥി വിദ്യാർഥിനികൾക്ക് പേനകളും ചെറിയ കുട്ടികൾക്ക് ചോക്ലേറ്റും നല്കി.

**ഗാംബിയാ(Gambia)യിലെ കൃഷിവകുപ്പ് മന്ത്രിയുടെ കൂടിക്കാഴ്ച**

അതിനുശേഷം ഹുദൂർ ഓഫീസിൽ വന്നു. അവിടെ പരിപാടിയനുസരിച്ച് ഗാംബിയാ (Gambia)യിൽനിന്നുവന്ന, അവിടത്തെ കൃഷി വകുപ്പ് മന്ത്രി ആദരണീയനായ Omar A Jallow സാഹിബ് ഹുദൂറുമായി കൂടിക്കാഴ്ച നടത്തി.

കൃഷിവകുപ്പിൽ ഗാംബിയാ സ്വയം പര്യാപ്തത നേടിയിട്ടുണ്ടോ എന്ന് ഹുദൂർ അദ്ദേഹത്തോടു ചോദിച്ചു. തങ്ങൾ ഇപ്പോൾ സ്വയം പര്യാപ്തരല്ലെന്ന് അദ്ദേഹം പറഞ്ഞു.

ഹുദൂർ പറഞ്ഞു: 'ഗാംബിയാ അതിന്റെ ജനവാസത്തിന്റേയും സ്ഥലത്തിന്റേയും അടിസ്ഥാനത്തിൽ ചെറിയ രാജ്യമാണ്. കൃഷിയുടെ രംഗത്ത് സ്വയം പര്യാപ്തത നേടാൻ കഴിയുന്നതാണ്.'

ഗാംബിയായിലെ അമീർ സാഹിബിനോടു ഹുദൂർ പറഞ്ഞു: 'താങ്കൾ പദ്ധതി ഉണ്ടാക്കുക. പാക്കിസ്താനിൽനിന്ന് കൃഷിയിൽ വിദഗ്ധരായിട്ടുള്ളവരെ അയക്കാൻ നമുക്ക് കഴിയും. കൃഷിയുടെ രംഗത്ത് ടെക്നോളജി ഉപയോഗിച്ച് ഫലമെത്തിക്കാൻ കഴിയുന്നതാണ്.'

ഹുദൂർ പറഞ്ഞു: 'ഗാംബിയായെ മോഡൽ വില്ലേജാക്കി ഞങ്ങൾ നിങ്ങൾക്ക് കാണിച്ചു തരുന്നതാണ്. എന്നല്ല, ഗാംബിയായിലെ ഏതെങ്കിലും റിമോട്ട് ഏരിയായിൽ ഈ വില്ലേജ് രൂപം കൊള്ളുന്നുമുണ്ട്. ഇവിടെ സോളാർ സിസ്റ്റത്തിലൂടെ വൈദ്യുതി ലഭ്യമാക്കുന്നുണ്ട്. എല്ലാ വീട്ടിലും കുടിവെള്ളമെത്തിക്കുന്നതിനുള്ള പൈപ്പിന്റെ നെറ്റ്വർക്ക് ഉണ്ടായിരിക്കും. ഓവർ ഹെഡ് വാട്ടർ ടാങ്ക്, കൃഷിസ്ഥലം, ടെക്നിക്കൽ ട്രെയിനിംഗിനുവേണ്ടി കമ്മ്യൂണിറ്റി സെന്റർ സ്ഥാപിക്കുന്നതാണ്. നല്ല റോഡുകളും, റോഡുകളിൽ വെളിച്ചത്തിനുള്ള സംവിധാനങ്ങൾ തുടങ്ങിയവയും ഉണ്ടാകും. മസ്ജിദില്ലെങ്കിൽ, മസ്ജിദിന്റെ സ്ഥാപനവും ആ മോഡൽ വില്ലേജിൽ ഉണ്ടാകുന്നതായിരിക്കും.'

മന്ത്രി പറഞ്ഞു: 'ഞാൻ അങ്ങയെ ബഹുമാന ദൃഷ്ടിയോടെ നോക്കിക്കാണുന്നു. അഹ്മദിയ്യാ ജമാഅത്ത് വിവിധ വകുപ്പുകളിൽ പൊതുജനങ്ങളെ സേവിച്ചുകൊണ്ടിരിക്കുന്നു. ഞങ്ങൾ അതിനെ വിലമതിക്കുന്നു. അങ്ങയ്ക്ക് നന്ദി പറഞ്ഞുകൊള്ളുന്നു.

☆ ജൽസാസാലാനയെ പ്രതിപാദിച്ചുകൊണ്ട് മന്ത്രി പറഞ്ഞു: ജൽസാസാലാനയുടെ ഒരുക്കങ്ങളും അച്ചടക്കവും വളരെ ഉന്നതമായിരുന്നു. മുപ്പതിനായിരത്തിലധികമാളുകൾ വളരെ സമാധാനത്തോടെ ഒരിടത്ത് ഉണ്ടാകുക. പക്ഷേ, അവിടെ ഒരു വഴക്കും കലഹവുമില്ല. ഞാൻ ഇക്കാരത്തിൽ വളരെ ആകർഷിതനാണ്. ഞാൻ ഇവിടെനിന്ന് വളരെയധികം പഠിച്ചു. ഗാംബിയായിലും ഇങ്ങനെ ഉണ്ടാകേണ്ടതാണ്. ഇതേ നടപടി ഗാംബിയായിലും സ്വീകരിക്കേണ്ട ആവശ്യമുണ്ട്.

☆ ഹുദൂർ പറഞ്ഞു: ഞാൻ ഇൻശാ അല്ലാഹ് ഗാംബിയായിൽ വരുന്നതാണ്.

അദ്ദേഹം തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: ഹുദൂറിന്റെ ഉൽഘാടനപ്രഭാഷണം അങ്ങേയറ്റം ആകർഷണീയവും ജ്ഞാനനിർഭരവുമായിരുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം മാനവികതയുടെ യഥാർഥ champion ആണ്. അദ്ദേഹം ജൽസയുടെ ഏർപാടുകളിലെല്ലാം വളരെ ആകർഷിതനായി. പറഞ്ഞു: ഇക്കാലത്ത് എപ്പോഴും പുഞ്ചിരിക്കുന്ന മുഖത്തോടെ പരസ്പരം കൂടിക്കാണുക എന്നത് അസാധ്യമാണ്. അതിഥികളെ ശ്രദ്ധിക്കുന്ന രീതി വളരെ ഉദാത്തമാണ്. അശനപാനീയങ്ങളുടെ ഏർപ്പാട് ഉന്നതനിലവാരം പുലർത്തുന്നതും താമസത്തിന്റേയും യാത്രയുടേയും ഏർപ്പാടുകൾ വളരെ ഉത്തമവുമായിരുന്നു. ഈ ജൽസയിൽ പങ്കെടുത്തതിനുശേഷം വരുംകാലങ്ങളിലെ ജൽസകളിലും ആവർത്തിച്ചാവർത്തിച്ച് പങ്കെടുക്കണമെന്നാണ് എന്റെ ആഗ്രഹം. അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം ഗാംബിയായിൽ വരണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. തന്റെ അനുഗൃഹീതമായ കാലുകളുടെ സ്പർശം ഗാംബിയായേയും അന്തസുള്ളതാക്കിതീർക്കണം. ഞാൻ മടങ്ങിച്ചെന്ന് ഗാംബിയൻ പ്രസിഡന്റിന് റിപ്പോർട്ട് നല്കുന്നതാണ്. ഇൻശാഅല്ലാഹ് ഞങ്ങൾ ഹുദൂറിനെ ക്ഷണിക്കുന്നതായിരിക്കും. ഹുദൂർ അൻവറിനെ സ്റ്റേറ്റ് ഗസ്റ്റായിട്ടായിരിക്കും ഞങ്ങൾ ക്ഷണിക്കുക. സ്റ്റേറ്റിന്റെ പൂർണമായ പ്രോട്ടോക്കോളോടുകൂടി ഹുദൂർ ഗാംബിയായിൽ പര്യടനം നടത്തുന്നതായിരിക്കും.

ഹുദൂറുമായിട്ടുള്ള കൂടിക്കാഴ്ചയ്ക്കുശേഷം അദ്ദേഹം വലിയ സന്തോഷവാനായി. പറഞ്ഞു: ഹുദൂറിനെ കണ്ടതിനുശേഷം ഒരു മനസ്സമാധാനം കിട്ടുന്നു. ഹുദൂറിന്റെ ദിവ്യജ്യോതിസ് നിറഞ്ഞ മുഖകമലം മനസ്സിലും ബുദ്ധിയിലും അത്ഭുതകരമായ സ്വാധീനം ചെലുത്തുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം മുഴുലോകത്തിന്റേയും ഖലീഫയായിരുന്നിട്ടുകൂടി എത്ര മാത്രം വിനയനായ മനുഷ്യനാണ്. ഇത്രമാത്രം പ്രിയങ്കരനും വിനയനുമായ മനുഷ്യൻ ലോകത്തിന്റെ നേതാവാണെന്ന് തോന്നുകയേയില്ല.

മന്ത്രിയുടെ ഹുദൂറുമായുള്ള ഈ കൂടിക്കാഴ്ച 12.10 വരെ തുടർന്നു. കൂടിക്കാഴ്ചയുടെ അവസാനം അദ്ദേഹം ഹുദൂറുമൊത്ത് ഫോട്ടോയെടുക്കാനുള്ള ഭാഗ്യവും കരസ്ഥമാക്കി.

**ഹെയ്റ്റി(Haiti)യിൽ നിന്നുള്ള സംഘവുമായി ഹുദൂറിന്റെ കൂടിക്കാഴ്ച:**

അതിനുശേഷം 12.15ന് ഹെയ്റ്റിയിൽനിന്ന് വന്ന സംഘം ഹുദൂറുമായി കൂടിക്കാഴ്ച നടത്തി.

☆ ഹെയ്റ്റിയിൽനിന്ന് വന്ന അതിഥികളിൽ ഹെയ്റ്റിയുടെ പ്രസിഡണ്ടിന്റെ പ്രതിനിധി എന്ന നിലയിൽവന്നത് ജ്ഞ.Joseph Pierre Richard Duplan ആയിരുന്നു, രണ്ടാമത്തെ അതിഥി Mr. Evens Souffrant ഹെയ്റ്റി മതകാര്യ മന്ത്രാലയത്തിന്റെ ഹെഡ്ഡാണ്.

☆ രണ്ട് അതിഥികളും ജൽസാസാലാനയുടെ എല്ലാ ഒരുക്കങ്ങളും നല്ലതായിരുന്നുവെന്ന് പരസ്യമായി പറഞ്ഞു. 'തങ്ങൾക്ക് എല്ലാ പ്രവർത്തകരിലും വിനയവും എളിമയുമാണ് കാണാൻ കഴിഞ്ഞത്. ഉന്നതനിലയിലുള്ള അച്ചടക്കമായിരുന്നു. എവിടേയും ഒരു സാഹോദര്യം കാണാമായിരുന്നു. ഒരിടത്ത് ധാരാളമാളുകൾ ഒരുമിച്ച് കൂടി. പക്ഷേ, അവരുടെയിടയിൽ ഒരു തരത്തിലുള്ള ഏറ്റുമുട്ടലും കണ്ടില്ല. ഭക്ഷണത്തിനുവേണ്ടി തിക്കും തിരക്കും ഉണ്ടാക്കുന്നതും കണ്ടില്ല. മറിച്ച് ഞങ്ങൾ കണ്ടത് അവരിൽ ഓരോരുത്തരും മറ്റുള്ളവർക്ക് മുൻഗണന കൊടുക്കുന്നതാണ്. ഞങ്ങളുടെ ഈ യാത്ര അഹ്മദിയ്യത്തിന്റെ യഥാർഥ ചിത്രം ഞങ്ങളുടെ മുമ്പിൽ വെച്ചുതന്നു. ഞാൻ അഹ്മദിയ്യാ ജമാഅത്തിനെ അനുമോദിക്കുന്നു. മറ്റു മതങ്ങളോട് ചേർന്നുകൊണ്ട് പ്രവർത്തിക്കാൻ പറ്റിയ ജമാഅത്ത് ഇതൊന്നുമാത്രമാണെന്ന് ഞാൻ പരസ്യമായി പറയുകയാണ്.'

☆ ഹുദൂർ പറഞ്ഞു: 'നിങ്ങൾ ജൽസയിൽ വന്നതിന് നന്ദി.' അപ്പോൾ അതിഥികൾ പറഞ്ഞു: 'ഞങ്ങളും ഹുദൂറിന് നന്ദി പറയുകയാണ്. താങ്കൾ ഞങ്ങളെ ക്ഷണിക്കുകയും ഞങ്ങൾക്കുവേണ്ടി നല്ല ഏർപ്പാടുകൾ ചെയ്യുകയും ഞങ്ങളെ ആദരിക്കുകയും ചെയ്തു.

☆ ഹുദൂർ പറഞ്ഞു: 'ഹെയ്റ്റിയിൽ ഇപ്പോൾ ജമാഅത്ത് രജിസ്റ്റർ ചെയ്തിട്ടില്ല. ഇപ്പോൾ നിങ്ങൾ ഇവിടെ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ജൽസയിൽ 30,000 ൽ അധികമാളുകൾ പങ്കെടുത്തത് നിങ്ങൾ കണ്ടു. പരസ്പരം ചിരിച്ചുകൊണ്ടാണ് അവർ ബന്ധപ്പെട്ടത്. പരസ്പരം സ്നേഹത്തിന്റേയും പ്രീതിയുടേയും അന്തരീക്ഷമായിരുന്നു. ഒരു വഴക്കോ കലഹമോ ഇല്ല. ഒരു ഐക്യത്തിന്റെ മാതൃക നിങ്ങൾ കണ്ടു. ഇതുതന്നെയാണ് ഇസ്ലാമിന്റെ സത്യസന്ധവും യഥാർഥവുമായ അധ്യാപനം. സ്നേഹവും പ്രീതിയുംസാഹോദര്യവും ഐക്യവും ശാന്തിയും സമധാനവുമാണ് ഇസ്ലാമിന്റെ മുഖമുദ്ര.'

☆ ഹെയ്റ്റിയിലെ പ്രസിഡണ്ടിന്റെ പ്രതിനിധി Mr.Joseph Pierre Richard Duplan സാഹിബ് തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: 'ഏതുതരത്തിലുള്ള മുസ്ലിംകളാണെന്നും അവിടെചെന്നാൽ ഞാൻ എന്താകുമെന്നുമൊക്കെയുള്ള ആശങ്ക ജൽസയിൽ പങ്കെടുക്കുന്നതിനുമുമ്പേ എന്റെ മനസ്സിലുണ്ടായിരുന്നു. പക്ഷേ, ജൽസയിൽ പങ്കെടുത്തതിനുശേഷം എന്റെ എല്ലാത്തരം സന്ദേഹങ്ങളും സംശയങ്ങളും അകന്നുപോയി. എല്ലാ ഓരോ ലാളിത്യത്തിന്റേയും സഹിഷ്ണുതയുടേയും ദൃശ്യങ്ങൾ കണ്ടു. എല്ലാ ഭാഗത്തും സാഹോദ

**ഇർശാദെ നബ്‌വി(സ):-**

"നീ അല്ലാഹുവിനെ മാത്രം ആരാധിക്കുക. അവനോടു മറ്റൊന്നിനേയും പങ്കുചേർക്കരുത്. നീ നമസ്കരിക്കുകയും സക്കാത്തു കൊടുക്കുകയും കുടുംബബന്ധം ചേർക്കുകയും ചെയ്യുക.'

(ബുഖാരി, മുസ്‌ലിം)

**ത്വാലിബെ ദുആ:**

കെ. മുഹമ്മദ് ശരീഫും കുടുംബവും അഹ്മദിയ്യാ ജമാഅത്ത്, വാണിയമ്പലം (കേരള)

**ഇർശാദെ നബ്‌വി(സ):-**

അല്ലാഹുവിനോടു പങ്കു ചേർക്കലും മാതാപിതാക്കളെ അനുസരിക്കാതിരിക്കലും കളവുപറയലും കള്ളസാക്ഷ്യം വഹിക്കലുമാണ് വൻപാപങ്ങൾ."

(ബുഖാരി, മുസ്‌ലിം)

**ത്വാലിബെ ദുആ:**

അഹ്മദിയ്യാ ജമാഅത്തംഗങ്ങൾ മുറിയക്കണ്ണി (കേരള)

ര്യത്തിന്റെ അന്തരീക്ഷമായിരുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമുമായി കൂടിക്കാഴ്ച നടന്നപ്പോൾ അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ കൈയിൽ ആത്മീയതയുടെ പ്രകാശം മാത്രമല്ല മറിച്ച് ഭൗതികമായ ജ്ഞാനങ്ങളും വളരെയധികമുണ്ടെന്ന് മനസ്സിലായി. കൂടിക്കാഴ്ചാവേളയിൽ എനിക്ക് തോന്നിയത് എനിക്കും അദ്ദേഹത്തിനുമിടയിൽ ഒരു പ്രത്യേക connection ഉണ്ടെന്നാണ്. തീർച്ചയായും അദ്ദേഹം ഈ മഹത്തായ ആത്മീയപ്രവർത്തനത്തിനുവേണ്ടി അല്ലാഹുവിൽനിന്ന് പ്രത്യേകമായ നിലയിൽ തയ്യാറാക്കപ്പെട്ടയാളാണ്. അദ്ദേഹത്തിന്റെ സംസാരം മാസ്മരികതനിറഞ്ഞതും അസാധാരണമായ യുക്തികൊണ്ട് ഭരിതവുമായിരുന്നു. ചുണ്ടുകളിൽ ഒരു മന്ദഹാസം. അതിലൂടെ അദ്ദേഹത്തെ കാണുന്ന ഓരോരുത്തരും അദ്ദേഹത്തിൽ ആകൃഷ്ടനാകുമായിരുന്നു. ഞാൻ ഒരു മതപരമായ മനുഷ്യനൊന്നുമല്ല. പക്ഷേ, ഈ ജൽസയിൽ പങ്കെടുത്തും അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിനെ കണ്ടതിനുശേഷവും എന്റെ മനസ് പറയുന്നത് ഏതെങ്കിലും സത്യമായ മതമുണ്ടെങ്കിൽ അത് ഇസ്ലാം അഹ്മദിയ്യത്താണെന്നാണ്.'

ഹെയ്റ്റി സംഘത്തിന്റെ ഹുദൂറുമായുള്ള ഈ കൂടിക്കാഴ്ച 12.25വരെ തുടർന്നു. അവസാനം സംഘത്തിലെ അംഗങ്ങൾ ഹുദൂറുമൊത്ത് ഫോട്ടോയുമെടുത്തു. അതിനുശേഷം പരിപാടിയനുസരിച്ച് ഫിലിപ്പീൻസ്(Philippines)ൽനിന്നുള്ള സംഘം 12.30ന് ഹുദൂറുമായി കൂടിക്കാഴ്ച നടത്തി.

**ഫിലിപ്പീൻസ് സംഘവുമായുള്ള കൂടിക്കാഴ്ച:**

ഫിലിപ്പീൻസിൽനിന്ന് 5 പേരടങ്ങുന്ന സംഘമാണ് ജൽസയിൽ പങ്കെടുത്തത്. അവരിൽ ഒരാൾ കോൺഗ്രസ് മാൻ Salvador Belaro jr സാഹിബും അദ്ദേഹത്തിന്റെ ഭാര്യയും ഒരു റിപ്പോർട്ടർ Elena Aben സാഹിബയുമായിരുന്നു. അവർ മനീല ബുള്ളറ്റിന്റെ സീനിയർ Correspondent ആണ്.

☆ ജേർണലിസ്റ്റിന്റെ ഒരു ചോദ്യത്തിനുള്ള മറുപടിയിൽ ഹുദൂർ പറഞ്ഞു: 'നബി(സ)തിരുമേനി 13 വർഷം മക്കയിൽ പീഡനങ്ങൾ സഹിച്ചു. പക്ഷേ, ഒരു അക്രമത്തിനും ആക്രമണത്തിനും മറുപടി നല്കിയില്ല. 13 വർഷം അക്രമങ്ങൾ ക്ഷമിച്ചതിനുശേഷം പിന്നീട് മദീനയിൽ ഹിജ്റത്ത് ചെയ്തു. മക്കയിലെ അവിശ്വാസികൾ അവിടേയും അദ്ദേഹത്തെ വെറുതെ വിട്ടില്ല. അവർ മദീനയിൽപോയി മുസ്ലിംകളുടെമേൽ ആക്രമണം നടത്തി. ഇസ്ലാം മതത്തേയും അതിനെ വിശ്വസിച്ചവരേയും പൂർണമായി നശിപ്പിക്കുകയായിരുന്നു അവരുടെ ലക്ഷ്യം. അപ്പോഴാണ് അല്ലാഹു കല്പിച്ചത് ഇനി നിങ്ങൾ ആ ആക്രമണത്തിന് മറുപടി നല്കുക. അവരെ പ്രതിരോധിക്കുക. അവരുടെ ആക്രമണത്തിന് മറുപടി നല്കിയില്ലായിരുന്നെങ്കിൽ, പിന്നീട് സെനഗോഗുകളും ക്രിസ്ത്യൻ പള്ളികളും മസ്ജിദുകളും തർക്കപ്പെടുമായിരുന്നു. അതുകൊണ്ടാണ് എല്ലാ മതങ്ങളുടേയും ആരാധനാലയങ്ങൾ സുരക്ഷിതമായിരിക്കുന്നതിന് അല്ലാഹു മുസ്ലിംകൾക്ക് പ്രതിരോധിക്കാനുള്ള അനുവാദം നല്കിയത്. ശത്രുക്കളെ പ്രതിരോധിക്കുമ്പോൾ സ്ത്രീകളേയും കുട്ടികളേയും വധിക്കരുതെന്നും വൃദ്ധരെ കൊല്ലരുതെന്നും മതപുരോഹിതന്മാരെ കൊലചെയ്യരുതെന്നും മരങ്ങൾ മുറിക്കരുതെന്നും സമാധാനം സ്ഥാപിക്കണമെന്നും പകരംവീട്ടരുതെന്നും നബി(സ) തിരുമേനി മുസ്ലിംകൾക്ക് നിർദ്ദേശവും ഉപദേശവും നല്കി.'

പറഞ്ഞു: 'ഇപ്പോൾ ഒരു രാജ്യവും അത് ചെറിയ രാജ്യമാകട്ടെ, വലുതാകട്ടെ ഇസ്ലാമിനെതിരിൽ ആക്രമണം നടത്തുന്നവരായിട്ടില്ല. ഇപ്പോൾ നടക്കുന്ന യുദ്ധം രാഷ്ട്രീയപരമായ യുദ്ധമാണ്. അതുകൊണ്ട് ഇപ്പോൾ നടക്കുന്ന യുദ്ധമൊന്നും ജിഹാദല്ല.'

☆ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'ഞാൻ രണ്ട് പ്രവൃത്തികൾക്കുവേണ്ടിയാണ് വന്നിട്ടുള്ളത്. ഒന്ന് ജനങ്ങൾ തങ്ങളുടെ സ്രഷ്ടാവിനെ തിരിച്ചറിയുകയും ദൈവത്തോടുള്ള കടമകൾ നിറവേറ്റുകയും വേണം. രണ്ടാമത്തേത് ജനങ്ങൾ പരസ്പരമുള്ള കടമകൾ നിറവേറ്റുകയും ലോകത്ത് സമാധാനമുണ്ടാക്കുകയും വേണം.'

☆ ഹുദൂർ പറഞ്ഞു: 'ഇക്കാലത്ത് ഇസ്ലാമിനുമേൽ ആക്രമണം നടന്നുകൊണ്ടിരിക്കുന്നത് സാഹിത്യങ്ങൾ മുഖേനയും മാധ്യമങ്ങളിലൂടെയുമാണ്. മറുപടി കൊടുക്കേണ്ടതും ഇതേ ആയുധങ്ങളുപയോഗിച്ചായിരിക്കണം. അഹ്മദിയ്യാ ജമാഅത്ത് വിശുദ്ധഖുർആനിന്റെ തർജമകളും സാഹിത്യങ്ങളും ധാരാളമായി പ്രചരിപ്പിക്കുകയും മാധ്യമങ്ങളുപയോഗിച്ചുകൊണ്ട് ഇസ്ലാമിനുമേൽ ചെയ്യപ്പെടുന്ന ആക്രമണങ്ങൾക്ക് മറുപടി നല്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.'

☆ കോൺഗ്രസ് മാൻ Mr.Joseph Pierre Richard Duplan സാഹിബ് അദ്ദേഹം അവിടെത്തെ Assistant Majority Floor Leader എന്ന നിലയിലും കോൺഗ്രസ്സിൽ ഉന്നതസ്ഥാനീയനാണ്. അദ്ദേഹം ജൽസയെക്കുറിച്ച് പറഞ്ഞു: 'ഇത് എന്നെ സംബന്ധിച്ചിടത്തോളം കണ്ണുകൾ തുറപ്പിക്കുന്ന ഒരു അനുഭവമായിരുന്നു. ഇതുമുഖേന എനിക്ക് ഒരുപാട് പഠിക്കുന്നതിനുള്ള അവസരം കിട്ടി. അഹ്മദിയ്യാ ജമാഅത്തിന്റെ അംഗങ്ങൾ പരസ്പരം കാണിക്കുന്ന സ്നേഹത്തിന്റേയും സൽസ്വഭാവത്തോടെയുള്ള പെരുമാറ്റത്തിന്റേയും പരസ്പരം കഴിവിന്റെ പരമാവധി സഹായിക്കാൻ ശ്രമിക്കുന്നതിന്റേയും കാര്യം എനിക്ക് അങ്ങേയറ്റം സന്തോഷം പ്രദാനം ചെയ്തു. ഈ അനുഭവം ഇസ്ലാമിനെക്കുറിച്ചുള്ള എന്റെ അറിവുകൾ കൂടുതൽ വർധിപ്പിച്ചു. എനിക്ക് ഇസ്ലാമിന്റെ മനോഹരമായ അധ്യാപനം പരിചയപ്പെടുത്തിത്തന്നു. അതിനെക്കുറിച്ച് എനിക്ക് ആദ്യം അറിയുമായിരുന്നില്ല. എനിക്ക് ഈ ജൽസയിൽ വന്നപ്പോഴാണ് ഇസ്ലാമിനെ സംബന്ധിച്ച് മാധ്യമങ്ങളിൽ പറഞ്ഞുവരുന്ന കാര്യങ്ങളുമായി അതിന് ഒരു ബന്ധവുമില്ലെന്ന് മനസ്സിലായത്.'

ഹുദൂറുമായുള്ള കൂടിക്കാഴ്ചയ്ക്കുശേഷം അദ്ദേഹം പറഞ്ഞു: 'അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം അങ്ങേയറ്റം ആകർഷണീയമായ വ്യക്തിത്വത്തിന്റെ ഉടമയാണ്. യഥാർഥ അർഥത്തിലുള്ള ലീഡറാണ്. അദ്ദേഹം ഒരു True Statesman and Charismatic Leader ആണ്. ഒരു വലിയ സംഘടനയ്ക്ക് വഴികാട്ടാനുള്ള ശക്തി ഉൾക്കൊള്ളുന്നു. അദ്ദേഹം തന്റെ ജമാഅത്തിനെ അങ്ങേയറ്റം സ്നേഹിക്കുന്നു. അവരെ എല്ലാവിധത്തിലും ശ്രദ്ധിക്കുന്നു. അദ്ദേഹത്തിന് ലോകത്തിലെ എല്ലാ കാര്യങ്ങളെ കുറിച്ചും വിശാലമായ അറിവുണ്ട്. മീറ്റിംഗിനിടയിലുണ്ടാകുന്ന എല്ലാ ചോദ്യങ്ങൾക്കും അദ്ദേഹം വ്യക്തമായ മറുപടി നല്കുന്നു എന്നതാണ് അതിനുള്ള തെളിവ്. ജിഹാദിനെ സംബന്ധിച്ച് റിപ്പോർട്ടറിൽനിന്നുണ്ടായ ചോദ്യങ്ങൾക്കുള്ള മറുപടിയിൽ ഒരു വശവും അദ്ദേഹം വിട്ടുകളഞ്ഞില്ല. അദ്ദേഹത്തിന്റെ മറുപടിയിൽ അനാവശ്യമായ കാര്യങ്ങളുമുണ്ടായിരുന്നില്ല. ഞാൻ ഇന്റർനാഷണൽ റിലേഷനെ കുറിച്ച് ചോദിച്ചിരുന്നു. ഫിലിപ്പീൻസിൽ തീവ്രവാദികളേയും ഭീകരവാദികളേയും തടയുന്നതിനുവേണ്ടി ഇന്റർനാഷണൽ കമ്യൂണിറ്റിയുടെ റോൾ എന്താണെന്നും അല്ലെങ്കിൽ എന്തായിരിക്കണമെന്നും ചോദിച്ചു. അതിന്റെ മറുപടിയും അങ്ങേയറ്റംമേരളൗഹഹ ആയിരുന്നു. അദ്ദേഹം തന്റെ മറുപടിയിൽ ഏതെങ്കിലും രാജ്യത്തേയോ മുസ്ലിം നേതാവിനേയോ കുറ്റപ്പെടുത്തിയില്ല. എന്നാൽ, അതിനോടൊപ്പം ഇന്ത്യൻ നാഷണൽ കമ്യൂണിറ്റിക്ക് നല്കേണ്ടുന്നതായ സഹായം നല്കപ്പെടുന്നില്ലെന്ന് അവിടന്ന് വ്യക്തമായ നിലയിൽ പറഞ്ഞു.'

☆ മനീല ബുള്ളറ്റിൻ പത്രത്തിന്റെ സീനിയർ റിപ്പോർട്ടർ അലീന അബീൻ സാഹിബ പറഞ്ഞു: 'ജൽസയിൽ പങ്കെടുത്ത് ഒരുപാട് പഠിക്കാനുള്ള അവസരം എനിക്കുകിട്ടി. പ്രത്യേകിച്ചും ജൽസയിലെ ആതിഥ്യത്തിലും അച്ചടക്കത്തിലും ഞാൻ ആകൃഷ്ടയായി. ജമാഅത്തംഗങ്ങളുടെ ആത്മാർത്ഥത, സ്നേഹം, ആതിഥ്യം, അച്ചടക്കം എന്നിവ എന്നെ വല്ലാതെ ആകർഷിച്ചു. അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം ആകർഷണീയമായ വ്യക്തിത്വത്തിന്റെ ഉടമയാണ്. അദ്ദേഹം സംസാരിക്കുമ്പോൾ കേട്ടുകൊണ്ടിരിക്കാൻ മനസ്സ് ആഗ്രഹിക്കുന്നു. അദ്ദേഹത്തിന്റെ വ്യക്തിത്വം എങ്ങനെയുള്ളതാണെന്നാൽ അദ്ദേഹത്തെ ആദരിക്കാനും അദ്ദേഹത്തോടു മര്യാദ കാണിക്കാനും നമ്മെ അത് നിർബന്ധിക്കുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം എല്ലാ ചോദ്യങ്ങൾക്കും വിശദമായ നിലയിൽ മറുപടി നല്കി. അവിടെത്തെയും ഇവിടെത്തെയും കാര്യങ്ങൾ പറയുന്നതിന് പകരം തികച്ചും നേരെയുള്ളതും വസ്തുനിഷ്ഠവുമായ അദ്ദേഹത്തിന്റെ സംസാരം എനിക്ക് വളരെ നല്ലതായി അനുഭവപ്പെട്ടു. അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ വ്യക്തിത്വത്തിൽ അങ്ങേയറ്റം വിനയമുണ്ടായിരുന്നു. എങ്ങനെയുള്ള വിനയം! മറ്റുള്ളവരെ ആദരിപ്പിക്കുന്നതിന് നിർബന്ധിപ്പിക്കുന്ന വിനയമായിരുന്നു അത്. കൂടിക്കാഴ്ചയ്ക്കുമുമ്പേ സമയം കുറവായ കാരണത്താൽ എത്രയും പെട്ടെന്ന് കൂടിക്കാഴ്ച നടന്നാൽ പിന്നീട് ലണ്ടൻ ചുറ്റിക്കറങ്ങാമെന്നാണ് ഞങ്ങൾ ആഗ്രഹിച്ചത്. എന്നാൽ, മീറ്റിംഗിനിടയിൽ കൂടിക്കാഴ്ച എത്ര നീണ്ടതായാലും അത്രയും നല്ലതാണെന്ന് മനസ്സ് മന്ത്രിച്ചു.'

ഫിലിപ്പീൻസ് സംഘത്തിന്റെ ഹുദൂറുമായുള്ള കൂടിക്കാഴ്ച 12. 45 വരെ തുടർന്നു. അവസാനം

## ഇർശാദെ നബ്വി(സ):-

**"കുടുംബബന്ധം വിച്ഛേദിക്കുന്നവൻ സ്വർഗത്തിൽ പ്രവേശിക്കുകയില്ല."**
**(ബുഖാരി, മുസ്ലിം)**

**ത്വാലിബെ ദുആ:**
**പരേതയായ ടി.കെ. റാബിയ സാഹിബയുടെ കുടുംബം**
**അഹ്മദിയ്യാ ജമാഅത്ത് കരുളായി(കേരള)**

## ഇർശാദെ നബ്വി(സ):-

**നബി(സ) പറഞ്ഞു: "നിങ്ങളുടെയടുക്കൽ ഏതെങ്കിലും ജനതയുടെ ആദരണീയവ്യക്തി വന്നാൽ അദ്ദേഹത്തെ ആദരിക്കുക."**
**(സുനൻ ഇബ്നു മാജ)**

**ത്വാലിബെ ദുആ:**
**അംഗങ്ങൾ, അഹ്മദിയ്യാ ജമാഅത്ത് ഐരാപുരം (കേരള)**

**EDITOR**
**H.Shamsuddin**

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-3 Thursday 15 March 2018 Issue-11

**MANAGER**
**NAWAB AHMAD**
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr
**ANNUAL SUBSCRIPTION** Rs.300/-

**ANNUAL SUBSCRIPTION** : Rs. 300/- (Per Issue : Rs. 6/-) (**WEIGHT** - 20-50 gms/issue)

സംഘത്തിലുള്ളവർ ഹുദൂറുമൊത്ത് ഫോട്ടോയെടുത്തു. അത് കഴിഞ്ഞ് ഹുദൂർ മഹ്മൂദ് ഹാളിൽ വന്നു. അവിടെ ക്രൊയേഷ്യാ(Croatia)യിൽനിന്നും മാസിഡോണിയായിൽനിന്നുമുള്ള സംഘം കൂടിക്കാഴ്ച നടത്തി.

**ക്രൊയേഷ്യ (Croatia)ൻ മാസിഡോണിയൻ സംഘത്തിന്റെ കൂടിക്കാഴ്ച:**

ക്രോയേഷ്യായിൽനിന്ന് ഈ വർഷം 21 പേരടങ്ങുന്ന സംഘമാണ് വന്നിരുന്നത്. അവരിൽ രണ്ട് പാർലമെന്റംഗവും വക്കീൽമാരും പ്രൊഫസർമാരും ടീച്ചർമാരും അറബിക് ലാംഗ്വേജ് സെന്റേഴ്സ് ഗറബിന്റെ ഡയരക്ടറും യൂണിവേഴ്സിറ്റിയിലെ വിദ്യാർഥികളും സിവിൽ എഞ്ചിനീയർമാരും വ്യാപാരമേഖലയുമായി ബന്ധമുള്ളവരും ഉണ്ടായിരുന്നു. മാസിഡോണിയായിൽനിന്ന് രണ്ട് പത്രാധിപർ അടങ്ങുന്ന സംഘമാണ് ജൽസയിൽ പങ്കെടുത്തത്.

☆ സംഘത്തിലെ അംഗങ്ങൾ തങ്ങളെ പരിചയപ്പെടുത്തി. ജൽസാ സാലാനയിലെ എല്ലാ ഒരുക്കങ്ങളും മനോഹരമായിരുന്നുവെന്നും തങ്ങളെ ധാരാളം ശ്രദ്ധിച്ചുവെന്നും തങ്ങളുടെ ആവശ്യങ്ങൾ പൂർത്തീകരിച്ചുവെന്നും പരസ്യമായി അഭിപ്രായം പറഞ്ഞു. ഞങ്ങൾ ജൽസാ സാലാനയുടെ എല്ലാ ഒരിക്കങ്ങൾക്കും നന്ദി പറയുന്നു.

☆ യൂറോപ്പ് സംഘടിക്കുന്നതിനെ സംബന്ധിച്ച് ഒരു ചോദ്യത്തിനുള്ള മറുപടിയിൽ ഹുദൂർ പറഞ്ഞു: 'യൂറോപ്പ് സംഘടിച്ചു നിൽക്കുകയാണെങ്കിൽ അവർക്ക് നേട്ടമുണ്ടാകുന്നതാണെന്ന് ഞാൻ എന്റെ യൂറോപ്യൻ പാർലമെന്റ് പ്രസംഗത്തിൽ പറഞ്ഞിട്ടുള്ളതാണ്.'

☆ ഒരു ചോദ്യത്തിനുള്ള മറുപടിയിൽ ഹുദൂർ പറഞ്ഞു: 'മതത്തിൽ ഒരു നിർബന്ധവുമില്ല. മതത്തിന്റെ കാര്യം മനസ്സുമായിട്ടാണ്. നിങ്ങൾക്ക് ആരേയും നിർബന്ധിക്കാൻ സാധിക്കുകയില്ല.'

☆ ക്രോയേഷ്യായിൽനിന്നു വന്ന സംഘത്തിലെ ഒരു അതിഥി Mr.Mulabegovic Sead, അദ്ദേഹം വക്കീലാണ് ജൽസയുടെ നടപടികളിൽ വളരെയധികം ആകൃഷ്ടനായി. ഹുദൂറുമായുള്ള കൂടിക്കാഴ്ചയ്ക്ക് ഇടയിൽ അങ്ങേയറ്റം വികാരഭരിതനായി പറഞ്ഞു: 'എനിക്ക് ഇംഗ്ലീഷ് ശരിയായി സംസാരിക്കാൻ അറിയില്ല. ഉർദു അറിയില്ല. എന്നാൽ, തീർച്ചയായും ഞാൻ പറയുന്നു: കഴിഞ്ഞവർഷം ഞാൻ ഒരു മുസ്‌ലിമെന്നനിലയിലാണ് ജൽസയിൽ പങ്കെടുത്തിരുന്നത്. ഈ വർഷം ഞാൻ എന്റെ രാജ്യത്തേക്ക് മടങ്ങിപ്പോകുന്നത് അഹ്മദീ മുസ്‌ലിമായിക്കൊണ്ടാണ്.'

☆ ക്രോയേഷ്യൻ പാർലമെന്റിന്റെ അസംബ്ലി Mr.Hajdukovic Domangoj ആഗോള ബയ്അത്ത് ഉദ്ധരിച്ചുകൊണ്ട് പറഞ്ഞു: 'ആഗോള ബയ്അത്തിന്റെ പരിപാടി എന്നെ വല്ലാതെ ആകർഷിച്ചു. ഞാൻ ക്രൈസ്തവമതത്തിന്റെ Faith Reconfirmation പരിപാടിയിൽ പല പ്രാവശ്യവും പങ്കെടുത്തിട്ടുണ്ട്. പക്ഷേ, ഇവിടെ കണ്ട വികാരങ്ങളും ആത്മാർഥതയും മതത്തിനോടുള്ള കൂറും ദൃഢനിശ്ചയവും അഹ്മദിയ്യാജമാഅത്തിന്റെ ആഗോള ബയ്അത്തിൽ കണ്ടത് അത്ഭുതകരവും വിസ്മയം ജനിപ്പിക്കുന്നതുമായ അനുഭവമായിരുന്നു. അത് ഞാൻ ആയുസ്സ് മുഴുവൻ ഓർമവയ്ക്കുന്നതാണ്.'

☆ ക്രോയേഷ്യായിൽനിന്ന് Milicic Dolores സാഹിബ ഒരു വക്കീലാണ്. അവർക്ക് മനുഷ്യാവകാശങ്ങളുടെ സ്വന്തം ഒരു എൻ.ജി.ഓയുമുണ്ട്. അവർ തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: 'ജൽസയിലെ പ്രഭാഷണങ്ങളും അതിനുശേഷം അഹ്മദിയ്യാ ജമാഅത്ത് മനുഷ്യാവകാശങ്ങൾക്കുവേണ്ടി ചെയ്യുന്ന പ്രവർത്തനങ്ങളുമറിഞ്ഞ് എന്റെ അറിവിൽ ഒരുപാട് വർധനയുണ്ടായി. ഇനി എനിക്ക് ഈ പ്രവൃത്തി കൂടുതൽ നല്ലനിലയിൽ മുന്നോട്ടുകൊണ്ടുപോകാൻ കഴിയുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.'

☆ക്രോയേഷ്യൻ സംഘത്തിൽ Katrina Celjak സാഹിബയുമുണ്ടായിരുന്നു. അവർ ആദ്യം ചർച്ചിൽ കന്യാസ്ത്രീയായിരുന്നു. ഇപ്പോൾ സത്യാന്വേഷണത്തിലാണ്. അവർ പറയുന്നു: 'ജൽസയുടെ അന്തരീക്ഷവും ഇവിടെ സംഘടിപ്പിച്ചിട്ടുള്ള പ്രദർശനങ്ങളും ജമാഅത്തിനെക്കുറിച്ചുള്ള മറ്റ് അറിവുകളും എന്റെ ബുദ്ധിയെ ഒരുപാട് തിളക്കമുള്ളതാക്കി. എനിക്ക് തോന്നുന്നത് പെട്ടെന്ന് എന്റെ സത്യാന്വേഷണ യാത്ര അതിന്റെ ലക്ഷ്യത്തിലെത്തുമെന്നാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ പ്രഭാഷണങ്ങൾ എന്റെ മനസ്സിൽ അഗാധമായി സ്വാധീനം ചെലുത്തിയിരിക്കുന്നു. ഇപ്പോൾ ഞാൻ എല്ലാ കാര്യങ്ങളും വളരെ ആഴത്തിൽ പരിശോധിക്കാൻ തുടങ്ങിയിരിക്കുകയാണ്.'

☆ ക്രോയേഷ്യൻ സംഘത്തിൽ ഇന്റർനാഷണൽ ബിസിനസ് മാനേജ്മെന്റിന്റെ ഒരു വിദ്യാർഥി Marin Krstulovic സാഹിബും ഉണ്ടായിരുന്നു. ജൽസയുടെ ഒരുക്കങ്ങളിലും സ്നേഹത്തിലും ആത്മാർഥതയിലും അദ്ദേഹം വളരെ ആകർഷിതനായി. അദ്ദേഹം പറയുന്നു: 'ജൽസയ്ക്കിടയിൽ ചെറിയ കുട്ടികൾ സ്നേഹത്തോടും ആത്മാർഥതയോടുംകൂടി കുടിവെള്ളം വിതരണം ചെയ്തിരുന്നതും അല്ലെങ്കിൽ മോശമായ കാലാവസ്ഥയിൽ പാർക്കിംഗും ട്രാഫിക്കും കൺട്രോൾ ചെയ്തിരുന്നതും വൃത്തിയുടെ നിലവാരത്തെ നിലനിറുത്തുന്നതിനുവേണ്ടി നടത്തിയിരുന്ന പരിശ്രമങ്ങളുമെല്ലാം വളരെ ആഴത്തിൽ മനസ്സിൽ തറച്ചു.' പറയുന്നു: 'ആദ്യമാണ് അഹ്മദിയ്യാ ജൽസയിൽ പങ്കെടുക്കുന്നത്. പക്ഷേ അതിന്റെ ഓർമ ആയുസ് മുഴുവൻ നിലനില്ക്കുന്നതാണ്.'

☆ ക്രോയേഷ്യൻ സംഘത്തിൽ എക്ണോമിക് വിദ്യാർഥിനിയും ഉണ്ടായിരുന്നു. അവർ പറയുന്നു: 'ഞാൻ ആദ്യമായാണ് ഈ ജൽസയിൽ പങ്കെടുക്കുന്നത്. എപ്രകാരം അഹ്മദിയ്യാ ജമാഅത്ത് ഇസ്‌ലാമിന്റെ യഥാർഥമായ അധ്യാപനങ്ങൾ പ്രചരിപ്പിക്കുകയും സഹിഷ്ണുതയുടേയും സ്നേഹത്തിന്റേയും പാഠങ്ങൾ നല്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നുവോ മറ്റു മുസ്‌ലിംകൾ ഈ ഭാഗത്തേക്ക് തുറന്ന ഹൃദയത്തോടെ ശ്രദ്ധിക്കേണ്ട ആവശ്യമുണ്ട്. അഹ്മദിയ്യത്തിന്റെ സന്ദേശം സത്യമാണ്. ഇത് ആകർഷണീയമായ സന്ദേശമാണ്. ഞാൻ പ്രതീക്ഷിക്കുന്നത് എത്രയും വേഗം മറ്റു മുസ്‌ലിംകൾ തങ്ങളുടെ തെറ്റ് അംഗീകരിച്ചുകൊണ്ട് അഹ്മദിയ്യത്തിൽനിന്നുള്ള യഥാർഥ സന്ദേശം സ്വീകരിക്കുമെന്നാണ്.'

☆ മാസിഡോണിയായിലെ ഒരു പത്രപ്രതിനിധി ടോണി ഐവോസ്കി സാഹിബ് രണ്ടാമത്തെ പ്രാവശ്യമാണ് ജൽസയിൽ പങ്കെടുക്കുന്നത്. അദ്ദേഹം പറഞ്ഞു: 'മഴ കാരണത്താൽ ഒരുപാട് പ്രശ്നങ്ങൾ ഉണ്ടാകുമെന്ന് ഞാൻ വിചാരിച്ചിരുന്നു. കാരണം കഴിഞ്ഞവർഷം നല്ല കാലാവസ്ഥയായിരുന്നു. പക്ഷേ, ജൽസയുടെ സംഘാടകർ വളരെ നല്ലരീതിയിൽ ആ പ്രശ്നം പരിഹരിച്ചു. ഹോട്ടലിലെ താമസസൗകര്യവും ട്രാൻസ്പോർട്ടിന്റെ ഏർപ്പാടുകളും വളരെ നന്നായിരുന്നു. ഒരു പത്രപ്രതിനിധി എന്ന നിലയിൽ എനിക്ക് എല്ലായിടത്തും പോകാനും റെക്കോർഡിംഗ് ചെയ്യാനും അനുവാദമുണ്ടായിരുന്നു. ജൽസയിലെ ഇന്റർനാഷണൽ മീഡിയാ ടീം ഞങ്ങളെ ഒരുപാട് സഹായിച്ചു. ഞങ്ങൾക്ക് റെക്കോർഡ് ചെയ്യാൻ പറ്റാത്ത പലതും ഞങ്ങൾക്ക് നല്കി. അഹ്മദി മുസ്‌ലിംകൾ ഭീകരവാദത്തെക്കുറിച്ച് വളരെ ആശങ്കയുള്ളവരാണെന്ന് ജൽസയിൽ പങ്കെടുത്തതുകൊണ്ട് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. അത്തരം ആക്രമണങ്ങളെ ഒരിക്കലും അവർ അംഗീകരിക്കുന്നില്ല.'

☆ക്രോയേഷ്യൻ മാസിഡോണിയൻ സംഘത്തിന്റെ ഹുദൂറുമായുള്ള കൂടിക്കാഴ്ച 1.10വരെ തുടർന്നു. അവസാനം സംഘത്തിലുള്ള എല്ലാ അംഗങ്ങളും അവരവരുടെ ഊഴമനുസരിച്ച് ഹുദൂറുമൊത്ത് ഫോട്ടോയെടുത്തു. തുടർന്ന് ഹുദൂർ തന്റെ ഓഫീസിൽപോയി. അവിടെ പരിപാടിയനുസരിച്ച് സൈപ്രസ് (Cyprus)ൽനിന്ന് വന്ന സംഘം ഹുദൂറുമായി കൂടിക്കാഴ്ച നടത്തി.

---

# വിശുദ്ധ ഖുർആൻ നിത്യവും മുടങ്ങാതെ പാരായണം ചെയ്യുക:

സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് പറയുന്നു: "അല്ലാഹുവിന്റെ അനുഗ്രഹത്താൽ അഹ്മദീ മുസ്‌ലീംകളായ നമ്മൾ ഏറ്റവുമധികം ഭാഗ്യവാന്മാരാണ്. കാരണം നമുക്ക് കാലത്തിന്റെ ഇമാമിനെ വിശ്വസിക്കാനുള്ള ഭാഗ്യം സിദ്ധിച്ചിരിക്കുന്നു..... അല്ലാഹു തന്റെ അനുഗ്രഹീതവും പരിപൂർണവുമായ ശരീഅത്തു മുഖേന നമുക്ക് മാർഗദർശനം നല്കുന്നുവെന്നത് നമ്മുടെ മഹാഭാഗ്യമാണ്. അത് അവൻ നബി(സ)തിരുമേനിയുടെമേൽ വിശുദ്ധ ഖുർആനിന്റെ രൂപത്തിൽ ഇറക്കിയതാണ്.... അതുകൊണ്ട് വിശുദ്ധ ഖുർആൻ പാരായണം ചെയ്യുക എന്നത് നമുക്കെല്ലാവർക്കും നിർബന്ധമാണ്. എന്തുകൊണ്ടെന്നാൽ വിശുദ്ധ ഖുർആൻ നമ്മുടെ വിജയത്തിലേക്കും മോക്ഷത്തിലേക്കും മാർഗദർശനം നല്കുന്നു. യഥാർഥമായ നിലയിൽ ദുൻയാവിനെക്കാൾ ദീനിനെ മുന്തിക്കണമെന്ന് നമ്മെ പഠിപ്പിക്കുന്ന ആത്മീയ വെളിച്ചമാണിത്. ഇതുതന്നെയാണ് നമ്മുടെ അധ്യാപകനും ജീവാമൃതും....അതുകൊണ്ട് നമ്മളിൽ ഓരോരുത്തരും വിശുദ്ധ ഖുർആൻ നിത്യവും പാരായണം ചെയ്യുമെന്ന കാര്യം നിശ്ചയിച്ചുറപ്പിക്കേണ്ടതാണ്. അതിലെ അഗാധമായ അറിവുകൾ കരസ്ഥമാക്കാൻ ശ്രമിക്കുക. അതിന്റെ എല്ലാ അധ്യാപനങ്ങളുമനുസരിച്ച് കർമങ്ങൾ ചെയ്യാൻ ശ്രമിക്കുക. അല്ലാഹുവിന്റെ ഗ്രന്ഥം പഠിക്കുകയും മനസിലാക്കുകയും ചെയ്യുന്നതിലൂടെ മാത്രമേ ഇന്ന് നമ്മുടെ മനസ്സും ബുദ്ധിയും പവിത്രമാകുകയുള്ളു, നമ്മളിൽ പരിശുദ്ധ മാറ്റം ഉണ്ടാകുകയുള്ളു."

**(നാഷണൽ ഇജ്തിമാ മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ യു.കെ. 2016 സെപ്റ്റംബർ 26)**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin